Rs. 8.00

# ഓശാന

# HOSANNA

October - December 2015  Vol. 41  Issue 1

## ഒക്ടോബർ - ഡിസംബർ   2015

(3)  സഭാ നശീകരണമോ?
സഭാ നവീകരണമോ? -  ജോസഫ് പുലിക്കുന്നേൽ
(12) ശിരോവസ്ത്ര വിവാദം
ഗൂഢാലോചനയോ? -  സാജൻ മാത്യു
(16) ജന്മപാപം  -  മാത്തുക്കുട്ടി തകടിയേൽ
(20) പള്ളിമുറ്റത്തെ കൊച്ചുവർത്തമാനം
-  ജയിംസ് ഐസക്
(27) മുടക്ക് കൽപനയ്ക്കെതിരെ കോടതിവിധി
(30) ആർച്ച് ബിഷപ്പ് ജോർജ് ആലഞ്ചേരിക്ക്
അഡ്വ പോളച്ചൻ പുതുപ്പാറ സമർപ്പിച്ച പരാതി
(33) പ്രെയ്സ് ദ ലോഡ്  -  ഫാ. ജോസ് വെട്ടിക്കാട്ട്
(37) ആർച്ച് ബിഷപ്പ് മാർ ആൻഡ്രൂസ് താഴത്ത് മുമ്പാകെ
ആന്റണി ചിറ്റാട്ടുകര സമർപ്പിക്കുന്ന അപേക്ഷ
(41) സഭയുടെ വളർച്ചയ്ക്കുവേണ്ടി ഒരു സർക്കുലർ
-  ഫാ. ഡേവീസ് കാച്ചപ്പിള്ളി
2) www.josephpulikunnel.com സജീവമായി

ഭാരതീയ ക്രൈസ്തവ പഠനകേന്ദ്ര പ്രസിദ്ധീകരണം

# HOSANA
**(Quarterly)**

Vol. 41 Issue 1 Price Rs. 8

Founded in October - 1975
A Publication of the Indian Institute of Christian Studies.


Founder & Editor
**Joseph Pulikunnel**

Printed & published by:
**Joseph Pulikunnel**

Phone(O) : **04822 - 236269, 237137**
Mob : **9447196214**
E-mail :
hosannamountinfo@gmail.com
website:www. hosannamount.com


അംഗത്വഫീസ് (വരിസംഖ്യ)

| കാലയളവ് / | ഇന്ത്യയിൽ / | വിദേശത്ത് |
|---|---|---|
| 1 വർഷം | 90 രൂപ | 750 രൂപ |
| ഒറ്റപ്രതി | 8 ,, | 80 |

All Correspondence, Articles, M.O. and Bank drafts:
**To**

**Joseph Pulikunnel**
**Hosanna Mount,**
**Edamattom P.O.**
**Kottayam Dist.,**
**Kerala - 686 578**

Published and printed by Joseph Pulikunnel on behalf of Indian Institute of Christian Studies and

Printed at
CRLS Press, Hosanna Mount , Edamattom P.O. Kottayam Dist, Kerala - 686578
Editor : Joseph Pulikunnel


## സുവിശേഷം

“തന്റെ പന്ത്രണ്ടു ശിഷ്യന്മാർക്കു നിർദേശങ്ങൾ നല്കിയശേഷം യേശു അവരുടെ നഗരങ്ങളിൽ പ്രസംഗിക്കാനും പഠിപ്പിക്കാനുമായി പുറപ്പെട്ടു,. കാരാഗൃഹത്തിലായിരിക്കെ, യോഹന്നാൻ ക്രിസ്തുവിന്റെ പ്രവർത്തനങ്ങളെപ്പറ്റി കേട്ട് അവന്റെ അടുക്കലേക്കു തന്റെ ശിഷ്യന്മാരെ അയച്ചു ചോദിച്ചു: ‘വരാനിരിക്കുന്നവൻ നീതന്നെയോ? അതോ, ഞങ്ങൾ മറ്റൊരാൾക്കുവേണ്ടി കാത്തിരിക്കണമോ?’ യേശു അവരോടു പറഞ്ഞു: ‘ നിങ്ങൾ കേൾക്കുന്നതും കാണുന്നതും യോഹന്നാന്റെ അടുക്കൽ ചെന്ന് അറിയിക്കുക; അന്ധർ കാഴ്ച നേടുന്നു; മുടന്തർ നടക്കുന്നു; കുഷ്ഠരോഗികൾക്കു ശുദ്ധി വരുന്നു; ബധിരർ കേൾക്കുന്നു; മരിച്ചവർ ഉയിർപ്പിക്കപ്പെടുന്നു; ദരിദ്രരോടു സുവിശേഷം പ്രസംഗിക്കപ്പെടുന്നു. ഞാൻ നിമിത്തം ഇടർച്ചയുണ്ടാകാത്തവൻ സൗഭാഗ്യവാൻ.”

(മത്താ. 11 : 1–6)


**October - December 2015**

# സഭാ നശീകരണമോ?
# സഭാ നവീകരണമോ?

**ജോസഫ് പുലിക്കുന്നേൽ**

ജനിച്ചു വളർന്ന സഭയെ നാം സ്നേഹിക്കുന്നു. അതു നശിച്ചുകാണാൻ ആരും ആഗ്രഹിക്കുന്നില്ല. നമ്മൾ സ്നേഹിക്കുന്ന എന്തിനെങ്കിലും രോഗം പിടിപെട്ടാൽ അതുൾക്കൊള്ളാൻ പലപ്പോഴും നമുക്കു കഴിയുകയുമില്ല. അഥവാ കഴിഞ്ഞാൽ തന്നെയും അത് മാരകമാണെന്ന് വിശ്വസിക്കാൻ നമ്മുടെ മനസ്സ് സമ്മതിക്കുകയുമില്ല. ശരീരം എന്നതുപോലെ നാം ഉൾപ്പെടുന്ന സമൂഹവും രോഗാതുരമാകാറുണ്ട്. അതിനെ ചികിത്സിച്ച് രോഗവിമുക്തമാക്കുന്നതുവരെ നമ്മുടെ മനസ്സ് സ്വസ്ഥമാകുകയുമില്ല. അങ്ങനെ വരുമ്പോൾ ഒന്നുകിൽ രോഗാതുരമായ അവയവങ്ങളെ മുറിച്ചു നീക്കേണ്ടിവരും. അതിന് നാം പലപ്പോഴും തയ്യാറാവുകയില്ല. കാരണം ആ അവയവങ്ങൾ  നമ്മുടെ ശരീരവുമായി താദാത്മ്യം പ്രാപിച്ചവയാണല്ലോ. അതേക്കുറിച്ചു സംസാരിക്കുന്നതുതന്നെ നമുക്ക് അലോസരമുണ്ടാക്കുന്നു. നമ്മുടെ പല ഉന്നത പൂർവ സംസ്കാരങ്ങളും രോഗാതുരമായി നശിച്ചിട്ടുണ്ട്. ഈ സംസ്കാരങ്ങളെ നിലനിർത്തിപ്പോന്നത് ചില ഉന്നത മൂല്യങ്ങളായിരുന്നു. ആ മൂല്യങ്ങൾക്ക് ക്ഷതമേൽക്കുമ്പോഴാണ് സംസ്കാരങ്ങൾ തളരുന്നതും നശിക്കുന്നതും. സംസ്കാരങ്ങളെ നിലനിർത്തിപ്പോരുന്ന മൂല്യങ്ങളെ നശിപ്പിക്കുന്ന ബാഹ്യശക്തികൾ സമൂഹത്തിൽ ചേക്കേറുമ്പോഴാണ് മൂല്യങ്ങൾ ക്ഷയോന്മുഖമാകുന്നത്.

ക്രൈസ്തവ സമൂഹം നിലനിന്നിരുന്നത് ഉന്നതമായ ചില മൂല്യങ്ങളുടെ രാസപ്രവർത്തനത്തിലായിരുന്നു. ഈ രാസപ്രവർത്തനങ്ങൾക്ക് തളർച്ച സംഭവിച്ചപ്പോൾ സമൂഹം രോഗാതുരമായി. അതിനോട് ചെറുത്തുനിൽക്കാൻ ആദ്യമൊക്കെ സമൂഹഗാത്രം പരിശ്രമിക്കും. നമ്മുടെ ശരീരം രോഗാതുരമാകുമ്പോൾ അത് നാം അറിയുന്നത് വേദനയിലൂടെയാണ്. അങ്ങനെ വേദന അറിയുന്ന ഒരു സമൂഹമാണ് ചികിത്സക്കുവേണ്ടി ദാഹിക്കുന്നത്. എന്നാൽ പലപ്പോഴും വേദനയില്ലാതെയാണ് പല രോഗങ്ങളും സമൂഹ ഗാത്രത്തിൽ പ്രവേശിക്കുന്നത്. തന്മൂലം രോഗം ഉണ്ടെന്ന് സമ്മതിക്കുവാൻപോലും സമൂഹം തയ്യാറാകുന്നില്ല.

ഒരു കാലത്ത് യൂറോപ്പ് ക്രിസ്ത്യൻ സംസ്കാരത്തിന്റെ രംഗവേദിയായിരുന്നു. ഇന്ന് ആരും അങ്ങനെയാണെന്ന് പറയുകയില്ല. കാരണം ക്രൈസ്തവസംസ്കാരം ഉയർത്തിപ്പിടിച്ചിരുന്ന മൂല്യങ്ങൾ യൂറോപ്പിന് നഷ്ടപ്പെട്ടു കഴിഞ്ഞു. ഇന്ന് കേവലം ആചാരപരവും അനുഷ്ഠാനപരവുമായ ഒരു സംഘടനയാണ് ക്രൈസ്തവമതം. ആശയപരമായ ഒരു സംഘടനയല്ല.

ക്രൈസ്തവ സംസ്കാരത്തിന്റെ വിഹാരരംഗമായിരുന്ന യൂറോപ്പ് എങ്ങനെയാണ് തൽസ്ഥാനത്തുനിന്നും സ്വയം ഭ്രഷ്ടീകരിക്കപ്പെട്ടത്. പുണ്യവാന്മാരുടെയും പുണ്യവതികളുടെയും വിളനിലമെന്ന് നാം തെറ്റിദ്ധരിച്ചിരുന്ന യൂറോപ്പ് ഇന്ന് ഒരുതരം കാടൻസംസ്കാരത്തിന്റെ വക്താക്കളായി മാറി. ഒന്നും രണ്ടും ലോകമഹായുദ്ധങ്ങൾ ഏല്പിച്ച ആഘാതത്തിൽനിന്നും മനുഷ്യത്വരാഹിത്യത്തിൽനിന്നും യൂറോപ്യൻ ജനതയെ വീണ്ടെടുക്കാൻ കഴിയാത്ത വിധം യൂറോപ്പ് തളർന്നു. ആയുധ ശക്തിയിൽ മുൻനിരയിലാണെങ്കിലും ആ ആയുധങ്ങൾക്കൊന്നും ആ പൂർവ സംസ്കാരത്തെ വീണ്ടെടുക്കാനായില്ല; ആവുകയുമില്ല. ഒരുകാലത്ത് ക്രൈസ്തവികതയുടെ ചിഹ്നങ്ങളായിരുന്ന ഭക്തിയും അനുഷ്ഠാനങ്ങളും ആചാരങ്ങളും ഇന്ന് യൂറോപ്പിന്റെ സാമൂഹിക ജീവിതത്തിൽനിന്ന് മൺമറഞ്ഞുകൊണ്ടിരിക്കുന്നു. പരിശുദ്ധ കന്യകാമറിയം രണ്ടോ നാലോ പ്രാവശ്യം തന്റെ ദർശനംകൊണ്ട് ധന്യമാക്കിയെന്നു പറയപ്പെടുന്ന യൂറോപ്പ് ഇന്ന് അടിമുടി സാംസ്കാരികമായും ആദ്ധ്യാത്മികമായും തകർന്നിരിക്കുകയാണ്. ഏഷ്യൻ രാഷ്ട്രങ്ങളിലെ പാവപ്പെട്ട പള്ളികളുടെ മുറ്റത്ത് പണിതുയർത്തിയ ലൂർദുമാതാവിന്റെയും ഫാത്തിമമാതാവിന്റെയും ഗ്രോട്ടോകൾ ക്രൈസ്തവികതയെ സംരക്ഷിക്കാൻ പോരുന്നവയായിരുന്നില്ല.

## ചരിത്രത്തിലേക്ക്

ക്രിസ്തു സെമറ്റിക് സംസ്കാരത്തിൽനിന്നും വിഭിന്നമായ ഒരു സംസ്കൃതിയുടെ വക്താവും നിർവാഹകനുമായിരുന്നു. പഴയനിയമത്തിന്റെ തുടർച്ചയാണ് പുതിയ നിയമമെന്നുള്ള കാഴ്ചപ്പാട് പൗലോസിന്റെ തത്വശാസ്ത്രവിശകലനങ്ങളിൽ നാം കാണുന്നു. യഹൂദ മതാചാരങ്ങളുടെ പഠിതാവും പ്രായോജകനുമായിരുന്ന പൗലോസാണ് ക്രിസ്തുവിന്റെ ഉപദേശങ്ങളെ യഹൂദമതത്തിന്റെ ആചാരാനുഷ്ഠാനങ്ങളുമായി ബന്ധിപ്പിച്ചത്. ആദിപാപമാണ് മനുഷ്യനെ അധഃപതിപ്പിച്ചതെന്നും അങ്ങനെ മനുഷ്യൻ പാപശക്തിയുടെ കീഴിലായിയെന്നും പൗലോസ് വാദിച്ചു. യഹൂദന്റെ സമൂഹജീവിതം അവന്റെ പാപപരിത്രാണത്തിനുവേണ്ടിയുള്ള കർമ്മാനുഷ്ഠാന നിഷ്ഠമായിരുന്നു. ബലികളിലൂടെയാണ് യഹൂദൻ ദൈവവുമായി രമ്യപ്പെട്ടിരുന്നത്, വിവിധതരം ബലികൾ അവന്റെ പരിത്രാണാർത്ഥം (Justification) മോശെ വിധിച്ചിരുന്നു.

പഴയനിയമത്തിലെ ലേവ്യർ ഗ്രന്ഥത്തിൽ വിവിധതരം വഴിപാടുകളെക്കുറിച്ച് വിവരിക്കുന്നുണ്ട്. ഈ വഴിപാടുകളുടെ നിർവാഹകരായിട്ടാണ് പുരോഹിതരെ നിയമിച്ചത്. മോശെയുടെ കാലത്തിനു മുമ്പുതന്നെ വഴിപാടുകളും ബലികളും എല്ലാ സമൂഹത്തിലും നിലനിന്നിരുന്നു. ഇസ്രായേൽ സമൂഹത്തിൽ മാത്രമല്ല മറിച്ച് റോമിലും മെസപ്പെട്ടോമിയായിലും മറ്റ് ഇതര ജനതകളുടെയിടയിലും ബലികൾ ദൈവത്തിനർപ്പിക്കുന്ന സമ്പ്രദായം നിലവിലുണ്ടായിരുന്നു. പുരോഹിതനായ യിത്രോയുടെ മകൾ സിപ്പോറയുടെ ഭർത്താവായിരുന്നല്ലോ മോശെ. മോശെയ്ക്കുമുമ്പ് യഹൂദ ജനതയ്ക്ക് ക്രമീകൃതമായ ബലി സമ്പ്രദായങ്ങൾ ഉണ്ടായിരുന്നില്ല.

പൂർവപിതാക്കന്മാരായ നോഹും അബ്രഹാമും യാക്കോബും എല്ലാം ബലി അർപ്പിച്ചതായി പഴയനിയമത്തിലുണ്ട്. എന്നാൽ ബലി അർപ്പിതരായ പുരോഹിതർ യഹൂദ സമൂഹത്തിൽ ഉണ്ടായിരുന്നില്ല. യാക്കോബും മക്കളും ഈജിപ്തിലേക്ക് കുടിയേറിയപ്പോഴും അവരെ നയിക്കാൻ പുരോഹിതർ ഉണ്ടായിരുന്നില്ല. മോശെ ഒരു പുരോഹിതനായിരുന്നില്ല. പക്ഷേ തന്റെ കുലമായ ലേവ്യർക്ക് പൗരോഹിത്യം എന്നന്നേക്കുമായി ദൈവം നൽകിയെന്ന് മോശെ അവകാശപ്പെട്ടു. ആ ലേവ്യർ പാരമ്പര്യം ക്രിസ്തുവിന്റെ കാലത്തും നിലനിന്നിരുന്നു എന്നു കാണാം. മോശെയുടെ കല്പനയനുസരിച്ച് നിർമ്മിച്ച ജറുസലേം ദേവാലയത്തിലെ ബലിപീഠവും അതിവിശുദ്ധസ്ഥലവുമെല്ലാം യഹൂദന്റെ ഹൃദയത്തെ സ്വാധീനിച്ചിരുന്നു.

ക്രിസ്തു കലഹിച്ചത് ലേവ്യ പൗരോഹിത്യത്തോടായിരുന്നു. ക്രിസ്തുവിന്റെ കാലത്ത് ജനതകളുടെയിടയിൽ പൗരോഹിത്യം ഉണ്ടായിരുന്നു എന്ന് തെളിവുകളുണ്ട്. റോമിലെ ദേവാലയങ്ങളും ഗ്രീക്ക് ദൈവങ്ങളും ജനമനസ്സിനെ സ്വാധീനിച്ചുകൊണ്ട് നിലനിന്നിരുന്നു. ക്രിസ്തു ജനിച്ചുവളർന്നത് ഒരു യഹൂദനായിട്ടാണ്. തന്മൂലം ബാല്യത്തിലെതന്നെ യഹൂദമതസമ്പ്രദായം യേശുവിനെ സ്വാധീനിച്ചിരുന്നു. 12-ാം വയസിൽ മഹാപുരോഹിതരുമായി തർക്കിക്കുന്നതിന് ജറുസലേം ദേവാലയത്തെ യേശു രംഗവേദിയാക്കി. യേശു ഇതര മതസ്ഥരുടെ - റോമ, ഗ്രീക്ക്, മെസപ്പെട്ടോമിയ - മതവ്യവസ്ഥയോട് കലഹിച്ചതായോ അവരുടെ ദൈവങ്ങളെ തള്ളിപ്പറഞ്ഞതായോ പുതിയനിയമത്തിൽ കാണുന്നില്ല. അതേയവസരത്തിൽ പഴയനിയമത്തിലെ മതവ്യവസ്ഥയെ യേശു വിമർശിച്ചു. റോമിലേയും ഗ്രീക്കിലേയും ദേവന്മാരേയും ദേവലയങ്ങളേയും യേശു തന്റെ വിമർശനത്തിനു വിധേയമാക്കിയില്ല. അങ്ങനെ യഹൂദനായ യേശു ലക്ഷ്യമിട്ടിരുന്നത് തന്റെ സമുദായത്തിൽ നിലനിന്നിരുന്ന അനാചാരങ്ങളെ എതിർക്കുന്നതിനായിരുന്നു.

ക്രിസ്തുവിനെതുടർന്ന് അപ്പോസ്തലന്മാരും ഈ വിമർശനം മുന്നോട്ടുകൊണ്ടുപോയി. അപ്പോസ്തലന്മാരെല്ലാം യഹൂദരായിരുന്നു. എന്തുകൊണ്ട് യേശുവിന്റെ സംഘത്തിൽ യഹൂദരല്ലാത്തവരെ ഉൾപ്പെടുത്തിയില്ല എന്ന ചോദ്യം ഇന്നും പ്രസക്തമാണ്. യേശുവിന്റെ ലക്ഷ്യം യഹൂദമതം മാത്രമായിരുന്നു. ജനതകളെ ക്രൈസ്തവരാക്കുക എന്ന ലക്ഷ്യം ക്രിസ്തുവിന്റെ മരണശേഷം മാത്രമാണ് അപ്പോസ്തലന്മാരിൽ കാണുന്നത്. യഹൂദമത സമ്പ്രദായത്തെ പൂർണമായും നിരാകരിക്കുകയാണ് ക്രിസ്തു ചെയ്തത്. ഛേദനാചാരം മുതൽ ബലിവരെ ക്രിസ്തുവിന്റെ എതിർപ്പിനും വിമർശനത്തിനും ഇരയായി. യഹൂദന്റെ അതിപ്രധാനമായ സമൂഹാചാരമായിരുന്നല്ലോ ഛേദനാചാരം. ക്രിസ്തു ഛേദനാചാരത്തിനു വിധേയനായ ഒരു യഹൂദനായിരുന്നു. ക്രിസ്തുമതം യഹൂദമതത്തിന്റെ ഒരു നവീകരണ പ്രസ്ഥാനമായാണ് ആദ്യമാദ്യം കാണപ്പെട്ടതെങ്കിലും പിന്നീട് യഹൂദമതസമ്പ്രദായത്തെ ആകമാനം തള്ളിക്കളയുകയുണ്ടായി.

ഛേദനാചാരത്തിനു പകരമായി മാമ്മോദീസ ക്രിസ്തുമതത്തിലേക്ക് പ്രവേശനത്തിനായുള്ള കവാടമായിതീർന്നു. ബലികൾ ക്രിസ്തുമതത്തിന്റെ ഈശ്വരാരാധനയുടെ ഒരു ഭാഗമായിരുന്നില്ല. പക്ഷേ അതിനുപകരമായി സ്നേഹവിരുന്ന് (കുർബാന) പ്രതിഷ്ഠിക്കപ്പെട്ടു.

യഹൂദരുടെ അത്താഴവിരുന്നിനെ ക്രൈസ്തവവൽക്കരിച്ചാണു സ്നേഹവിരുന്ന് രൂപപ്പെടുത്തിയത്. ആദിമക്രൈസ്തവരുടെ പരസ്പര സ്നേഹത്തിന്റെ പ്രത്യക്ഷ ലക്ഷണമായാണ് സ്നേഹവിരുന്നിനെ പൗലോസ് കാണുന്നത്. ആദിമക്രൈസ്തവരുടെയിടയിൽ ഉണ്ടായിരുന്ന സ്നേഹവിരുന്നിലെ അപാകതകളെക്കുറിച്ച് കോറിന്തോസുകാർക്ക് എഴുതിയ ലേഖനത്തിൽ പൗലോസ് പ്രത്യേകമായി എടുത്തുപറയുന്നുണ്ട്.

*"ഇനി പറയുന്ന കാര്യങ്ങളിൽ ഞാൻ നിങ്ങളെ പ്രശംസിക്കുന്നില്ല. നിങ്ങൾ യോഗം ചേരുന്നതുകൊണ്ടു ഗുണമല്ല, ദോഷമാണ് ഉണ്ടാകുന്നത്. ഒന്നാമത്, നിങ്ങൾ സഭായോഗം ചേരുമ്പോൾ ചേരിതിരിവുകൾ ഉണ്ടെന്നു ഞാൻ കേൾക്കുന്നു. ഞാൻ അതു കുറെയെല്ലാം വിശ്വസിക്കയും ചെയ്യുന്നു. നിങ്ങളുടെ ഇടയിൽ ഭിന്നത ഉണ്ടാകണം; നിങ്ങളിൽ ഉത്തമർ ആരാണെന്ന് അപ്പോൾ തിരിച്ചറിയാമല്ലോ. നിങ്ങൾ ഒന്നിച്ചുകൂടുമ്പോൾ, നിങ്ങൾ ഭക്ഷിക്കുന്നതു കർത്താവിന്റെ അത്താഴമല്ല. ഭക്ഷണം കഴിക്കുമ്പോൾ ഓരോരുത്തനും അവനവന്റെ ഭക്ഷണം കഴിക്കാൻ തിടുക്കം കൂട്ടുന്നു; അപ്പോൾ ഒരാൾ വിശന്നിരിക്കുന്നു. മറ്റൊരാൾ കുടിച്ച് ഉന്മത്തനായിരിക്കുന്നു. എന്ത് ! തിന്നാനും കുടിക്കാനും നിങ്ങൾക്കു വീടുകളില്ലേ? അതോ, നിങ്ങൾ ദൈവത്തിന്റെ സഭയെ നിന്ദിക്കയും ഒന്നുമില്ലാത്തവരെ അപമാനിക്കയുമാണോ? ഞാൻ നിങ്ങളോട് എന്താണു പറയേണ്ടത്? ഇതിൽ ഞാൻ നിങ്ങളെ പ്രശംസിക്കണമോ? ഇല്ല, ഞാൻ ഇതിൽ നിങ്ങളെ പ്രശംസിക്കുന്നില്ല. കർത്താവിൽനിന്നു ലഭിച്ചതു ഞാൻ നിങ്ങൾക്ക് ഏല്പിച്ചുതന്നു; അത് ഇതാണ്: കർത്താവായ യേശു, താൻ ഒറ്റിക്കൊടുക്കപ്പെട്ട രാത്രിയിൽ അപ്പമെടുത്തു കൃതജ്ഞതാസ്തോത്രം ചെയ്ത ശേഷം അതു വിഭജിച്ചുകൊണ്ട് അരുൾ ചെയ്തു: 'ഇതു നിങ്ങൾക്കായുള്ള എന്റെ ശരീരമാകുന്നു. എന്റെ ഓർമയ്ക്കായി ഇതു ചെയ്യുക. അപ്രകാരംതന്നെ, അത്താഴത്തിനുശേഷം പാനപാത്രം എടുത്ത് അരുൾചെയ്തു: 'ഈ പാനപാത്രം എന്റെ രക്തത്തിലുള്ള പുതിയ ഉടമ്പടിയാകുന്നു. നിങ്ങൾ ഇതു പാനം ചെയ്യുമ്പോഴെല്ലാം, ഇത് എന്റെ ഓർമയ്ക്കായി ചെയ്യുക.' ഈ അപ്പം ഭക്ഷിക്കയും ഈ പാനപാത്രം കുടിക്കയും ചെയ്യുമ്പോഴെല്ലാം നിങ്ങൾ കർത്താവിന്റെ മരണം, അവന്റെ ആഗമനംവരെ, ഉദ്ഘോഷിക്കുന്നു.*

*അതുകൊണ്ട്, ആരെങ്കിലും അയോഗ്യമായ വിധത്തിൽ കർത്താവിന്റെ അപ്പം ഭക്ഷിക്കയോ പാനപാത്രം കുടിക്കയോ ചെയ്താൽ അയാൾ കർത്താവിന്റെ ശരീരത്തിന്നും രക്തത്തിന്നും എതിരെയുള്ള അതിക്രമത്താൽ അപരാധിയാകും. ഈ അപ്പം ഭക്ഷിക്കയും പാനപാത്രം കുടിക്കയും ചെയ്യുന്നതിന്നു മുമ്പ് ഓരോ മനുഷ്യനും ആത്മപരിശോധന നട*

*ത്തണം. ഈ ശരീരത്തെ വിവേചിച്ചറിയാതെ ഭക്ഷിക്കയും കുടിക്കയും ചെയ്യുന്നവൻ തന്റെ മേലുള്ള ന്യായവിധിയാണു ഭക്ഷിക്കയും കുടിക്കയും ചെയ്യുന്നത്. അതുകൊണ്ടാണ് നിങ്ങളിൽ പലരും ബലഹീനരും രോഗികളുമാകുന്നതും ചിലർ മരിച്ചതും. നാം തന്നെ നമ്മെ ശരിയായി വിധിച്ചിരുന്നെങ്കിൽ നാം വിധിക്കപ്പെടുമായിരുന്നില്ല. കർത്താവു നമ്മെ വിധിക്കുമ്പോൾ, നമുക്കു ശിക്ഷണമാണു നല്കുന്നത്. ലോകത്തോടൊപ്പം നാം കുറ്റം വിധിക്കപ്പെടാതിരിക്കേണ്ടതിന്നാണ് ഇത്. അതുകൊണ്ട്, എന്റെ സഹോദരരേ, നിങ്ങൾ ഭക്ഷണത്തിന്നു കൂടുമ്പോൾ അന്യോന്യം കാത്തിരിക്കുക, വിശക്കുന്നവൻ വീട്ടിലിരുന്നു ഭക്ഷിക്കട്ടെ. അല്ലെങ്കിൽ നിങ്ങൾ ഒരുമിച്ചു കൂടുന്നതു ശിക്ഷാവിധിക്കായിരിക്കും. മറ്റു കാര്യങ്ങളെക്കുറിച്ച്, ഞാൻ വരുമ്പോൾ നിർദേശങ്ങൾ നല്കുന്നതാണ്."* ( 1 കോറി. 11: 17-34)

ഈ സ്നേഹവിരുന്നിനെ ക്രൈസ്തവമതത്തിന്റെ ആണിക്കല്ലായി പിന്നീട് പ്രതിഷ്ഠിക്കപ്പെട്ടു. ഇന്നും അതു തുടരുന്നു. യഹൂദന്റെ ഭക്തി പ്രകടനത്തിന്റെ ഒരു മൂർത്തമായ അവതരണമായിരുന്നു ബലി. എനിക്ക് ബലി അല്ല കരുണയാണ് വേണ്ടതെന്ന ക്രിസ്തുവിന്റെ ആഹ്വാനം യഹുദജനതയെ ഞെട്ടിപ്പിക്കുകയുണ്ടായി. ബലിക്കുപകരം അവിടുന്ന് യഹൂദന്റെ കർമവീഥിയിൽ പ്രതിഷ്ഠിച്ചതായിരുന്നു സ്നേഹവിരുന്ന്. യഹൂദാചാരമനുസരിച്ച് ബലിവസ്തുവിന്റെ അവകാശി പുരോഹിതനായിരുന്നു. ക്രൈസ്തവമതത്തിൽ ക്രിസ്തുവിന്റെ ബലിയായ കൂർബാന ഏവർക്കുമായി വിതരണം ചെയ്യുന്ന സമ്പ്രദായം ഇന്നും നിലനിൽക്കുന്നു.

ക്രിസ്ത്യാനികളുടെ ആചരണങ്ങളിൽ അതിപ്രധാനമായ കുർബാനയെ സംബന്ധിച്ച് ഉണ്ടായ ദൈവശാസ്ത്രപരമായ തർക്കം ഇന്നും നിലനിൽക്കുന്നു. എനിക്കു ബലിയല്ല കരുണയാണ് ആവശ്യമെന്ന ക്രിസ്തുവിന്റെ വിലാപം ഇന്ന് പരിഗണിക്കപ്പെടുന്നില്ല. പൗലോസ് പറഞ്ഞു: *"സഭയിൽ ഒന്നാമത് അപ്പോസ്തലന്മാരെയും രണ്ടാമതു പ്രവാചകരെയും മൂന്നാമതു പ്രബോധകരെയും പിന്നെ അത്ഭുതപ്രവർത്തകരെയും പിന്നെ രോഗശാന്തിശുശ്രൂഷകരെയും സഹായികളെയും മേല്വിചാരകരെയും വിവിധ ഭാഷാവരം ഉള്ളവരെയും ദൈവം നിയമിച്ചു. എല്ലാവരും അപ്പോസ്തലന്മാരാണോ? എല്ലാവരും പ്രവാചകരാണോ? എല്ലാവരും പ്രബോധകരാണോ? എല്ലാവരും അത്ഭുതം പ്രവർത്തിക്കുന്നുണ്ടോ? എല്ലാവർക്കും രോഗശാന്തിവരമുണ്ടോ? എല്ലാവർക്കും ഭാഷാവരമുണ്ടോ? എല്ലാവരും വ്യാഖ്യാനിക്കുന്നുണ്ടോ? എങ്കിലും, ഉൽക്കൃഷ്ട വരങ്ങൾക്കുവേണ്ടി ആഗ്രഹിക്കുക. പക്ഷേ, അവയെക്കാൾ കൂടുതൽ ഉത്തമമായ മാർഗം ഞാൻ നിങ്ങൾക്കു കാണിച്ചു തരാം."* (1 കോറി. 12: 28-31)

*"ഞാൻ മനുഷ്യരുടെയും മാലാഖാമാരുടെയും ഭാഷകളിൽ സംസാരിച്ചാലും സ്നേഹം എന്നിൽ ഇല്ലെങ്കിൽ, ഞാൻ മുഴങ്ങുന്ന ചേങ്ങലയോ ചിലമ്പുന്ന ഇലത്താളമോ ആയിരിക്കും. എനിക്കു പ്രവചനവരങ്ങൾ ഉണ്ടാ*

*യിരിക്കയും എല്ലാ രഹസ്യങ്ങളും എല്ലാ അറിവുകളും ഗ്രഹിക്കാൻ കഴിയുകയും ചെയ്താലും, മലകളെ മാറ്റാൻ തക്ക വിശ്വാസം ഉണ്ടായിരുന്നാലും, സ്നേഹം, എന്നിൽ ഇല്ലെങ്കിൽ ഞാൻ ഒന്നുമല്ല. എനിക്കുള്ളതെല്ലാം ദാനം ചെയ്താലും എന്റെ ശരീരം ദഹിപ്പിക്കാൻ നല്കിയാലും സ്നേഹം എന്നിൽ ഇല്ലെങ്കിൽ എനിക്ക് ഒരു നേട്ടവുമില്ല. സ്നേഹം ദീർഘക്ഷമയുള്ളതാണ്; കരുണയുള്ളതാണ്; സ്നേഹം അസൂയപ്പെടുന്നില്ല, ആത്മപ്രശംസ ചെയ്യുന്നില്ല; അത് അഹങ്കരിക്കുന്നില്ല; അത് പരുഷമല്ല; സ്നേഹം സ്വാർഥത ഇല്ലാത്തതാണ്, അതു ക്ഷോഭിക്കുന്നില്ല, വിദ്വേഷം വച്ചു പുലർത്തുന്നില്ല; അത് അധർമത്തിൽ ആനന്ദിക്കുന്നില്ല, സത്യത്തിലാണ് ആനന്ദിക്കുന്നത്. സ്നേഹം എല്ലാം ക്ഷമിക്കുന്നു, എല്ലാം വിശ്വസിക്കുന്നു, എല്ലാം പ്രത്യാശിക്കുന്നു, എല്ലാം സഹിക്കുന്നു. സ്നേഹത്തിന്ന് അറുതിയില്ല; പ്രവചനങ്ങളാണെങ്കിൽ അവ കാലഹരണപ്പെടും; ഭാഷാവരമോ നിലച്ചുപോകും; അറിവോ ക്ഷയിച്ചുപോകും. കാരണം നമ്മുടെ അറിവു പൂർണമല്ല, നമ്മുടെ പ്രവചനവും പൂർണമല്ല. പൂർണമായതു വരുമ്പോൾ അപൂർണമായത് ഇല്ലാതാകും. ശിശുവായിരുന്നപ്പോൾ ഞാൻ ഒരു ശിശുവിനെപ്പോലെ സംസാരിച്ചു; ഞാൻ ഒരു ശിശുവിനെപ്പോലെ ചിന്തിച്ചു; ഞാൻ ഒരു ശിശുവിനെപ്പോലെ ആലോചിച്ചു. പ്രായപൂർത്തിയായപ്പോൾ ഞാൻ ശിശുവിന്നു ചേർന്നവ ഉപേക്ഷിച്ചു. ഇപ്പോൾ നാം ഒരു കണ്ണാടിയിൽ അവ്യക്തമായി കാണുന്നു. എന്നാൽ അന്ന് മുഖാഭിമുഖം കാണും. ഇപ്പോൾ ഞാൻ ഭാഗികമായി അറിയുന്നു; ദൈവം എന്നെ പൂർണമായി അറിയുന്നതുപോലെ അന്ന് ഞാനും പൂർണമായി അറിയും. ശാശ്വതമായവ ഇവയാണ്: വിശ്വാസം, പ്രത്യാശ, സ്നേഹം ഇവ മൂന്നും; എന്നാൽ ഇവയിൽ പരമോൽകൃഷ്ടം സ്നേഹംതന്നെ.”* (1 കോറി 13 : 1–13)

അപ്പോൾ ക്രൈസ്തവ ജീവിതത്തിലെ അതിപ്രധാനമായ ഘടകം സ്നേഹമാകുന്നു.

കോൺസ്റ്റന്റൈൻ ചക്രവർത്തി ക്രൈസ്തവമതത്തെ റോമനീകരിക്കുന്നതിനുമുമ്പ് ക്രിസ്തു വിശ്വാസത്തിന്റെ ആണിക്കല്ല് സ്നേഹമായിരുന്നു; നീതിയായിരുന്നു. പക്ഷേ പിന്നീട് ക്രൈസ്തവമതത്തിനുള്ളിൽ പൗരോഹിത്യം പ്രബലമായിത്തീർന്നു. അനുസരണമാണ് ക്രൈസ്തവമൂല്യങ്ങളിൽ അതിപ്രധാനമെന്ന് പ്രസംഗിക്കാൻ തുടങ്ങി. പൗരോഹിത്യം ക്രൈസ്തവ സമൂഹത്തിൽ അധികാരപരമായ സ്ഥാനമേറ്റെടുത്തു. ചിട്ടയായ അനുസരണം ആവശ്യപ്പെടുന്ന ക്രൈസ്തവ പൗരോഹിത്യം യൂറോപ്പിലെ ക്രൈസ്തവികതയെ ഉന്മൂലനാശം വരുത്തി. സ്നേഹം ക്രൈസ്തവ ജീവിതത്തിൽ നിന്നും പാടേ പിഴുതെറിഞ്ഞു. കരുണ അപ്രത്യക്ഷമായി. ആചാരങ്ങളും അനുഷ്ഠാനങ്ങളും സഭയുടെ മുഖമുദ്രയായി. ഇതിനിടെ ജീർണമായ ക്രൈസ്തവികതയെ നോക്കിക്കാണാനോ തിരുത്താനോ അധികാരിവർഗം തയ്യാറായതുമില്ല. ഫ്രാൻസിസ് അസ്സീസിയെപ്പോലെയുള്ള പുണ്യാത്മാക്കളുടെ ചൈതന്യം ഇടയ്ക്കിടയ്ക്ക് സഭയെ ചൈതന്യ

പൂർണമാക്കിയെങ്കിലും സഭയുടെ അനുഷ്ഠാനനിഷ്ഠമായ ക്രൈസ്തവികതയ്ക്ക് അന്ത്യം കുറിക്കാൻ അതിനു കഴിഞ്ഞില്ല. ഇന്ന് നാം ക്രൈസ്തവ ലോകത്തിലേക്ക് കണ്ണെറിയുമ്പോൾ കാണുന്നത് അധികാരപരമായ ഒരു ഭരണവ്യവസ്ഥയാണ്. റോമിന്റെ പൂർവകാല പ്രതാപത്തിന്റെ ഒരു വിളറിയ കാഴ്ച.

ഇതൊക്കെയാണെങ്കിലും സഭ പരിശുദ്ധാത്മാവിനാൽ നയിക്കപ്പെടും. അതിന്റെ ലക്ഷണമാണ് ഫ്രാൻസിസ് മാർപാപ്പായുടെ തെരഞ്ഞെടുപ്പും ദൃഢനിശ്ചയത്തോടുകൂടിയുള്ള കാൽവയ്പും. വളരെയധികം എതിർപ്പുകളുടെ മധ്യത്തിലാണ് ഫ്രാൻസിസ് മാർപാപ്പാ തന്റെ നൂതനമായ സഭാവീക്ഷണം അവതരിപ്പിക്കുന്നത്. ഇന്നലെയുടെ മുരടിച്ച സമ്പ്രദായത്തിന്റെ ആരാധകരായ ഒരു പറ്റം കർദിനാളന്മാരും മെത്രാന്മാരുമാണ് സഭയെ നയിക്കുന്നതെന്ന് സ്വയം കരുതുന്നു. എതിർപ്പുകൾ ഓരോ സ്ഥലങ്ങളിലായി പൊന്തി വരുന്നു. ലോകത്തിന്റെ നാനാഭാഗത്തും ഇന്ന് അസ്വസ്ഥത അനുഭവപ്പെടുന്നു. മതമൗലികത ജനമനസ്സിനെ ഭയത്തിന്റെ അന്തരാളങ്ങളിലേക്ക് നയിക്കുന്നു.

## ക്രൈസ്തവ മൗലികത

ഇസ്ലാമിക രാഷ്ട്രത്തിന്റെ പേരിൽ ഇന്നു മനുഷ്യഹത്യകൾ നടക്കുന്നുണ്ട്. മനുഷ്യത്വരഹിതമായ ഈ പ്രവണത പലപ്പോഴും ക്രിസ്ത്യാനികൾ കണ്ട് തങ്ങളുടെ മതത്തെ രക്ഷിക്കാൻ ഇതേമാർഗമല്ലേ സ്വീകരിക്കേണ്ടത് എന്ന് ചിന്തിക്കാറുണ്ട്. സ്നേഹശൂന്യമായ രാജ്യത്തല്ലേ മതമൗലികത പ്രവർത്തിക്കാറ്. സെമറ്റിക് മതത്തിന്റെ മറവിൽ ജനിക്കുകയും വളരുകയും ചെയ്ത ഒരു മതവ്യവസ്ഥയാണ് ഇസ്ലാം. പഴയ നിയമശാസനങ്ങളും ശിക്ഷാവിധികളും ഒരതിർത്തിയോളമെങ്കിലും ആദിമകാലഘട്ടത്തിൽ ഇസ്ലാമിനെ സ്വാധീനിച്ചിരുന്നു. സെമറ്റിക് മതത്തിന്റെ മുഖമുദ്ര പല്ലിനു പല്ല് കണ്ണിനു കണ്ണ് എന്ന പഴയ നിയമചിന്തയായിരുന്നു. എന്നാൽ ക്രിസ്തു ഈ ചിന്തയെ പൂർണമായും നിരാകരിക്കുകയും അവിടെ സ്നേഹത്തെ പ്രതിഷ്ഠിക്കുകയും ചെയ്തു. അതുകൊണ്ട് ഇന്ന് ലോകത്തെമ്പാടും വളർന്നുവരുന്ന മതമൗലികതയും സംഹാരാത്മകതയുമായി ക്രിസ്തു മതത്തിന് ഒരു ബന്ധവും ഉണ്ടായിക്കൂടാ. സഹനത്തിലും ക്ഷമയിലും അധിഷ്ഠിതമായ സ്നേഹമാണ് ക്രിസ്തുമതത്തിന്റെ മുഖ മുദ്ര. ശാശ്വതമായതും സ്നേഹമത്രേ.

ഇന്നു നാം വലിയ പള്ളികൾ പണിയുന്നു. അതിൽ അഹങ്കരിക്കുന്നു. പുതിയ അനുഷ്ഠാനങ്ങൾ കണ്ടു പിടിക്കുന്നു. പുതിയ ആചാരങ്ങൾ വിശ്വാസത്തിന്റെ പേരിൽ സൃഷ്ടിക്കപ്പെടുന്നു. പക്ഷേ ഇവയൊന്നും ശാശ്വതമല്ല അല്ലെങ്കിൽ ഇവയൊന്നും ക്രൈസ്തവികതയെ നിലനിർത്താൻ ഉപകരിക്കുകയില്ല; എന്നു മാത്രമല്ല ക്രൈസ്തവികതയുടെ പേരിൽ ഇതെല്ലാം ഒരു വലിയ ഭാരമായി തീരും. ഭൗതികമായ ചട്ടവട്ട

ങ്ങളും നിയമങ്ങളുമല്ല ക്രൈസ്തവികതയെ നിലനിർത്തുക; മറിച്ച് സ്നേഹമാണ് സഭയുടെ അടിത്തറ.

നാം ജീവിക്കുന്ന ഇന്നത്തെ സമൂഹം നിയമവ്യവസ്ഥയിൽ അടിത്ത റയിട്ടതാണ്. ഇവിടെ ക്രൈസ്തവർക്കായി പ്രത്യേകമായ നിയമങ്ങൾ ആവശ്യമില്ല. ക്രിസ്തു സ്വയം കീഴടങ്ങിയതുപോലെ സിവിൽ ഗവൺമെ ന്റിന്റെ കീഴിലായിരിക്കണം സഭ. സിവിൽ ഗവൺമെന്റിനെതിരെ ശക്തി പ്രകടനം നടത്തുകയല്ല സഭയുടെ ലക്ഷ്യം. ഇന്നു ഭാഗ്യവശാൽ ഇന്ത്യ യിൽ ഒരു സെക്യുലർ ഗവൺമെന്റ് അധികാരത്തിൽ വന്നിരിക്കുകയാണ്. പൗരോഹിത്യത്തിന്റെ ഭീഷണിയെ അവഗണിച്ചുകൊണ്ട് ഗവൺമെന്റ് മുന്നോട്ടു പോയെന്ന് വരാം. അത് ക്രൈസ്തവന്റെ ശക്തിഹീനതയാ ണെന്ന് ക്രൈസ്തവർതന്നെ കരുതുന്ന സാഹചര്യം ഉണ്ടാകരുത്. ഇന്ന് മുറിച്ച് നീക്കപ്പെടേണ്ട പലതും സഭയിലുണ്ട്. അതിനുള്ള ഒരു അവസര മായി മാത്രമേ ഇതിനേകാണാവൂ. രാഷ്ട്രവും മതവും ചേർന്ന് പൂർവകാ ലത്ത് നടത്തിപ്പോന്ന അധികാരഭരണം ഒരിക്കലും തിരിച്ചു വരികയില്ല. വരാൻ ക്രിസ്തു അനുവദിക്കുകയുമില്ല. മുറിച്ചു നീക്കേണ്ടവയെ മുറിച്ചു നീക്കുകയും മാറ്റപ്പെടേണ്ടവയെ മാറ്റാനുമുള്ള ഹൃദയ ഔന്നത്യം കാണി ക്കുകയുമാണ് ഇന്നിന്റെ ആവശ്യം. മാറ്റത്തിനുവേണ്ടിയുള്ള തുടക്കം പരിശുദ്ധാരൂപിയാൽ പ്രേരിതനായി ഫ്രാൻസിസ് പാപ്പാ ആരംഭിച്ചിരിക്കു കയാണ്. അതിനോടൊത്തുചേർന്ന് നമ്മുടെ ഹൃദയങ്ങളെ താഴ്ത്തുകയും സംഘടിത ശക്തിയെ നിരാകരിക്കുകയും ചെയ്യേണ്ടിയിരിക്കുന്നു. അതി നുള്ള പരിശുദ്ധാരൂപി വരത്തിനായി പ്രാർഥിക്കാം.

സഭയുടെ ശാക്തീകരണം എന്നാൽ സഭയുടെ സംഘടിത ശക്തിയെ വർധിപ്പിക്കലല്ല. മുദ്രാവാക്യങ്ങളും പ്ലാക്കാർഡുകളും ഉയർത്തി സഭയെ ശാക്തീകരിക്കാമെന്നുള്ള വ്യാമോഹം സഭ ഉപേക്ഷിച്ചേ മതിയാകൂ. സഭ യുടെ ശക്തി സ്നേഹമാണ്. കാരുണ്യമാണ്. ഇവയിൽനിന്നും അന്യമാ യതൊന്നും സഭയെ ശാക്തീകരിക്കുകയില്ല. ചിട്ടയായ സംഘടനാശക്തി കൊണ്ട് സഭയെ നിലനിർത്താമെന്നു വ്യാമോഹിക്കേണ്ടതില്ല. ഒരു കാലത്ത് യൂറോപ്പിലെ ക്രിസ്തുമതം ഒരു സാമൂഹിക ശക്തിയായിരുന്നു. രാജാക്കന്മാരെ ഐസിൻമുകളിൽ മുട്ടുകുത്തിക്കാൻ മാത്രം ശക്തമായി രുന്നു സഭ. ആ പൂർവ നിലയിലേയ്ക്ക് തിരിച്ചുപോകാമെന്നുള്ള വ്യാമോഹം ഒരിക്കലും ക്രൈസ്തവമല്ല. ആളുകളുടെ എണ്ണം നോക്കിയും മുദ്രാവാക്യങ്ങളുടെ ശക്തി നോക്കിയും നിർണയിക്കപ്പെടേണ്ടതല്ല രാഷ്ട്ര വ്യവസ്ഥയുടെ നിയമങ്ങൾ. ധാർമികമായ ഉപദേശങ്ങൾ സഭാ നേതൃത്വ ത്തിന് ജനങ്ങൾക്കു നൽകാം. അത് ശക്തിപ്രകടനത്തിലൂടെയല്ല. മറിച്ച് ധാർമികതയുടെ മുറിവേൽക്കാത്ത ശാക്തീകരണത്തിലൂടെയാണ്.

ഇന്ന് കേരള സഭ ശരീരശക്തിയെ ആശ്രയിക്കാനാണ് കൂടുതൽ പരി ശ്രമിക്കുന്നത്. റീത്ത് വ്യത്യാസങ്ങളുടെ അടിസ്ഥാനത്തിൽ വിവചിക്ക പ്പെട്ടിരിക്കുന്ന ഈ സഭ ഓരോന്നും ശാക്തീകരിക്കപ്പെട്ടാൽ പരസ്പരം

മത്സരിക്കുന്നതിനുള്ള പ്രവണതയാകും ഉണ്ടാവുക. ഇന്ന് ഈ വിഭജനത്തിന്റെ വിള്ളലുകൾ വളരെ കുറച്ചേ നമുക്കു കാണാൻ കഴിയുന്നുള്ളൂ. എന്നാൽ നാളെ അവ പ്രത്യക്ഷപ്പെടും എന്നോർക്കുക. സഭയ്ക്കിന്നാവശ്യം ശാക്തീകരണമല്ല; സ്നേഹമാണ്, കരുണയാണ്. അവയുടെ പ്രകടനം ഒന്നുകൊണ്ടുമാത്രമേ ക്രിസ്തുവിന്റെ സന്ദേശം പ്രസരിപ്പിക്കാൻ സഭയ്ക്കു കഴിയൂ. അതുകൊണ്ട് സഭ സ്വശക്തിയിൽ വിശ്വസിക്കാതെ ദൈവത്തിന്റെ ശക്തിയിൽ വിശ്വസിച്ചുകൊണ്ട് സ്നേഹത്തിന്റെ ഒരു കൂടാരമായി മാറുകയാണ് ആവശ്യം.

സഭാ നവീകരണമെന്നാൽ നഷ്ടപ്പെട്ട സ്നേഹാന്തരീക്ഷം സഭയ്ക്കുള്ളിൽ വീണ്ടെടുക്കുകയാണ്. റീത്തുകളായി വിഭജിക്കപ്പെട്ടിരിക്കുന്ന സഭയ്ക്ക് ഇന്നു ഭരണപരമായ വിവിധ നേതൃത്വങ്ങളാണുള്ളത്. ഓരോ പ്രാദേശിക സഭയും അവരുടേതായ മാർഗത്തിലൂടെ സഭയെ ശാക്തീകരിക്കാൻ പരിശ്രമിച്ചാൽ അത് പരസ്പര മത്സരത്തിലും നാശത്തിലുമായിരിക്കും ചെന്നെത്തുക. കത്തോലിക്കാ സഭയുടെ ഒരു പ്രത്യേകത അതിന്റ നേതൃത്വം ചോദ്യം ചെയ്യപ്പെടാത്ത ഘടകങ്ങളിലാണ് നിക്ഷിപ്തമായിരിക്കുന്നത് എന്നതാണ്. ഭൗതികമായ ശാക്തീകരണത്തിന്റെ ഫലം പ്രാദേശിക സഭകളെ പരസ്പരം അകറ്റും. വേലിയേറ്റം വരുമ്പോൾ കടൽ ഭൂവിഭാഗത്തെ മൂടുന്നു. എന്നാൽ വേലിയിറക്കത്തിൽ കടൽ ഭൂവിഭാഗങ്ങളെ തിരിച്ചു നൽകിക്കൊണ്ട് അതിലേക്കുതന്നെ ഉൾവലിയുന്നു. സഭ എന്ന കടൽ ഒരിക്കലും അധികാരത്തിന്റെ വേലിയേറ്റത്തിൽകൂടി ഭൂവിഭാഗങ്ങളെ തങ്ങളുടെ കാൽക്കീഴിലാക്കാൻ പരിശ്രമിക്കരുത്. രാഷ്ട്രീയത്തിൽ നിരാശരോ അല്ലെങ്കിൽ രാഷ്ട്രീയത്തിൽ പ്രവേശിച്ചാൽ വിജയിക്കുകയില്ല എന്ന് കരുതുന്നവരോ സഭയുടെ സംഘടിത ശക്തിയിലൂടെ അധികാരം നുണയാൻ ആഗ്രഹിക്കുന്നു. അവർ സഭാ നേതാക്കന്മാർക്ക് ദുരുപദേശം നൽകി നശീകരണത്തിലേയ്ക്ക് സഭയെ നയിക്കുകയാണ്. സഭയുടെ നവീകരണ ലക്ഷ്യം വിട്ടിട്ടുള്ള പ്രവർത്തികളിലാണ് ഇന്ന് സഭാ നേതൃത്വം ഏർപ്പെടുന്നത്. ഭൗതികാധികാരം കയ്യാണ്ടാൽ പലതും നേടാമെന്ന് വ്യാമോഹിക്കുന്നത് തികച്ചും തെറ്റാണ്. കാരണം ക്രിസ്തു ഭൗതികാധികാരത്തെ അവജ്ഞയോടെയാണ് നോക്കിക്കണ്ടത്. ക്രിസ്തുവിന്റെ മടിശ്ശീലയിൽ പണമുണ്ടായിരുന്നില്ല; അധികാരമുണ്ടായിരുന്നില്ല; ആരെയും ഭരിച്ചുമില്ല. സമൂഹത്തിന്റെ പരിവർത്തനത്തിൽ ചാലകശക്തിയാകേണ്ടത് ക്രിസ്തുവിന്റെ സ്നേഹമാണ്. "സ്നേഹത്തിൽനിന്നുദിക്കുന്നു ലോകം സ്നേഹവ്യാഹതി തന്നെ മരണം." എന്ന കവിവചനം സഭാ നേതൃത്വം ഓർക്കുന്നത് നന്ന്.

എഡിറ്റർ **'ഓശാന'**
ഓശാനമൗണ്ട്, ഇടമറ്റം പി.ഒ.
കോട്ടയം - 686 578
മൊബൈൽ : 9447196214

# ശിരോവസ്ത്രവിവാദം ഗൂഢാലോചനയോ?

## കത്തോലിക്കാ സഭ നിയമനടപടിക്ക് മുതിരാത്തത് സംശയമുയർത്തുന്നു.

### സാജൻ മാത്യു

(2015 സെപ്തംബർ 6-ാം തീയതിയിലെ കേരളശബ്ദം വാരികയിൽ പ്രസിദ്ധീകരിച്ച ലേഖനമാണ് താഴെ കൊടുക്കുന്നത്.)

മെഡിക്കൽ എൻട്രൻസ് പരീക്ഷയ്ക്ക് ശിരോവസ്ത്രം അണിഞ്ഞെത്തിയ കന്യാസ്ത്രീയെ തടഞ്ഞ സംഭവം നടന്ന് ആഴ്ച്ചകൾക്കു ശേഷവും കത്തോലിക്കാ സഭ നിയമനടപടിക്ക് മുതിരാത്തത് ചർച്ചയാകുന്നു. ചാനലുകൾക്ക് മുമ്പിൽ വീരവാദം മുഴക്കിയെങ്കിലും 'സഭയുടെ ആശുപത്രികളിലെ കന്യാസ്ത്രീകളായ ഡോക്ടർമാരുടെ ശസ്ത്രക്രിയ'കൾ ചർച്ചയാകുമെന്നതാണ് സഭ പിന്തിരിയാൻ കാരണം എന്നാണ് സൂചന. ശിരോവസ്ത്രം മാറ്റില്ല എന്ന് ശഠിച്ച കന്യാസ്ത്രീക്ക് അഡ്മിഷൻ ലഭിച്ചാൽ പോലും മെഡിസിൻ പഠനം പൂർത്തിയാക്കാൻ കഴിയുമായിരുന്നില്ലെന്ന് വ്യക്തമായതോടെ ആസൂത്രിതമായ ഗൂഢാലോചനയായിരുന്നോ ശിരോവസ്ത്ര കോലാഹലം എന്ന സംശയം ബലപ്പെടുകയാണ്. രാജ്യത്തെ നിയമമല്ല സഭയുടെ വിശ്വാസപ്രമാണങ്ങളാണ് മുഖ്യം എന്ന് പറയുന്ന സഭയുടെ ആശുപത്രികളിൽ കന്യാസ്ത്രീകളായ ഡോക്ടർമാർ നടത്തുന്ന ശസ്ത്രക്രിയകൾ സംബന്ധിച്ച് അടിയന്തിര അന്വേഷണം ആവശ്യമാണ്.

അഖിലേന്ത്യാ മെഡിക്കൽ എൻട്രൻസ് പരീക്ഷയിൽ കോപ്പിയടിച്ച ചില കുട്ടികൾ ഉത്തർപ്രദേശിൽ അറസ്റ്റിലായതാണ് സുപ്രീം കോടതി വരെ എത്തിയ ശിരോവസ്ത്ര കേസിന്റെ തുടക്കം. വിദ്യാർഥികൾ ശിരോവസ്ത്രത്തിൽ ഒളിപ്പിച്ച ബ്ലൂടൂത്ത് ഉപകരണത്തിലൂടെ ചോദ്യങ്ങൾ ഹാളിന് പുറത്തു നിൽക്കുന്നവർക്ക് കൈമാറുമ്പോൾ അവർ ശരിയായ ഉത്തരം ബ്ലൂടൂത്ത് വഴി തിരികെ പറഞ്ഞുകൊടുക്കുന്നതായിരുന്നു നൂതനകോപ്പിയടി ശൈലി. പരാതി പ്രളയത്തെ തുടർന്ന് സി.ബി.എസ്. ഇ. നടത്തിയ പ്രവേശനപരീക്ഷ സുപ്രീം കോടതി റദ്ദാക്കി. നാലാഴ്ചക്കുള്ളിൽ കർശനമായ നിരീക്ഷണത്തിൽ വീണ്ടും പരീക്ഷ നടത്താൻ സുപ്രീം കോടതി സി.ബി.എസ്. ഇ. യോട് നിർദേശിച്ചു. ഇതോടെ അഖിലേന്ത്യാ മെഡിക്കൽ പ്രവേശനപരീക്ഷ എഴുതാൻ എത്തുന്നവർക്ക് ശിരോവസ്ത്രം ഉൾപ്പെടെ നിരോധിച്ച് സി.ബി.എസ്.ഇ. ഡ്രസ്കോഡ് ഏർപ്പെടുത്തി. ഈ നിബന്ധനകളെ ചോദ്യം ചെയ്ത് ചിലർ സുപ്രീം കോടതിയിൽ ഹർജി നൽകി. 'പരീക്ഷയെഴുതുന്ന മൂന്നു മണിക്കൂർ ശിരോവസ്ത്രം ധരിച്ചില്ലെങ്കിൽ മത വിശ്വാസം ഇല്ലാതാകുമോ' യെന്ന പരാമർശത്തോടെ ചീഫ് ജസ്റ്റിസ് എച്ച്. എൽ. ദത്തു അധ്യക്ഷനായ ബെഞ്ച് ശിരോവസ്ത്രം ധരി

ക്കാൻ അനുവദിക്കണമെന്ന ആവശ്യം തള്ളി. 'ഇത് മൂന്ന് മണിക്കൂർ നീണ്ട പരീക്ഷ മാത്രമാണ്. തന്റെ മതവിശ്വാസപ്രകാരം ശിരോവസ്ത്രം ധരിക്കണമെന്ന് അവകാശപ്പെട്ട് എല്ലാവരും വന്നാൽ പരീക്ഷാ ഹാളിലെ നിരീക്ഷകൻ വെട്ടിലാകും. നിങ്ങളുടെ മതമേത്, എത്രകാലമായി ഇത് ധരിക്കുന്നു തുടങ്ങിയവ അന്വേഷിക്കലല്ല പരീക്ഷാ നിരീക്ഷകന്റെ ജോലി എന്നും ക്രമക്കേട് തടയുന്നതിന് സി.ബി.എസ്.ഇ പുറത്തിറക്കിയ മാർഗ്ഗ നിർദ്ദേശങ്ങളിൽ ഇടപെടില്ലെന്നും സുപ്രീം കോടതി പറഞ്ഞു.

സുപ്രീം കോടതി പരാമർശംവന്ന് അടുത്ത ദിവസം തിരുവനന്തപുരം നാലാഞ്ചിറ ബഥനി കോൺവെന്റിലെ സിസ്റ്റർ സേബ ശിരോവസ്ത്രം ധരിച്ച് അഖിലേന്ത്യാ മെഡിക്കൽ എൻട്രൻസ് പരീക്ഷ എഴുതാൻ കാഞ്ഞിരംകുളം ജവഹർ സെൻട്രൽ സ്കൂളിലെ പരീക്ഷാ സെന്ററിലെത്തി. സി.ബി.എസ്.ഇ മാർഗ്ഗ നിർദ്ദേശപ്രകാരം ശിരോവസ്ത്രവും കുരിശുമാലയും പരീക്ഷാ ഹാളിൽ അനുവദിക്കാനാവില്ലെന്നും അത് മാറ്റാനും അധികൃതർ നിർദ്ദേശിച്ചു. എന്നാൽ ശിരോവസ്ത്രവും കുരിശുമാലയും മാറ്റി പരീക്ഷയെഴുതാൻ തയ്യാറല്ല എന്നായിരുന്നു സേബയുടെ നിലപാട്. തുടർന്ന് അധികൃതർ സേബയെ പരീക്ഷയെഴുതാൻ അനുവദിച്ചില്ല. കന്യാസ്ത്രീയെ പരീക്ഷ എഴുതാൻ അനുവദിക്കാത്തത് കൊടുംപാതകവും അനീതിയുമെന്ന തരത്തിൽ നിമിഷങ്ങൾക്കകം വാർത്ത പടർന്നു. എന്നാൽ സുപ്രീം കോടതി പരാമർശപ്രകാരമാണ് കന്യാസ്ത്രീയെ തടഞ്ഞതെന്ന കാര്യം മാത്രം വാർത്തകളിൽ ഉണ്ടായിരുന്നില്ല. 'വെയ്ൽ ഇട്ട് പരീക്ഷ എഴുതിക്കോട്ടെ എന്ന് ഞാൻ ചോദിച്ചു. അപ്പോൾ അധികൃതർ പറഞ്ഞത് അങ്ങനെ എന്തായാലും അനുവദിക്കാൻ കഴിയില്ല എന്നാണ്. എനിക്ക് സപ്പറേറ്റ് ഒരു റൂം തരണം എന്ന് ഞാൻ പറഞ്ഞു. പക്ഷെ അത് അവർ അനുവദിച്ചില്ല. ഇത് പള്ളിയുടെ ഔദ്യോഗികമായിട്ടുള്ള വസ്ത്രമാണ്. എപ്പോഴെങ്കിലും നമുക്ക് ഊരിവയ്ക്കാൻ കഴിയുന്നതല്ല. ഇതിന് ഇതിന്റേതായ വിശുദ്ധിയുണ്ട്. ഇതിന് ഇതിന്റേതായ ഡിഗ്നിറ്റിയുണ്ട്. മേലധികാരികളോട് ആലോചിച്ചശേഷം നിയമനടപടികൾ സ്വീകരിക്കും', ഇങ്ങനെ നീണ്ടു സേബയുടെ പ്രതികരണം.

സുപ്രീം കോടതി ശിരോവസ്ത്ര ആവശ്യം തള്ളി മണിക്കൂറുകൾക്കകം ശിരോവസ്ത്രം ധരിച്ച് കന്യാസ്ത്രീ അഖിലേന്ത്യാ മെഡിക്കൽ എൻട്രൻസ് പരീക്ഷയ്ക്ക് എത്തിയതിനു പിന്നിൽ ആസൂത്രിത നീക്കം നടന്നുവെന്നാണ് ആരോപിക്കപ്പെടുന്നത്. പരീക്ഷാ ഹാളിൽ പ്രവേശനം നിഷേധിക്കപ്പെട്ട ശേഷം സേബ മാധ്യമങ്ങളോട് പ്രതികരിച്ച രീതിയും സഭാ വക്താക്കളുടെ അഭിപ്രായപ്രകടനങ്ങളും ഒരേതരത്തിലായിരുന്നു. സഭാ അധികാരികളുടെ അനുവാദം കൂടാതെ മാധ്യമങ്ങളോട് പ്രതികരിക്കാൻ ഒരു സാധാരണ കന്യാസ്ത്രീക്ക് കഴിയുകയില്ല എന്നാണ് 'എക്സ് പ്രീസ്റ്റ് ആൻഡ് നൺ അസ്സോസിയേഷൻ' ഭാരവാഹികൾ ഇതിനോട് പ്രതികരിച്ചത്. ഇത് (ശിരോവസ്ത്രം) പള്ളിയുടെ ഔദ്യോഗികമായിട്ടുള്ള വസ്ത്രമാണ്. എപ്പോഴെങ്കിലും നമുക്ക് ഊരി വയ്ക്കാൻ കഴിയുന്നതല്ല

എന്നു പറയുന്ന സേബ ഒരു എൻട്രൻസ് എഴുതുന്നയാൾ നിർബന്ധമായും ആ മേഖലയെക്കുറിച്ച് അറിഞ്ഞിരിക്കേണ്ട ബാലപാഠങ്ങൾ പോലും മനസിലാക്കാതെയാണ് പരീക്ഷക്കെത്തിയത് എന്ന് വ്യക്തം. കാരണം എൻട്രൻസ് എഴുതി മെഡിക്കൽ അഡ്മിഷൻ ലഭിച്ചാൽ എം.ബി.ബി.എസ്. പഠനം പൂർത്തീകരിക്കാൻ സേബയ്ക്ക് കഴിയുമായിരുന്നില്ല എന്ന് മെഡിക്കൽ വിദ്യാഭ്യാസവുമായി ബന്ധമുള്ളവർ പറയുന്നു. അഞ്ച് വർഷത്തിലേറെ നീളുന്ന മെഡിസിൻ പഠനകാലത്ത് വിദ്യാർഥികൾക്ക് മാസങ്ങളോളം മെഡിക്കൽ കോളേജുകളിലെ ഓപ്പറേഷൻ തിയേറ്ററുകളിലും ലേബർ റൂമുകളിലുമായിരിക്കും പോസ്റ്റിംഗ് ലഭിക്കുക. അവിടെ ഒരു സാഹചര്യത്തിലും ആരേയും ശിരോവസ്ത്രം ഉപയോഗിക്കാൻ അനുവദിക്കുകയില്ല. ശിരോവസ്ത്രം ധരിച്ചേ അടങ്ങൂ എന്നു വാശിപിടിക്കുന്ന സേബക്ക് സൗജന്യം അനുവദിച്ച് രോഗികൾക്ക് ജീവാപായമുണ്ടാക്കാൻ മനസ്സാക്ഷിയുള്ള ഏതെങ്കിലും മെഡിക്കൽ കോളേജ് അധികൃതർ തയ്യാറാകുമോ. എങ്ങനെയെങ്കിലും ശിരോവസ്ത്രം അഴിക്കാതെ കടന്നുകൂടി സേബ ഒരു ഡോക്ടറായി എന്നിരിക്കട്ടെ. ഓപ്പറേഷൻ തിയേറ്ററുകളിൽ ശിരോവസ്ത്രവുമായി പ്രവേശിച്ച് രോഗികളിൽ ഇവർ ശസ്ത്രക്രിയ നടത്തുമോ? അങ്ങനെയെങ്കിൽ എന്താകും അനസ്തേഷ്യാ പ്രയോഗത്താൽ ബോധം നഷ്ടപ്പെട്ട് ശസ്ത്രക്രിയാ ടേബിളിൽ കിടക്കുന്ന നിർഭാഗ്യവാന്മാരായ രോഗികളുടെ ഗതി. കാര്യങ്ങൾ പൊതുസമൂഹത്തോട് വിശദീകരിക്കാൻ വിവാദമുണ്ടാക്കിയ സഭക്ക് ബാധ്യതയുണ്ട്.

അംഗീകാരം പുതുക്കി നൽകേണ്ടതില്ല എന്ന് മാസങ്ങൾക്ക് മുമ്പ് മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യ ശുപാർശ ചെയ്ത പുഷ്പഗിരി അമല അടക്കം മെഡിക്കൽ കോളേജുകളും നിരവധി ആശുപത്രികളും കത്തോലിക്കാ സഭ നടത്തുന്നുണ്ട്. ഈ ആശുപത്രികളിൽ ആകെ എത്ര കന്യാസ്ത്രീകൾ ഡോക്ടർമാരായി ജോലി ചെയ്യുന്നു, ശിരോവസ്ത്രം നീക്കാതെ ഇവർ എങ്ങനെ മെഡിക്കൽ പഠനം പൂർത്തിയാക്കി, ഈ ഡോക്ടർമാർ സഭാനിയമം മുറുകെപ്പിടിച്ച് ശിരോവസ്ത്രം അണിഞ്ഞാണോ ശസ്ത്രക്രിയകൾ നടത്തുന്നത്, ശിരോവസ്ത്രം ധരിച്ച് ഓപ്പറേഷൻ നടത്തി അണുബാധമൂലം നാളിതുവരെ എത്രപേർക്ക് ജീവാപായം സംഭവിച്ചു തുടങ്ങിയ കാര്യങ്ങളിൽ അന്വേഷണം ആവശ്യമാണ്.

സഭയുടെ ആശുപത്രികളിൽ കന്യാസ്ത്രീകളായ ഡോക്ടർമാർ ശിരോവസ്ത്രം നീക്കിയാണ് ശസ്ത്രക്രിയകൾ നടത്തുന്നതെങ്കിൽ വിവാദം ആളിക്കത്തിച്ചതിൽ പുരോഹിതർ പരസ്യമായി മാപ്പ് പറഞ്ഞേ മതിയാകൂ. മറിച്ച് ശിരോവസ്ത്രം നീക്കാതെയാണ് കന്യാസ്ത്രീകളായ ഡോക്ടർമാർ ശസ്ത്രക്രിയകൾ ചെയ്യുന്നതെങ്കിൽ അത്തരം ആശുപത്രികൾ അടച്ചുപൂട്ടാൻ മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യയും സർക്കാരും നടപടികൾ എടുക്കേണ്ടതാണ്. കാരണം ആശുപത്രികളിലെത്തുന്നവരുടെ ജീവൻ വിശ്വാസത്തിന്റെയും അന്ധവിശ്വാസത്തിന്റെയും പേരിൽ പന്താടാൻ ആരേയും അനുവദിച്ചുകൂടാ.

കസ്തൂരി രംഗൻ - മുല്ലപ്പെരിയാർ സമര കോലാഹലങ്ങൾ പോലെ ശിരോവസ്ത്ര വിവാദത്തിലും സഭ ജനങ്ങളെ തെറ്റിദ്ധരിപ്പിക്കാൻ ശ്രമിച്ചു എന്ന ആക്ഷേപം ശക്തമാണ്. ശിരോവസ്ത്രം ധരിച്ച് എൻട്രൻസ് പരീക്ഷ എഴുതുന്നത് തടഞ്ഞ അധികൃതർക്കെതിരെ മേലധികാരികളുമായി ആലോചിച്ചശേഷം നിയമപടപടികൾ സ്വീകരിക്കുമെന്ന് സിസ്റ്റർ സേബ മാധ്യമങ്ങളോട് പറഞ്ഞിട്ട് ആഴ്ച്ചകളായി. നീതി നിഷേധിക്കപ്പെട്ടു എന്നു വിലപിച്ച കത്തോലിക്കാ സഭ നിയമവഴിയിൽ മുമ്പോട്ട് പോകാത്തത് അത്ഭുതപ്പെടുത്തുന്നു. വിവാദം കെട്ടടങ്ങിയെങ്കിലും കന്യാസ്ത്രീകളായ ഡോക്ടർമാരുടെ ശിരോവസ്ത്ര ഉപയോഗത്തെക്കുറിച്ച് അടിയന്തിരമായ അന്വേഷണത്തിന് സർക്കാർ തയ്യാറാകേണ്ടതാണ് എന്ന ആവശ്യം ശക്തമായി ഉയരുകയാണ്.

(9747253486)

## പത്രാധിപക്കുറിപ്പ്

വളരെ നിർഭാഗ്യകരമായ ഒരു സംഭവമായിരുന്നു ശിരോവസ്ത്രവിവാദം. മനുഷ്യന് ജീവിക്കുന്ന സമൂഹത്തിൽ അടിയന്തിരമായി പാലിക്കപ്പെടേണ്ട നിയമങ്ങൾ ഉണ്ട്. അത് മതത്തിന്റെ പേരിൽ ഒരിക്കലും നിഷേധിക്കാൻ പാടില്ല. പലതരം മതങ്ങൾ ഒരു രാജ്യത്തുണ്ട്. ഇഷ്ടമുള്ള മതവും ആചാരങ്ങളും സ്വീകരിക്കാൻ സ്വാതന്ത്ര്യമുണ്ടെങ്കിലും ഒരു ഇന്ത്യൻ പൗരൻ എന്ന നിലയ്ക്ക് ഭരണഘടനയെയും നീതിന്യായപീഠത്തിന്റെ അടിസ്ഥാന പ്രമാണങ്ങളെയും മാനിക്കാനും അനുസരിക്കാനും ബാധ്യസ്ഥമാണ്. അവിടെ മതം ഒരിക്കലും കടന്നുകയറാൻ പാടില്ല. ഒരു വ്യക്തിക്ക് രണ്ട് തരം പ്രവർത്തന മണ്ഡലങ്ങൾ ഉണ്ടാകാം. ഒരു കന്യാസ്ത്രീക്ക് അവരുടെ സഭാ നിയമം അനുസരിച്ച് സഭാവസ്ത്രം അണിയുന്നതിനുള്ള അവകാശത്തെ ആരും നിഷേധിക്കുന്നില്ല. എന്നാൽ വ്യക്തി എന്ന നിലയിൽ സമൂഹത്തിൽ അംഗമായിരിക്കുന്ന ഒരു കന്യാസ്ത്രീക്ക് ആ സമൂഹത്തിൽ പാലിക്കപ്പെടേണ്ട ചില നിയമങ്ങൾ അനുസരിച്ചേ മതയാകൂ. മതത്തിന്റെ മറവിൽ ആ അവകാശങ്ങളെ നിഷേധിക്കുന്നത് ഉചിതമായിരിക്കുകയില്ല. കുർബാന ചൊല്ലുന്നതിന് പ്രത്യേക വേഷ വിധാനങ്ങൾ കത്തോലിക്കർക്കുണ്ട്. അതിനെ ആരും നിഷേധിക്കുന്നില്ല. എന്നാൽ കുർബാന ചൊല്ലുന്ന അതേ വേഷത്തിൽ ക്ലാസ് മുറിയിൽ വിദ്യാർഥികളെ പഠിപ്പിക്കാമെന്നു നിയമമുണ്ടാക്കാൻ സഭയ്ക്ക് അവകാശമില്ല. സഭയുടെ അവകാശങ്ങൾ വ്യക്തിനിഷ്ഠമാണ്. അതിന് അതിർവരമ്പുകൾ സൃഷ്ടിക്കേണ്ടത് സമൂഹമാണ്. ശിരോവസ്ത്രവിവാദം കേവലം അർഥശൂന്യവും സഭയുടെ അവകാശങ്ങളെ ഒരു വിധത്തിലും ബാധിക്കുന്നതുമല്ല. മതവികാരമിളക്കുന്നതിനുമാത്രം ഉപകരിക്കുന്ന ഇത്തരം സംഭവങ്ങൾ ഉണ്ടാകാതിരിക്കാൻസഭാനേതൃത്വം നടപടികൾ എടുക്കേണ്ടതാണ്.

# ജന്മപാപം

## മാത്തുക്കുട്ടി തകടിയേൽ

ആദി മാതാപിതാക്കളുടെ പാപത്തിന്റെ ശിക്ഷ പിൻതലമുറക്കാരായ മനുഷ്യരാശിയിൽ എന്നന്തേക്കും നിലനിൽക്കുമെന്നും, അതിൽ നിന്നും മോചനം കിട്ടി രക്ഷ പ്രാപിക്കണമെങ്കിൽ ജ്ഞാനസ്നാനമെന്ന അനുഷ്ഠാന കർമ്മം ചെയ്തേ തീരൂ എന്നുമാണ് സാധാരണ കത്തോലിക്കൻ ഇന്നും വിശ്വസിച്ചു പോരുന്നത്. അങ്ങനെ തന്നെയാണ് സഭാനേതൃത്വം ഇന്നും അവരെ വിശ്വസിപ്പിച്ചിരിക്കുന്നതും. ആദിമാതാപിതാക്കളിൽ നിന്നും പിൻതുടർച്ചയായിട്ടു കിട്ടിയ പാപമായതുകൊണ്ടാണ് ഇതിനെ ജന്മപാപമെന്നു പറയുന്നതുതന്നെ. ജ്ഞാന സ്നാനമെന്ന അനുഷ്ഠാന കർമ്മം സ്വീകരിച്ചെങ്കിൽ മാത്രമേ ഒരുവൻ ക്രിസ്ത്യാനിയാവുകയുള്ളു എന്നതാണ് ഇപ്പോഴത്തെ നിയമം.

പഴയ നിയമത്തിലും യഹൂദ മതാചാരങ്ങളിലും ജന്മപാപത്തെപ്പറ്റി യാതൊന്നും പറയുന്നില്ല. മനുഷ്യന്റെ വർത്തമാനകാല പാപങ്ങളുടെ മോചനത്തിനുവേണ്ടിയുള്ള പരിഹാരബലികളും പ്രാർത്ഥനകളുമാണ് നടന്നിരുന്നത്. പുതിയ നിയമത്തിൽ യോർദ്ദനാൻ നദിയിലെ സ്നാപക യോഹന്നാന്റെ നേതൃത്വത്തിൽ നടന്ന ജ്ഞാന സ്നാന ക്രിയയാണ് ശ്രദ്ധേയമായത്. അതും ജന്മപാപപരിഹാരത്തിനു വേണ്ടിയാണ് എന്ന് വിവരിക്കുന്നില്ല. മനുഷ്യന്റെ അനുദിന പാപപരിഹാരത്തിനായിരുന്നു. അവിടെ വെച്ചായിരുന്നു യേശു യോഹന്നാനിൽ നിന്നും സ്നാനം സ്വീകരിച്ചത്. യേശുവിന് ജന്മപാപവും, കർമ്മപാപവുമില്ല. കാരണം യേശു ദൈവപുത്രനാണ് എന്ന് നാം വിശ്വസിക്കുന്നു. ഒരു ആചാരത്തിന് യേശു നിന്നു കൊടുത്തു എന്നുമാത്രം. ഛേദനാചാരത്തിന് വിധേയനായതുപോലെ.

യേശു ജന്മപാപത്തെപ്പറ്റി ഒന്നും പറഞ്ഞിട്ടില്ല. ജന്മപാപപരിഹാരത്തിനാണ് വന്നതെന്നും പറഞ്ഞിട്ടില്ല. ജന്മപാപത്തിന്റെ പേരു പറഞ്ഞ് ആരെയും സ്നാനം ചെയ്തിട്ടുമില്ല. യേശുവിന്റെ ശിഷ്യന്മാരും ആരെയും ജന്മപാപത്തിന്റെ പേരിൽ ജ്ഞാനസ്നാനം ചെയ്തിട്ടില്ല. എങ്കിലും ഇന്നും ജന്മപാപക്കറ നീക്കിക്കളയുന്നതിനുവേണ്ടി എന്നു പറഞ്ഞ് ശിശുക്കളെ സ്നാനം ചെയ്യുന്നു. കത്തോലിക്കാ സഭയുടെ കൂദാശകൾ ഏഴിൽ ആദ്യത്തെ കൂദാശ-മാമ്മോദീസാ (ജ്ഞാനസ്നാനം) തന്നെയാണ്. മാമ്മോദീസാ സ്വീകരിക്കാതെ മരണപ്പെടുന്നവന് സ്വർഗ്ഗരാജ്യം കിട്ടാതിരിക്കുകയോ, കിട്ടിയാൽത്തന്നെ ദൈവത്തെ കണ്ടാനന്ദിക്കുവാനുള്ള സുവർണ്ണാവസരം കിട്ടുകയോ ഇല്ലെന്നായിരുന്നു ഇന്നലെവരെയുള്ള സഭയുടെ പഠനങ്ങൾ. വിശ്വസിച്ച് സ്നാനം ചെയ്യുകഎന്നാണ് പറഞ്ഞിരിക്കുന്നത്. ശിശുസ്നാനത്തെപ്പറ്റിയും, വിശദീകരണങ്ങളെപ്പറ്റിയുമൊക്കെയുള്ള സങ്കല്പങ്ങളും, പഠനങ്ങളും, വിശ്വാസങ്ങളും അതി വിചിത്ര

മായിതോന്നും. അതായത് മരണാനന്തരം നിഷ്കളങ്കരായ ശിശുക്കൾക്കുപോലും ദൈവത്തെ കണ്ട് ആനന്ദിക്കണമെങ്കിൽ അവർ നിശ്ചയമായും മാമ്മോദീസാ സ്വീകരിച്ചിരിക്കണം. മാമ്മോദീസാ (സ്നാനം) സ്വീകരിക്കാതെ മരണപ്പെടുന്ന ശിശുക്കൾ ദൈവസാന്നിദ്ധ്യമില്ലാത്ത ലിംബോ(ഇരുട്ടറ) എന്ന സ്ഥലത്തെത്തും. അവിടെ മറ്റു സുഖ സൗകര്യങ്ങളൊക്കെത്തന്നെയുണ്ടെങ്കിലും ദൈവത്തെ കണ്ടാനന്ദിക്കുവാനുള്ള സൗഭാഗ്യം കിട്ടുന്നില്ലത്രെ. അതേ സമയം മാമ്മോദീസ കിട്ടി മരണപ്പെടുന്ന ശിശുക്കൾക്ക് ദൈവത്തെ നേരിട്ടു കണ്ടാനന്ദിച്ചു കഴിയുവാനുള്ള അവസരം കിട്ടുന്നു. ഒന്നുമറിയാത്ത നിഷ്ക്കളങ്കരായ ശിശുക്കളോട് ഇവിടെ കാണിക്കുന്ന വിവേചനങ്ങളുടെ മാനദണ്ഡം മാമ്മോദീസാ തന്നെയാകുന്നു. നൂറ്റാണ്ടുകളായി സഭയുടെ പഠനങ്ങൾ ഇതൊക്കെയായിരുന്നു. എന്നാൽ മാമ്മോദീസാ സ്വീകരിക്കാതെ മരിക്കുന്ന ശിശുക്കളെ സംബന്ധിച്ചുള്ള ദൈവശാസ്ത്ര കമ്മീഷന്റെ രേഖകൾ പ്രസിദ്ധീകരിക്കുമെന്ന് പറഞ്ഞിരുന്നു. എന്നാൽ ഈ രേഖ ഇന്നുവരെ പുറത്തുവിട്ടിട്ടില്ല. കാലോചിതമായതും, ഏറെക്കുറെ വിശ്വസിക്കാവുന്നതുമായ ഒരു രേഖ കണ്ടുപിടിക്കുവാൻ വേണ്ടി വരുന്ന താമസമായിരിക്കുമിത്.

AD. 50-100 കാലഘട്ടങ്ങളിലാണല്ലോ സുവിശേഷങ്ങൾ രൂപപ്പെട്ടുവന്നത്. ഇവിടെ സ്നാനത്തെപ്പറ്റി നടപടിപ്പുസ്തകത്തിൽ ഇങ്ങനെ പറയുന്നു. പെന്തക്കൊസ്താ നാളിൽ പത്രോസിന്റെ പ്രസംഗം കേട്ട ശ്രോതാക്കൾ ചോദിക്കുന്നു; ഞങ്ങൾ എന്താണു ചെയ്യേണ്ടത്? നിങ്ങളെല്ലാവരും മനസ്തപിച്ച് ക്രിസ്തുവിന്റെ നാമത്തിൽ സ്നാനം സ്വീകരിക്കുക. നിങ്ങളുടെ പാപങ്ങൾ ക്ഷമിക്കപ്പെടുകയും പരിശുദ്ധാത്മാവിന്റെ ദാനം നിങ്ങൾ സ്വീകരിക്കുകയും ചെയ്യും. ഇവിടെ ജന്മപാപത്തിനായിരുന്നില്ല സ്നാനം അവരവരുടെ കർമ്മപാപത്തിന് പരിഹാരമായിട്ടായിരുന്നു. അന്ന് അപ്പസ്തോലന്മാരുടെ കൈവെപ്പു വഴിയായിരുന്നു സ്നാനം. ജലം കൊണ്ടായിരുന്നില്ല.

യേശു ജന്മപാപത്തെപ്പറ്റി ഒന്നും പറയാതിരുന്നതുപോലെ പഴയനിയമത്തിലും ഇതേപ്പറ്റി ഒന്നും പറയുന്നില്ല.പുത്രൻ പിതാവിന്റെ കുറ്റവും പിതാവ് പുത്രന്റെ കുറ്റവും വഹിക്കേണ്ട (ഏസെ:). 7-70 പ്രാവശ്യം ക്ഷമിക്കുന്ന പരമ കാരുണ്യവാനായ ദൈവം തന്റെ സൃഷ്ടിയിലെ ആദിമനുഷ്യൻ ചെയ്ത ഒരു പാപത്തിന് ലോകാവസാനംവരെ ഓർത്തിരുന്ന് ശിക്ഷ നടപ്പിലാക്കിക്കൊണ്ടിരിക്കുമെന്നു പറഞ്ഞാൽ അത് ദൈവമഹത്വത്തെ ഇകഴ്ത്തിക്കാണിക്കലാണ്.സ്നാപനം ചെയ്യുവാനല്ല സുവിശേഷം പ്രസംഗിക്കുവാനാണ് തന്നെ അയച്ചതെന്ന് പൗലോസ് പറയുന്നു (കൊറി.1:17). അതുപോലെതന്നെ പരിഛേദനമോ, അപരിഛേദനമോ അല്ല ദൈവകല്പനകളുടെ അനുസരണമാണ് വിലപ്പെട്ടത് (കൊറി. 7.19). ഇതൊക്കെത്തന്നെ കൂട്ടിവായിക്കേണ്ടതാണ്.ഒരുവൻ ജീവിച്ചിരിക്കുമ്പോൾ ചെയ്തതിന് തക്ക പ്രതിഫലം ലഭിക്കും (കൊറി: 5:10) അത്രതന്നെ.

പാപത്തിന് മുൻജന്മ പ്രാബല്യം ഇല്ലെന്നർത്ഥം. ജ്ഞാനസ്നാനം ചെയ്തവനെന്നും, ചെയ്യാത്തവനെന്നുമുള്ള തിരിച്ചു വ്യത്യാസം ദൈവത്തിനില്ല. സത്യമായും ദൈവത്തിനു പക്ഷപാതമില്ലെന്നും, അവിടുത്തെ ഭയപ്പെടുകയും നീതി പ്രവർത്തിക്കുകയും ചെയ്യുന്ന ആരും, ഏതു ജാതിയിൽപ്പെട്ടവനായാലും അവിടുത്തേക്ക് സ്വീകാര്യനാണെന്ന് ഞാൻ സത്യമായിട്ടറിയുന്നു (അപ്പ: പ്ര. 10:35). ഇതൊക്കെ ഉൾക്കൊണ്ടു കൊണ്ടാണ് സന്മനസ്സോടുകൂടി നല്ല ജീവിതം നയിക്കുന്നവൻ നിരീശ്വരനാണെങ്കിൽപ്പോലും രക്ഷപ്പെടുമെന്നുവരെ ഫ്രാൻസീസ് പാപ്പാ പറഞ്ഞുവെച്ചത്. ഇതൊക്കെ ഉൾക്കൊള്ളുവാനുള്ള ക്രിസ്തീയ അരൂപിയോ, ദൈവവരപ്രസാദമോ, ഹൃദയവലിപ്പമോ കത്തോലിക്കാ സഭാ നേതൃത്വത്തിനിന്നില്ല. ഇതേ ആശയം 23-ാം ജോൺ മാർപ്പാപ്പായും പറഞ്ഞിട്ടുള്ളതാണ്. നല്ല നല്ല ക്രിസ്തീയ ആശയങ്ങൾ ആരു പറഞ്ഞാലും അതൊക്കെ തമസ്ക്കരിക്കുന്ന ഒരു തഴക്കദോഷം കത്തോലിക്കാ സഭയ്ക്കുണ്ട്.

മനുഷ്യൻ ജനിക്കുന്നത് ജന്മപാപത്തോടെയാണെന്ന വി: അഗസ്തീനോസിന്റെ കണ്ടുപിടിത്തം ക്രൈസ്തവസഭയുടെ വിശ്വാസ പ്രമാണമായി. അങ്ങനെ യേശുവും ശിഷ്യന്മാരും പറയാത്ത-അറിയാത്ത ഒരു മഹാപാപം വി. അഗസ്തീനോസ് മാനവരാശിയുടെ മേൽ അടിച്ചേൽപ്പിച്ചു. ഈ തിരക്കഥയുടെ മറവിൻത്തിരിവിൽലിംബോപോലുള്ള നുണക്കഥകൾ വിശ്വാസമാക്കിയെടുത്തു. ഇന്ന്ലിംബോ എന്ന കാര്യം ഒരു വിശ്വാസമായിപ്പറയുവാൻ സഭാധികാരികൾക്ക് കഴിയുമോ? 1311-ൽ മാത്രമാണ് ശിശുസ്നാനം സഭയിൽ ആരംഭിച്ചതുതന്നെ.

ജന്മപാപമെന്ന ദൈവശാസ്ത്രം വിശ്വാസികളിൽ ഏൽക്കുന്നില്ല എന്നു വന്നപ്പോൾ പുതിയ വ്യാഖ്യാനങ്ങളാണ് ഇപ്പോൾ അവതരിപ്പിക്കുന്നത്. പാപക്കറയിലല്ല മനുഷ്യൻ ജനിക്കുന്നത്. പ്രത്യുത പാപത്തിലേക്കുള്ള ചായ്വോടെയാണ് ജനിക്കുന്നതെന്ന്. ഈ വ്യാഖ്യാനം എത്രനാൾ നിലനിൽക്കുമെന്നു പറയാൻ പറ്റില്ല.ജന്മപാപവുംലിംബോയും പോലെ വിശ്വാസത്തിനും, യുക്തിക്കും, ബൈബിൾ പഠനങ്ങൾക്കും ചേരുന്നതല്ലെന്ന് വിശ്വാസികൾ മനസ്സിലാക്കുമ്പോൾ അതിനും മാറ്റം വരുത്തും. മാമ്മോദീസാ സ്വീകരിച്ച സത്യ ക്രിസ്ത്യാനികളിൽ മറ്റുള്ളവരിൽ നിന്ന് പാപത്തിലേക്കുള്ള ചായ്വ് ഒട്ടു കുറവുള്ളതായിട്ടു കാണുന്നുമില്ല. മാമ്മോദീസാ ഉൾപ്പെടെ ക്രിസ്ത്യാനികൾ ഏഴ് കൂദാശകൾ സ്വീകരിക്കുന്നുണ്ട്. എന്നിട്ടും പാപത്തിലേക്കുള്ള ചായ്വ് ഒട്ടും തന്നെ കുറയുന്നില്ല. അപ്പോൾ കൂദാശകളുടെയോ അവയുടെ എണ്ണത്തിന്റെയോ പേരിലല്ല പാപത്തിലേക്കുള്ള ചായ്വിന് കാരണമായിട്ടു വരുന്നത്. മാമ്മോദീസാ പോലെത്തന്നെ ഇന്നത്തെ കൂദാശകളൊന്നുംതന്നെ യേശു സ്ഥാപിച്ചിട്ടുള്ളതല്ല. വി: കുർബാന എന്ന കൂദാശ യേശു സ്ഥാപിച്ചതാണെന്ന് സഭ ശക്തി യായിട്ടു പറയുന്നു. എന്നാൽ അന്ത്യത്താഴത്തെപ്പറ്റി യോഹന്നാൻ ഒന്നും പറയുന്നില്ല. എന്റെ ഓർമ്മക്കായിട്ടു ചെയ്യുവിൻ എന്ന് ലൂക്കാ

മാത്രമാണു പറയുന്നത്. എന്റെ രക്തമാണെന്നു പറഞ്ഞശേഷംഈ കാസയിലെ മുന്തിരിച്ചാറെന്നാണ് പറഞ്ഞിരിക്കുന്നത്. അന്ത്യത്താഴത്തോടനുബന്ധിച്ചു നടന്ന ശിഷ്യരുടെ കാൽ കഴുകൽ ബൈബിളിലെ തിളക്കമാർന്ന സംഭവമാണ്. എളിമയുടെയും, പരസ്നേഹത്തിന്റെയും ഉത്തമ മാതൃക. യേശുവിന്റെ സന്ദേശങ്ങളുടെ ആകെത്തുക. ഇവിടെയും യേശു പറയുന്നു ഞാൻ നിങ്ങൾക്ക് മാതൃക കാണിച്ചു തന്നിരിക്കുന്നു. ഞാൻ ചെയ്തതുതന്നെ നിങ്ങളും ചെയ്യണം. അങ്ങനെയെങ്കിൽ യേശുവിന്റെ സന്ദേശം നിറഞ്ഞു നിൽക്കുന്ന കാൽ കഴുകൽ എന്ന ക്രിയയെ എന്തുകൊണ്ട് സഭ കൂദാശയായിട്ട് ഉയർത്തിക്കാട്ടിയില്ല? പാദക്ഷാളനം അടിമകളുടെ ജോലിയായിരുന്നു. എന്തായാലും അപ്പം മുറിക്കലാണ് സഭ കൂദാശയായിട്ട് ഉയർത്തിക്കാട്ടിയത്. 1215-ൽ മാത്രം സഭയിൽ നിർബന്ധിതമാക്കിയ കുമ്പസാരം മുതലുള്ള കൂദാശകളൊന്നും യേശു മനസ്സറിഞ്ഞ് സ്ഥാപിച്ചിട്ടുള്ളതല്ല. യേശുവിന്റെ ദർശനങ്ങളോടു പൊരുത്തപ്പെട്ടു പോകുന്നതുമല്ല. യേശുവിനു പ്രിയങ്കരമായ മനുഷ്യസ്നേഹത്തിന്റെ ഒരു നിഴലാട്ടം പോലും ഇവിടെ കാണുന്നില്ല എന്നതാണ് പ്രധാന പോരായ്മ.

ആയതുകൊണ്ട് സഭാ നേതൃത്വം രൂപകല്പന ചെയ്തെടുത്ത ആചാരാനുഷ്ഠാനങ്ങളും, കാലാകാലങ്ങളിൽ രൂപപ്പെടുത്തിയെടുത്തു കൊണ്ടിരിക്കുന്ന വിശ്വാസ പ്രമാണങ്ങളും യേശുവിന്റെ ദർശനങ്ങളുമായിട്ടെത്രമാത്രം ഒത്തു പോകുന്നു എന്നു നോക്കിമാത്രം നമുക്ക് സ്വീകരിക്കുകയോ, നിരാകരിക്കുകയോ ചെയ്യാം. ജന്മപാപം ശുദ്ധീകരണസ്ഥലം, പാപമോചനം, ഭൂമിയിൽ വച്ചുതന്നെ സ്വർഗ്ഗത്തിൽ വിശുദ്ധരെ വാഴിക്കൽ, പ്രതിമാവണക്കം, സഭയുടെ സമ്പത്ത്, അധികാരം, ആർഭാടം ഇവിടെയൊക്കെ നമുക്ക് സംശയങ്ങൾ നിറഞ്ഞു നിൽക്കുകയാണ്. ഇവിടെ യേശുവിന്റെ ദർശനങ്ങളും, പഠനങ്ങളും, ദൈവം നമുക്കു തന്നിരിക്കുന്ന ബുദ്ധിയും, യുക്തിയും ഒക്കെ കൂട്ടി ഒരു തീരുമാനമെടുക്കാം. യേശുവിന് എതിർ സാക്ഷ്യം പറയുന്ന ഒന്നും അന്ധമായി വിശ്വസിക്കുവാൻ നമുക്ക് ബാദ്ധ്യതയുമില്ല. അങ്ങനെ ബാദ്ധ്യതയില്ലാത്ത ഒരു വിശ്വാസ വിഷയമാണ് ജന്മപാപം.

Mob : 9497632219

●●

# പള്ളിമുറ്റത്തെ കൊച്ചുവർത്തമാനം

**ജയിംസ് ഐസക്**

ചരിത്രം ഉറങ്ങിക്കിടക്കുന്ന രാമപുരം വലിയ ദേവാലയം കാണുവാൻ അവസരം ഉണ്ടായി. ഒന്നല്ല രണ്ടു പുരാതന ദേവാലയങ്ങൾ ഇവിടെ കാണാം. 500-ൽ പരം വർഷങ്ങൾ പഴക്കമുള്ളതാണു പഴയപള്ളി. ചെറിയ പള്ളിയിൽ രാമപുരം ഇടവകക്കാരുടെ വിശുദ്ധനായ വാഴ്ത്തപ്പെട്ട തേവർപറമ്പിൽ കുഞ്ഞച്ചന്റെ രൂപം ആദരവോടെ വണങ്ങപ്പെടുന്നു. ദളിത്‌വിഭാഗത്തിൽപ്പെട്ട പുതുക്രിസ്ത്യാനികൾ കേവലം അടിമകളെപ്പോലെ പരിഗണിക്കപ്പെട്ടിരുന്ന കാലത്ത് അവരുടെ വീടുകളിൽ കയറി ഇറങ്ങി ശുചിത്വത്തിന്റെ ബാലപാഠങ്ങൾ പഠിപ്പിച്ചും ക്രിസ്തുവിന്റെ സ്നേഹം പകർന്നു നൽകിയും ഒരു നല്ല സമറായക്കാരനെപോലെ സേവനം അനുഷ്ഠിച്ചിരുന്ന വാഴ്ത്തപ്പെട്ട കുഞ്ഞച്ചനെക്കുറിച്ചു കൂടുതൽ അറിയാൻ പള്ളിവക ബുക്സ്റ്റാളിൽ നിന്ന് ഒരു പുസ്തകം വാങ്ങി. വാഴ്ത്തപ്പെട്ടവൻ ജീവിച്ചിരുന്ന എളിയചുറ്റുപാടുകൾ കണ്ടു മനസ്സിലാക്കിയപ്പോൾ വലിയ അനുഭൂതിയാണുണ്ടായത്. മദർ തെരേസയേയും ഫാദർ ഡാമിയനെയും അനുസ്മരിപ്പിക്കുന്ന വിശുദ്ധരായ വ്യക്തികൾ സഭയ്ക്കു മഹത്വം ഉണ്ടാക്കുന്നു എന്നചിന്ത എന്നിൽ ഉയർന്നു വന്നു.

ബുക്സ്റ്റാളിനു സമീപം വലിയൊരു ഫ്‌ളക്സ് ബോർഡുകണ്ടു. അൽപം അകലെ നിർമ്മാണത്തിലിരിക്കുന്ന അതിഗംഭീരമായ പുത്തൻ ദേവാലയത്തിന്റെ ചിത്രമാണു ബോർഡിൽ പ്രദർശിപ്പിച്ചിരിക്കുന്നത്. നിർമ്മാണം പൂർത്തിയാകുമ്പോൾ ഇതായിരിക്കുമോ കേരളത്തിലെ ഏറ്റം വലിയ ദേവാലയം? എറണാകുളത്ത് അനേക കോടികൾ ചെലവഴിച്ചു ഇടപ്പള്ളിയിൽ ബ്രഹ്മാണ്ഡമായ ദേവാലയം നിർമ്മിച്ചു. രാമപുരം ദേവാലയം തീരുമ്പോൾ അറിയാം പാലാ രൂപത എറണാകുളം അതിരൂപതയെ മലർത്തി അടിക്കുമോ എന്ന്. ഇതിനിടയിൽ ചങ്ങനാശ്ശേരി പാറേൽ പള്ളിയിലെ മരിയൻ തീർഥാടന ദേവാലയം പൊളിച്ചു പണിയാൻ തീരുമാനിച്ചുകഴിഞ്ഞു. ഏതാനും കോടികൾ ചെലവു പ്രതീക്ഷിക്കുന്ന നിർമ്മാണത്തിന്റെ പ്ലാൻ തയ്യാറാക്കിക്കഴിഞ്ഞു. വിശ്വാസികൾ തങ്ങൾ നൽകാൻ ഉദ്ദേശിക്കുന്ന തുക എത്രയെന്നും എത്രനാൾകൊണ്ട് അടച്ചു തീർക്കുമെന്നും കൂടാതെ വരുമാനമുള്ള ഓരോ കുടുംബത്തിന്റെയും പേരും പ്രതിമാസവരുമാനവും വ്യക്തമാക്കി വിശുദ്ധ കുർബാനയുടെ മുമ്പാകെ സത്യവാഗ്ദാനം ചെയ്തു ഒപ്പിട്ടു രേഖ നൽകണമെന്നാണ് രൂപതാധികാരികൾ കല്പന പുറപ്പെടുവിച്ചിരിക്കുന്നത്. ചുരുക്കത്തിൽ ചങ്ങനാശ്ശേരി പാറേൽപള്ളി രാമപുരത്തെ പുതിയ ദേവാലയത്തെക്കാൾ ഗംഭീരമാകാനാണു സാധ്യത. ഇപ്രകാരം ഏതാനും വർഷങ്ങൾകൊണ്ട് നിരവധി ബാബേൽ ഗോപുരങ്ങൾ കേരളത്തിൽ നിർമ്മിക്കപ്പെടും. ഇവിടെ കത്തോലിക്കാ സമൂഹം ഒരു കാലത്തു വലിയ പ്രതാപത്തോടെ കഴിഞ്ഞിരുന്നു എന്നു ചരിത്രത്തിൽ രേഖപ്പെടുത്തുക തന്നെ ചെയ്യും.

വിശുദ്ധകുർബാന മുമ്പാകെവെച്ചു വാഗ്ദാന പത്രിക ഒപ്പിടണമെന്ന നിർദേശം ഒരു സമ്മർദ്ദ തന്ത്രമല്ലേ? ഭാവിയിൽ വാക്കുപാലിക്കാൻ പരാജയപ്പെടുന്ന വ്യക്തിയെ കുടിശ്ശികക്കാരനായി പ്രഖ്യാപിച്ചേക്കാം. അവർക്കു മരിച്ചടക്കും കൂദാശകളും നിഷേധിക്കപ്പെടാം. സത്യവിശ്വാസിയുടെ മർമ്മം നോക്കിയുള്ള ഈ പ്രയോഗം പണ്ടു റോമിലെ പത്രോസിന്റെ ദേവാലയം നിർമ്മിക്കാൻ ധനശേഖരണത്തിനായി ദണ്ഡവിമോചന കാർഡു വിറ്റതുപോലെ ഒരു നടപടിയല്ലേ? ജർമ്മനിയിൽ മാർട്ടിൻ ലൂഥർ ഇതിനെ എതിർത്തതും യൂറോപ്പിൽ സഭയ്ക്കെതിരായി വലിയ വിപ്ലവം ആരംഭിച്ചതും ഇവിടെ ഓർത്തുപോകുന്നു. പാറേൽ പള്ളിക്കു വേണ്ടിയുള്ള പണപ്പിരിവ് കേരളത്തിലെ ചങ്ങനാശ്ശേരി പ്രാദേശിക സഭയെ എങ്ങനെ സ്വാധീനിക്കും എന്നു കണ്ടറിയണം.

രാമപുരത്തെ പുതിയ ദേവാലയ നിർമ്മാണത്തെ ചൊല്ലി തുടക്കത്തിൽ ചില വിവാദങ്ങൾ നടന്നു. പഴയ ദേവാലയം പൂർണമായി പൊളിച്ചു മാറ്റി പുതിയതു നിർമ്മിക്കാനാണു അധികാരികൾ ഉദ്ദേശിച്ചത്. ചരിത്ര സ്മാരകങ്ങൾ ഇല്ലാതാക്കുന്നതു ഭാവി തലമുറയോടുള്ള വലിയ അപരാധമായിരിക്കുമെന്നു മനസ്സിലാക്കിയ ചില നല്ലയാളുകൾ അവസരോചിതമായി പ്രതികരിച്ചു. രൂപതയ്ക്കെതിരായി കേസുകൾ നടന്നു. ഒടുവിൽ പഴയ ദേവാലയം പുരാവസ്തുവായി പ്രഖ്യാപിക്കപ്പെട്ടു. 500 വർഷത്തിലേറെ പഴക്കമുള്ള പഴയ ദേവാലയം ഇപ്പോൾ ചരിത്ര സ്മാരകമായി സംരക്ഷിക്കപ്പെടുന്നു.

പുത്തൻപണംകൊണ്ടുവന്ന അഹങ്കാരത്താൽ പ്രേരിതമായി രൂപതാധികാരികൾ അനേക കോടികൾ ചെലവഴിച്ചു മറ്റൊരു ദേവാലയത്തിന്റെ നിർമ്മാണം ആരംഭിച്ചു. ഇതിന്റെ ചിത്രമാണു ബുക്സ്റ്റാളിന്റെ മുമ്പിൽ പ്രദർശിപ്പിച്ചിരിക്കുന്നത്.

ചിത്രം നോക്കിനിന്നുകൊണ്ട് ഈ ലേഖകൻ ചില അഭിപ്രായങ്ങൾ പറഞ്ഞു. ഞാൻ എന്റെ ഭാര്യയോടു സ്വകാര്യമായി പറഞ്ഞത് ബുക്സ്റ്റാളിന്റെ മാനേജരായ ഒരു കന്യാസ്ത്രീ കേട്ടു. കന്യാസ്ത്രീയും സംഭാഷണം ഏറ്റുപിടിച്ചു.

"എല്ലാവരും പഴയ വീടുകൾ പൊളിച്ചുമാറ്റി വലിയ മാളികകൾ പണിയുന്നു. പുത്തൻ കാറുകൾ വാങ്ങുന്നു. കർത്താവിനു വസിക്കാൻ നല്ല പള്ളി പണിയുന്നതാണു ചിലർക്കു പരാതി."

ഇതുകേട്ടു മന്ദഹസിച്ചതല്ലാതെ ഞാനോ എന്റെ ഭാര്യയോ ഒന്നും സംസാരിച്ചില്ല. അൽപം കഴിഞ്ഞപ്പോൾ ഞങ്ങളെ വാക്കുമുട്ടിച്ചുവെന്ന മട്ടിൽ സിസ്റ്റർ ഒരു ചോദ്യം" എന്താ അമ്മച്ചി ഒന്നും മിണ്ടാത്തെ? കർത്താവിനു നല്ല ദേവാലയം വേണ്ടേ?

എന്റെ ഭാര്യ മറുപടി പറഞ്ഞു. "കർത്താവിനു ഇത്ര വലിയ ഭവനം വേണമെന്നു തോന്നുന്നില്ല. വേണ്ടിയിരുന്നെങ്കിൽ പുൽക്കൂട്ടിൽ പിറക്കാതെ വല്ല കൊട്ടാരത്തിലും പിറക്കാമായിരുന്നല്ലോ?"

ആ സിസ്റ്റർ സംഭാഷണം തുടർന്നില്ല. അനേക കോടികൾ മുടക്കി ദേവാലയം നിർമ്മിച്ചാൽ വിനോദ സഞ്ചാരികൾ സന്ദർശിക്കാൻ വന്നേക്കും. ആത്മാവിലും സത്യത്തിലും ദൈവത്തെ ആരാധിക്കാൻ വരുന്നവർ വേറെ വഴിനോക്കും.

ചരിത്രസ്മാരകങ്ങൾ ഇല്ലാതാക്കി കൊട്ടാരങ്ങൾ നിർമ്മിക്കുന്ന ഒരു ദുഷിച്ച സംസ്കാരം ഇന്നു വളർന്നു വരുന്നു. പിതാക്കന്മാർ മൗനം ദീക്ഷിക്കുന്നു.

2014 ഡിസംബർ 14-ലെ മലയാളം വാരികയിൽ വളരെ ശ്രദ്ധേയമായ ഒരു ലേഖനം വായിച്ചു. തൃശൂർ ജില്ലയിൽ വേലൂർ ഇടവകയിലെ ജോൺ കള്ളിയത്ത് എന്ന ഒരു റിട്ടയേർഡ് അധ്യാപകനാണ് ലേഖന കർത്താവ്.

"അമ്മ കന്യാമണിതന്റെ നിർമ്മലദുഃഖങ്ങൾ " പുത്തൻപാനയിലൂടെ അവതരിപ്പിച്ച അർണ്ണോസ് പാതിരി വസിച്ച മന്ദിരം പൊളിച്ചുമാറ്റി പുതിയ ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിക്കാൻ 1971-ൽ വേലൂർ പള്ളി പൊതുയോഗം തീരുമാനിച്ചു. രൂപതാധ്യക്ഷന്റെ അനുവാദം വാങ്ങി പൊളിച്ചു പണി തുടങ്ങി. ചരിത്രസ്നേഹിയായ ജോൺ കള്ളിയത്ത് ഒറ്റയ്ക്കു പ്രതിഷേധിച്ചു. ഫാദർ സി.കെ.മറ്റം എഴുതിയ അർണ്ണോസ് പാതിരിയെക്കുറിച്ചുള്ള ലേഖനമാണ് അദ്ദേഹത്തിനു പ്രചോദനമായത്. തൃശൂർ നിന്നു പ്രസിദ്ധീകരിക്കുന്ന എക്സ്പ്രസ് പത്രം പാതിരിയുടെ ഭവനം പൊളിക്കുന്ന വാർത്തയും ലേഖനവും പത്രാധിപരുടെ കുറിപ്പോടുകൂടി പ്രസിദ്ധീകരിച്ചു. തൃശൂർ ബിഷപ് മാർ കുണ്ടുകുളം ഉടൻതന്നെ വേലൂർ വികാരിയുടെ നടപടി നിർത്തിവച്ചു. തുടർന്നുണ്ടായ സംഭവങ്ങൾ ചരിത്രസ്നേഹികൾക്കു വലിയ വിജയം നൽകി. മലയാള ഭാഷയെ സ്വന്തം ഭാഷയെക്കാൾ സ്നേഹിക്കുകയും ദേവമാതാവിന്റെ നിർമ്മല ദുഃഖങ്ങൾ പാടി നസ്രാണികളെ കോരിത്തരിപ്പിക്കുകയും ചെയ്ത അർണ്ണോസ് പാതിരിയുടെ ഭവനം ഇന്നും വിലയേറിയ ചരിത്ര സ്മാരകമായി നിലകൊള്ളുന്നു.

രാമപുരം സംഭവവും ഇതിനോടു ചേർന്നു നിൽക്കുന്ന ഒന്നുതന്നെ. പുതിയ ദേവാലയം ഉണ്ടാകുമോ ഇല്ലയോ എന്നതല്ല പ്രസക്തം. പഴയ ദേവാലയം നിലനിർത്തുവാൻ ഇടയായതിന്റെ പശ്ചാത്തല ചരിത്രം രാമപുരം ഇടവകയിലെ പ്രബുദ്ധരായ വിശ്വാസികൾ എഴുതി പ്രസിദ്ധീകരിക്കുമെന്നു പ്രത്യാശിക്കുന്നു. വേലൂർ ഇടവകയിലെ ജോൺ കള്ളിയത്തിനെപോലെ രാമപുരത്തു പ്രതിഷേധ ശബ്ദം ഉയർത്തിയ മഹത്വ്യക്തികളെക്കുറിച്ച് അറിയാൻ ആഗ്രഹിക്കുന്നു.

## ധനികരെ നിങ്ങൾക്കു സന്തോഷിക്കാം, ഇതാ നിങ്ങൾക്കായി അമ്പരപ്പിക്കുന്ന ദേവാലയങ്ങൾ

ജീവിതത്തിൽ ഒരിക്കലെങ്കിലും കണ്ടിരിക്കേണ്ട അതിശയകാഴ്ചകൾ എന്ന പേരിൽ റീഡേഴ്സ് ഡൈജസ്റ്റ്, നാഷനൽ ജോഗ്രഫിക്കൽ മാഗസിൻ തുടങ്ങിയ ഇന്റർനാഷണൽ പ്രസിദ്ധീകരണങ്ങൾ ഗ്രന്ഥങ്ങളും സി.ഡി.കളും പ്രചരിപ്പിക്കാറുണ്ട്. ലോകത്തിലെ അതിശയങ്ങളിൽ ഒന്നായ

ആഗ്രയിലെ താജ്മഹൽ ഈ പ്രസിദ്ധീകരണങ്ങൾ വഴി ലോക സഞ്ചാരികളുടെ ശ്രദ്ധ ആകർഷിച്ചുവരുന്നു. പ്രതിവർഷം അനേകായിരങ്ങൾ സന്ദർശിക്കുന്ന താജ്മഹൽ അത്ഭുതപ്പെടുത്തുന്ന കാഴ്ചതന്നെ.

റഷ്യൻ പ്രധാനമന്ത്രി ക്രൂഷ്ചേവ് ഇന്ത്യയിൽ വന്നപ്പോൾ നമ്മുടെ ഭരണാധികാരികൾ അദ്ദേഹത്തെ താജ്മഹൽ കാണിക്കാൻ കൊണ്ടുവന്നു. എല്ലാം ചുറ്റിനടന്നു കണ്ട ക്രൂഷ്ചേവിൽനിന്നു മികച്ച അഭിനന്ദന വാക്കുകൾ പ്രതീക്ഷിച്ച ഇന്ത്യൻ നേതാക്കന്മാർക്കു അത്ര സുഖകരമല്ലാത്ത ചില ചോദ്യങ്ങളാണു കേൾക്കേണ്ടിവന്നത്.

"ഈ മനോഹര മന്ദിരം നിർമ്മിക്കാൻ എത്ര തൊഴിലാളികൾ വിനിയോഗിക്കപ്പെട്ടു?

അവർക്കു ന്യായമായ വേതനം ലഭിച്ചോ? തൊഴിലാളികളുടെ ജീവിത നിലവാരം എപ്രകാരമായിരുന്നു?"

കാൾമാർക്സിന്റെയും ലെനിന്റെയും വിപ്ലവ തത്വങ്ങൾ പഠിച്ചു വളർന്ന കമ്മ്യൂണിസ്റ്റ് റഷ്യയുടെ പരമാധികാരിയായ ക്രൂഷ്ചേവിൽനിന്നു സാമൂഹ്യ നീതി അടിസ്ഥാനമാക്കിയ ചോദ്യങ്ങൾ ഉയർന്നതിൽ അത്ഭുതമില്ല, ഷാജഹാൻ ചക്രവർത്തി തൊഴിലാളികളോടു നീതി പാലിച്ചോ എന്നായിരുന്നു കമ്മ്യൂണിസ്റ്റ് ഭരണാധികാരിക്കു ആ സന്ദർഭത്തിൽ ചോദിക്കാൻ തോന്നിയത്.

ബ്രഹ്മാണ്ഡമായ ക്രൈസ്തവദേവാലയങ്ങൾ സന്ദർശിക്കുന്ന ക്രിസ്തുഭക്തർ ആരെങ്കിലും ഈ നിർമ്മിതികൾ ക്രിസ്തുവിന്റെ വീക്ഷണങ്ങൾക്കു യോജിക്കുമോ എന്നു ചിന്തിക്കാറുണ്ടോ?

യൂറോപ്പിൽ ക്രൈസ്തവ രാജാക്കന്മാർ നിർമ്മിച്ച ദേവാലയങ്ങൾ ഇന്നു ടൂറിസ്റ്റുകളെ ആകർഷിക്കുന്നു. 16-ാം നൂറ്റാണ്ടിൽ റോമിൽ നിർമ്മിച്ച പത്രോസിന്റെ ബസ്ലീക്കായും അമ്പരപ്പിക്കുന്ന ദേവാലയം തന്നെ. അടുത്തകാലത്ത് നമ്മുടെ കേരളത്തിലും അനേക കോടികൾ ചെലവഴിച്ച് ആരെയും അത്ഭുതപ്പെടുത്തുന്ന ഒരു മനോഹര ദേവാലയം പൂർത്തിയാക്കി. ഇടപ്പള്ളിയിലെ വി. ഗീവർഗീസിന്റെ നാമത്തിലുള്ള ദേവാലയം ദൈവം വസിക്കുന്ന ആലയമോ ആരെയും വിഭ്രമിപ്പിക്കുന്ന അതിശയക്കാഴ്ചയോ എന്നു കാഴ്ചക്കാർ പറയട്ടെ. ഇപ്പോൾ നൂറുകണക്കിനു സന്ദർശകർ കാഴ്ചകാണാൻ എത്തുന്ന രണ്ടു പ്രമുഖ സ്ഥാപനങ്ങളാണ് ഇടപ്പള്ളിയിലെ ലുലുമാളും വി. ഗീവർഗീസിന്റെ ദേവാലയവും.

ഭൂമിയിൽ രണ്ടോ മൂന്നോ പേർ എന്റെ നാമത്തിൽ ഒരുമിച്ചു കൂടിയാൽ അവരുടെ മദ്ധ്യേ ഞാൻ ഉണ്ടായിരിക്കും എന്ന ക്രിസ്തു വചനം സത്യമെങ്കിൽ ദൈവം വസിക്കുന്ന ദേവാലയത്തിനു കോടികൾ ചെലവഴിച്ചു ബ്രഹ്മാണ്ഡ മന്ദിരം നിർമ്മിക്കേണ്ടതില്ല.

ഇസ്രായേലിന്റെ രാജാവായിരുന്ന ദാവീദ് ദൈവത്തിനു വസിപ്പാൻ ആലയം നിർമ്മിക്കാൻ ആഗ്രഹിച്ചു. പുത്രനായ സോളമനാണു ദേവാലയം നിർമ്മിച്ചത്. രാജാക്കന്മാരുടെ പുസ്തകവും നിയമാവർത്തന ഗ്രന്ഥവും ഈ ദേവാ

ലയ നിർമ്മാണത്തിന്റെ അത്ഭുത വിവരണം നൽകുന്നു. കൽപനകൾ പാലിച്ചു ജീവിച്ചാൽ മാത്രമേ ദൈവം ഈ ആലയത്തിൽ വസിക്കൂ എന്നു മുന്നറിയിപ്പുണ്ടായിരുന്നു. എഴുന്നൂറോളം ഔദ്യോഗിക ഭാര്യമാരും മൂന്നൂറിൽപരം വെപ്പാട്ടികളുമായി ജഡിക സുഖങ്ങളിൽ മുഴുകി ജീവിച്ച രാജാവിനു ദൈവകൽപന അനുസരിച്ചു ജീവിക്കാൻ സാധിച്ചില്ല.

വിജാതീയരായ ഭാര്യമാരെ സന്തോഷിപ്പിക്കാൻ അന്യ ദൈവങ്ങൾക്കും ആലയങ്ങൾ നിർമ്മിച്ച സോളമനെ ദൈവം ശിക്ഷിച്ചു. രാജ്യം വിഭജിക്കപ്പെട്ടു. പേർഷ്യൻ രാജാവായ നെബുക്കദ്നാസർ ജറൂസലേം ദേവാലയം ആക്രമിച്ചു. യഹൂദരെ അടിമകളാക്കി. ജനം പശ്ചാത്തപിച്ചപ്പോൾ സൈറസ് എന്ന രാജാവ് യഹൂദർക്ക് സ്വാതന്ത്ര്യം പ്രഖ്യാപിച്ചു. എസ്രാ, നെഹമിയാ എന്നീ നേതാക്കൾ ജനത്തെ സംഘടിപ്പിച്ചു ദേവാലയം പുതുക്കി പണിതു. കുറെക്കാലം വീണ്ടും ജനം ദൈവത്തിന്റെ കാരുണ്യം അനുഭവിച്ചു. എന്നാൽ ഗ്രീക്കുകാർ യൂദയാ ആക്രമിച്ചു. യൂദാ മക്കബായ എന്ന നേതാവ് യഹൂദജനത്തെ വിജയത്തിലേക്കു നയിക്കുകയും ദേവാലയം നവീകരിക്കുകയും ചെയ്തു. വീണ്ടും ജനം തിന്മയിലേക്കു തിരിഞ്ഞു. അപ്പോൾ റോമാക്കാരിൽനിന്നും ആക്രമണം നേരിട്ടു. റോമൻ ഭരണം തുടരുമ്പോൾ തന്നെ സാമന്ത രാജാവായ ഹേറോദേസ് ജറൂസലേം ദേവാലയം നവീകരിച്ചു. തന്റെ സ്വന്തമായിരുന്ന സ്വർണ തളികകൾപോലും വിറ്റഴിച്ചു ദേവാലയം മനോഹരമാക്കിയതിനാൽ ജനം സന്തോഷിച്ചു. എന്നാൽ ഹേറോദേസ് ദൈവത്തെ പ്രീതിപ്പെടുത്താനല്ല ദേവാലയം നവീകരിച്ചത്. സ്വന്തം യശസ്സിനു വേണ്ടിയായിരുന്നു ആ രാജാവു പണം ചെലവഴിച്ചത്.

ക്രിസ്തുവിന്റെ കാലത്ത് മനോഹരമായ ദേവാലയം യഹൂദർക്കുണ്ടായിരുന്നു. ഈ ദേവാലയത്തിന്റെ ഗോപുരമുകളിൽനിന്നു ചാടാനാണു സാത്താൻ യേശുവിനെ പ്രലോഭിപ്പിച്ചത്. ദൈവദൂതന്മാർ കൈകളിൽ താങ്ങുന്ന രംഗം കണ്ടു ജനം അത്ഭുതപ്പെടുമെന്നാണു സാത്താൻ ഉപദേശിച്ചത്. ഇന്നു ജറുസലേമിൽ ദേവാലയം ഇല്ല. പഴയമതിലുകൾ മാത്രം നിലനിൽക്കുന്നു.

ഇന്നു സഭയുടെ ഉന്നതസ്ഥാനത്തിരിക്കുന്നവർ മറ്റൊരു പ്രലോഭനത്തിനു വഴങ്ങുന്നു. ജനങ്ങളിൽ നിന്നു കോടികൾ പിരിച്ചെടുത്തു ഇതര സമൂഹങ്ങളെ അസൂയപ്പെടുത്തുമാറ് ബ്രഹ്മാണ്ഡ ദേവാലയങ്ങൾ പണിയുന്നു. ലക്ഷങ്ങൾ മുടക്കി പത്രങ്ങളിൽ പരസ്യം. മെത്രാന്മാരുടെയും വൈദിക പ്രമുഖരുടെയും ഇടവക പ്രമാണിമാരുടെയും ചിരിക്കുന്ന മുഖം പരസ്യത്തിൽ ഉണ്ടാകും. ഏതാനും മന്ത്രിമാരെ കൂടി വിളിച്ചുവരുത്തി മഹായോഗം. പുതിയ ദേവാലയത്തിന്റെ നിർമാണ സവിശേഷതകൾ പത്രവാർത്തകളായും ടി.വി.ന്യൂസായും ജനങ്ങളുടെ ചർച്ചാവിഷയമാകും.

പ്രശസ്തിക്കുവേണ്ടിയുള്ള ആഹ്വാനങ്ങളൊന്നും ആദിമസഭയിൽ പിതാക്കന്മാർ നടത്തിയിട്ടില്ല. കോൺസ്റ്റന്റൈൻ രാജാവു ക്രിസ്തുമതം സ്വീകരിച്ചതുമുതൽ സഭയിൽ ഭൗതികതയുടെ വളർച്ച ആരംഭിച്ചു. പതി

നഞ്ചും പതിനാറും നൂറ്റാണ്ടുകൾ സഭാചരിത്രത്തിലെ ഇരുണ്ട കാലഘട്ടമായിരുന്നു. പത്രോസിന്റെ ബസ്ലിക്കാ ഉണ്ടായതിനെ തുടർന്നു ഇസ്രായേൽ പിളർന്നതുപോലെ ക്രിസ്തുമതവും പിളർന്നു. ഇന്നു ആയിരത്തിലേറെ വിഭിന്ന സഭകളാണു ക്രിസ്തുവിനെ പ്രഘോഷിക്കുന്നത്.

ഭൗതിക പ്രതാപത്തിനുവേണ്ടി സഭാധികാരികൾ ചെയ്തുകൂട്ടുന്നതെല്ലാം അതേപടി അംഗീകരിക്കാൻ പാവപ്പെട്ട വിശ്വാസികൾ തയ്യാറാകുന്നു.

ഡൊമിനിക് ലാപിയർ എഴുതിയ 'ഫ്രീഡം അറ്റ് മിഡ്നൈറ്റ്' എന്ന ഗ്രന്ഥം ഇപ്പോൾ സഫാരി ചാനലിൽ സീരിയലായി കാണാം. ഇന്ത്യയിലെ 600-ൽ പരം രാജാക്കന്മാർ പ്രശസ്തിക്കുവേണ്ടി ചെയ്തിരുന്ന കോപ്രായങ്ങൾ ഈ സീരിയലിൽ വിശദമാക്കിയിട്ടുണ്ട്.

കടുവാവേട്ടയിൽ തൽപരനായിരുന്ന ഒരു രാജാവ് കാട്ടിൽ വേട്ടയാടാൻ പോകുമ്പോൾ കടുവയെ ആകർഷിക്കാൻ ജീവനുള്ള മനുഷ്യശിശുക്കളെ കാട്ടിൽ കിടത്തിയിരുന്നു. ചിലപ്പോൾ കടുവ ഈ ശിശുക്കളെ കടിച്ചു തിന്നുകയും ചെയ്തിരുന്നു. രാജഭയം മൂലം ഈ ദുർനടപടിയെ ആരും എതിർത്തിരുന്നില്ല. രാജാവു കൺകണ്ട ദൈവമെന്നു പാവങ്ങൾ വിശ്വസിച്ചു.

നൂറുകണക്കിനു പട്ടികളെ വളർത്തുന്നതായിരുന്നു മറ്റൊരു രാജാവിന്റെ ഇഷ്ടവിനോദം. ചിലപ്പോൾ ഒരു ആൺപട്ടിയുടെയും പെൺപട്ടിയുടെയും വിവാഹം ആഡംബരമായി നടത്തും. ഇതിനായി മറ്റു രാജാക്കന്മാരെ ക്ഷണിച്ചു വരുത്തുകയും ആഡംബര വിരുന്നുകൾ നടത്തുകയും ചെയ്തു. ബ്രിട്ടീഷ് വൈസ്രോയി ആയിരുന്ന ലൂയി മൗണ്ട് ബാറ്റനെ ഒരിക്കൽ ഒരു പട്ടിക്കല്യാണത്തിനു ക്ഷണിച്ചു. അദ്ദേഹം ബോധപൂർവം ക്ഷണം നിരസിച്ചു. വിവാഹിതരായ പട്ടികളെ രാജവീഥിയിലൂടെ എഴുന്നള്ളിക്കുന്നതിനും ലക്ഷക്കണക്കിനു രൂപ ചെലവഴിച്ചു.

നമ്മുടെ കൊച്ചു തിരുവിതാംകൂറിലും രാജകുടുംബവും ദിവാൻജിമാരും ആഡംബരങ്ങൾക്കായി ധൂർത്ത് നടത്തിയിരുന്നു. ഇതിനെ വിമർശിച്ചതിനാണു സ്വദേശാഭിമാനി രാമകൃഷ്ണപിള്ള നാടുകടത്തപ്പെട്ടത്. വിമർശകരെ ഒതുക്കുക എന്നതാണു രാജാക്കന്മാരുടെ നയം. രാജാവ് അന്നദാതാവായ പൊന്നുതമ്പുരാൻ എന്നു വിളിക്കപ്പെട്ടിരുന്നു.

പാവങ്ങളിൽ വിശുദ്ധന്മാരോടുള്ള ഭക്തി കൃത്രിമമായി വർദ്ധിപ്പിച്ചു വരുമാനം ഉണ്ടാക്കുന്ന നയത്തിനു സഭയുടെ അധികാരികൾ കൂട്ടുനിൽക്കുന്നു. രൂപതാദ്ധ്യക്ഷന്മാരും സന്യാസസഭകളുടെ സൂപ്പീരിയർ ജനറൽമാരും ധ്യാനകേന്ദ്രങ്ങൾ നടത്തുന്നവരും ഇതു തന്നെയാണു ചെയ്യുന്നത്.

ഇടപ്പള്ളിയിലെ പുതിയ ദേവാലയം സന്ദർശിക്കുന്ന ഏതൊരാൾക്കും വലിയ കാഴ്ചകാണാം. സ്വർണപ്രകാശം ചൊരിയുന്ന മദ്ബഹാ. ഉത്ഥിതനായ ക്രിസ്തു. മാർതോമ്മാകുരിശ് ഇല്ലെന്നുള്ള ആശ്വാസം. റോമിലെ ദേവാലയങ്ങളിൽ കാണുന്നതുപോലെ മനോഹരമായ ചിത്രങ്ങൾ. ഇതെല്ലാം കേരളത്തിലെ ഇതര ക്രൈസ്തവ കേന്ദ്രങ്ങളിൽ പ്രലോഭനം

ഉണർത്തുന്നു. അടുത്തുതന്നെ രാമപുരത്ത് അതിഗംഭീരമായ ദേവാലയം പണിപൂർത്തിയാകും. കോട്ടയത്തും ഇരുപത്തഞ്ചുകോടിയുടെ പുതിയ ദേവാലയം പൂർത്തിയായിവരുന്നു. ചങ്ങനാശ്ശേരി പാറേൽപള്ളിയുടെ ആധുനികമായ നവീകരണത്തിനു പ്രചരണം തുടങ്ങി. ധനികരേ നിങ്ങൾക്കു ദുരിതം എന്നു ക്രിസ്തു പറഞ്ഞു: ധനികരേ നിങ്ങൾക്കു സന്തോഷിക്കാം. നിങ്ങൾക്കായി അതിമനോഹരമായ ദേവാലയങ്ങളും ഉന്നത സ്ഥാപനങ്ങളും സഭ പണിയും എന്ന് ഇന്നത്തെ സഭാധികാരികൾക്കു പറയാം.

Mob : 9847126316

□□

# ഒരു കത്ത്

**സെബാസ്റ്റ്യൻ മാത്യു**

2015 ജൂൺ മാസത്തിലെ സത്യദീപത്തിൽ വന്ന അഡ്വ. ഫിലിപ്പ് പഴേമ്പിള്ളിയുടെ കത്തിനെ ആസ്പദമാക്കിയാണ് ഇതെഴുതുന്നത്.

ഒരുകാലത്ത് സഭയിൽ ആരാധനയും മറ്റും നടത്തിയിരുന്നത് സുറിയാനി ഭാഷയിലും ലത്തീനിലുമായിരുന്നു. അന്ന് ജനങ്ങൾ കൂർബാനയും മറ്റും കാണുകയായിരുന്നു. അർഥമറിയാതെ നോക്കുകുത്തികളെപ്പോലെ നില്ക്കാനേ ജനത്തിന് കഴിഞ്ഞുള്ളൂ. എന്നാൽ പിന്നീട് പ്രാദേശികവൽകരണവും അതാത് പ്രാദേശിക ഭാഷകളിൽ ആരാധനക്രമം പരിഷ്കരിക്കുകയും ചെയ്തു. ഇതുമൂലം അൽമായർക്ക് പ്രാർഥനയിൽ കൂടുതൽ പങ്കാളിത്തം ലഭിക്കുകയും കൂടാതെ അർഥം ഗ്രഹിക്കാനും കഴിഞ്ഞു. എന്നാൽ ക്രിസ്തുവിന്റെ പ്രബോധനത്തിനു വിരുദ്ധമായി പൗരോഹിത്യത്തിനു പ്രാധാന്യം കൊടുത്തുകൊണ്ടുള്ള ചില സംഗതികൾ ഇതിൽ കടന്നുകൂടിയതിന്റെ തെളിവാണ് ലേഖകൻ ചൂണ്ടിക്കാട്ടുന്നത്. ക്രിസ്തു ദരിദ്രനെയും ധനവാനെയും പണ്ഡിതനെയും പാമരനെയും മറ്റെല്ലാവരെയും ഒരേപോലെ കാണാനാണ് പഠിപ്പിച്ചത്. ബൈബിളിലെ ധനവാനും ദരിദ്രനും പ്രാർഥിക്കുന്നത് ക്രിസ്തു ഉപമയായി കാണിക്കുന്നുണ്ട്. ഇപ്പോഴത്തെ പ്രാർഥനയിൽ ആദ്യം മാർപാപ്പായ്ക്കും അവസാനം പാവപ്പെട്ട ജനങ്ങൾക്കും വേണ്ടിയാണ് ബലി അർപ്പിക്കുന്നത്. ഇത് ആത്മീയതയിൽപ്പോലും തുല്യത ലഭിക്കുന്നില്ലെന്നതിന്റെ തെളിവായി പാവം ജനം കണ്ടാൽ അവരെ കുറ്റപ്പെടുത്താനാവില്ല. ക്രിസ്തുവിന്റെ കാലഘട്ടത്തിൽ അദ്ദേഹം ഇതിനെതിരെ ശബ്ദമുയർത്തിയതാണ്. അന്നും മഹാപുരോഹിതന്മാരുണ്ടായിരുന്നു. അതുകൊണ്ട് പ്രാർഥനകളും ആരാധനകളും ക്രിസ്തുവിന്റെ പ്രബോധനങ്ങൾക്കനുസൃതമായാലെ യഥാർഥ ദൈവസ്നേഹം ജനത്തിന് ലഭിക്കുകയുള്ളൂ.

# മുടക്ക് കൽപനയ്ക്കെതിരെ കോടതിവിധി ക്രൈസ്തവസഭകൾക്ക് തിരിച്ചടി

മുടക്കിനെതിരെയുള്ള കോടതിവിധി ക്രൈസ്തവസഭകൾക്ക് തിരിച്ചടിയാവുന്നു.

ക്രൈസ്തവസഭയ്ക്കെതിരെ പ്രതിഷേധിക്കുന്ന വിശ്വാസികളെ ഇടവകപള്ളികളിൽനിന്നും മുടക്കി പുറത്താക്കുന്ന നടപടികൾ യഥേഷ്ടം നടക്കാറുണ്ട്. എന്നാൽ ഇനി മുടക്കി പുറത്താക്കാൻ സഭകൾക്ക് സാധിക്കില്ല. ക്രൈസ്തവ സഭകളെ സംബന്ധിച്ച് വിശ്വാസികളുടെ നേർക്കുള്ള അച്ചടക്കത്തിന്റെ വാൾ ആയിരുന്നു പള്ളികളിൽനിന്നും മുടക്കി പുറത്താക്കുക. പ്രതിഷേധിച്ചാൽ മുടക്കി പുറത്താക്കുമെന്ന് ഭയന്ന് പല വിശ്വാസികളും പ്രതികരിക്കാറില്ല. കോടതിവിധിയോടെ സഭയിൽ നടക്കുന്ന ചില അന്യായങ്ങൾക്കെതിരെ ഭാവിയിൽ വിശ്വാസികൾ കടുത്ത പ്രതിഷേധവുമായി രംഗത്തുവരുമെന്നുറപ്പായി.

യാക്കോബായ സഭയുടെ ശ്രേഷ്ഠ കാതോലിക്കാ ബസേലിയസ് തോമസ് പ്രഥമൻ ബാവ യാക്കോബായ അൽമായ ഫോറം വർക്കിങ് പ്രസിഡന്റ് പോൾ വർഗീസിനെ സഭയിൽനിന്നും ഇടവകപള്ളിയിൽനിന്നും മുടക്കി പുറത്താക്കിക്കൊണ്ട് 2013 മാർച്ച് നാലിന് പുറപ്പെടുവിച്ച മുടക്കു കൽപന കോലഞ്ചേരി മുൻസിഫ് കോടതി റദ്ദാക്കി. മുൻസിഫ് കെ. പി. പ്രദീപിന്റെ വിധിയിൽ മുടക്കുകൽപന ശാശ്വതമായി നിരോധിച്ചിട്ടുണ്ട്. ഈ ഉത്തരവ് ക്രൈസ്തവ സഭകൾക്ക് തിരിച്ചടിയാകുമെന്നാണ് ചിലർ ചൂണ്ടിക്കാട്ടിയത്. കേരളത്തിലെ ക്രൈസ്തവ സഭകളുടെ ചരിത്രത്തിൽ ആദ്യമായിട്ടാണ് ഒരു വ്യക്തി മുടക്കിനെതിരെ നിയമനടപടിയിലൂടെ അനുകൂല വിധി സമ്പാദിച്ചത്.

സഭാനേതൃത്വ നിലപാടുകൾക്കെതിരെ പ്രതികരിക്കുന്നവരെയും വിശ്വാസ ആചാരങ്ങളോട് എതിർപ്പ് കാണിക്കുന്നവരെയും ഒതുക്കുന്നതിനുള്ള സഭാനേതൃത്വങ്ങളുടെ അവസാന ആയുധമായിരുന്നു മുടക്കു കൽപനകൾ. മിക്കവാറും എല്ലാ സഭകളും ഇത്തരത്തിൽ ആളുകളെ മുടക്കി സഭകളിൽനിന്നും പുറത്താക്കാറുണ്ട്.

എന്നാൽ സഭാസംവിധാനങ്ങളോട് വെല്ലുവിളിക്കാൻ ശേഷിയില്ലാത്തതിനാൽ ഇങ്ങനെ മുടക്കപ്പെടുന്നവർ മറ്റ് സഭകളിൽ ചേക്കേറുകയോ അല്ലെങ്കിൽ നിരീശ്വരവാദികളായി മാറുകയോ ആണ് ചെയ്തിരുന്നത്' പോൾ വർഗീസ് ചൂണ്ടിക്കാട്ടി.

സഭയുടെ നേതൃനിലപാടിനെതിരെ പരസ്യമായി പ്രതികരിച്ചതിന് 2013 മാർച്ച് 4 നാണ് യാക്കോബായ സഭയുടെ മാധ്യമസുവിശേഷ വക്താവ് സ്ഥാനം വഹിച്ചിരുന്ന പോൾ വർഗീസിനെയും കുടുംബത്തെയും കാതോലിക്കാ ബസേലിയസ് തോമസ് പ്രഥമൻ സഭയിൽനിന്ന് മുടക്കി കൽപ

നയിറക്കിയത്. മുടക്കപ്പെട്ടവരോടൊപ്പം കൂടുന്നവരും മുടക്കപ്പെട്ടവരായിരിക്കുമെന്നും കൽപനയിൽ കാതോലിക്കാ ബാവ വ്യക്തമാക്കിയിരുന്നു. ഇതിനെതിരെ പോൾ വർഗീസ് കോലഞ്ചേരി മുൻസിഫ് കോടതിയെ സമീപിക്കുകയായിരുന്നു. രണ്ടുവർഷം നീണ്ടുനിന്ന വാദപ്രതിവാദത്തിനൊടുവിലാണ് മുടക്കുകൽപന നിരോധിച്ചുകൊണ്ടുള്ള കോടതിവിധിയുണ്ടായത്. വാദത്തിന്റെ ഭാഗമായി ബൈബിൾ, സൺഡേ സ്കൂൾ അഞ്ചാം ക്ലാസ് പാഠപുസ്തകം അടക്കമുള്ള രേഖകൾ കോടതിയിൽ ഹാജരാക്കിയിരുന്നു. മാമ്മോദീസാ മുങ്ങി സഭയോട് ചേർന്ന വ്യക്തിയെ പുറത്താക്കുന്നത് സഭയുടെ അടിസ്ഥാനവിശ്വാസങ്ങളുടെ ലംഘനമാണെന്ന് കോടതി വിധിയിൽ പറയുന്നു. വിധിയിൽ മറ്റൊരിടത്ത് പറയുന്നതിങ്ങനെയാണ്:

**'സഭയെന്നാൽ ക്രിസ്തുവിന്റെ ശരീരമാണ്. സഭാധ്യക്ഷനും വാദിയും ക്രിസ്തുവിന്റെ ശരീരത്തിലെ ഭാഗങ്ങളായിരിക്കെ ഒരവയവത്തെ പുറത്താക്കാൻ മറ്റൊന്നിന് അവകാശമില്ല. ആയതിനാൽ കാതോലിക്കാബാവ പുറപ്പെടുവിച്ച മുടക്കുകൽപന റദ്ദാക്കുന്നു.'**

വിശ്വാസികളെ ഇടവകയിൽ നിന്നും പുറത്താക്കുന്നത് കോടതി നിരോധിച്ചിട്ടുണ്ട്. യാക്കോബായ സഭയിലെ ആഭ്യന്തര തർക്കങ്ങളാണ് കേസിന് പിന്നിലെങ്കിലും കോടതിവിധി ഇതരക്രൈസ്തവ സഭകൾക്കും തിരിച്ചടിയാണ്.

2012-ലെ സി.പി.ഐ.(എം) സംസ്ഥാനസമ്മേളനത്തോടനുബന്ധിച്ച് നടത്തിയ ഫോട്ടോ പ്രദർശനത്തിൽ പങ്കെടുത്ത സഭയിലെ മെത്രാപ്പോലീത്ത ഗീവർഗീസ് മാർ കുറിലോസ് യേശുക്രിസ്തുവിനെക്കുറിച്ച് നടത്തിയ പരാമർശങ്ങളാണ് പ്രശ്നങ്ങൾക്ക് തുടക്കമിട്ടത്. ചെഗുവേര, ലെനിൻ തുടങ്ങിയ വിപ്ലവകാരികളെപ്പോലെയാണ് യേശുവും എന്നായിരുന്നു അദ്ദേഹത്തിന്റെ പരാമർശം. ഇതിനെതിരെ സഭയുടെ മാധ്യമസുവിശേഷവക്താവ് സ്ഥാനം വഹിച്ചിരുന്ന പോൾ വർഗീസിന്റെ നേതൃത്വത്തിൽ മെത്രാപ്പോലീത്തമാരായ കുര്യാക്കോസ് മാർ ദിയസ്കോറസ്, ഗീവർഗീസ് മാർ അത്തനാസിയോസ്, സ്ലീബാപോൾ വട്ടവേലിൽ, കോർ എപ്പിസ്കോപ്പ ഫാ. വർഗീസ് കല്ലാപ്പാറ തുടങ്ങിയവർ രംഗത്തുവന്നു. ഇവർ മലേക്കുരിശ് ദയറായിൽ പത്രസമ്മേളനം വിളിച്ചു ചേർത്തു. ഇതോടെ പോൾ വർഗീസ് സഭാ നേതൃത്വത്തിന് അനഭിമതനാകുകയും, ഒടുവിൽ മുടക്കപ്പെടുകയുമായിരുന്നു. ഇതിനെതിരെ പോൾവർഗീസ് കോലഞ്ചേരി കോടതിയിൽ ഹർജി നൽകി. പ്രാരംഭ ഘട്ടത്തിൽതന്നെ മുടക്ക് കൽപനയ്ക്കെതിരെ കോടതിയിൽനിന്നും നിരോധന ഉത്തരവ് നേടുകയുണ്ടായി. കൂടാതെ ഹൈക്കോടതിയിൽനിന്ന് പോൾ വർഗീസിന് പോലീസ് സംരക്ഷണ ഉത്തരവും ലഭിക്കുകയുണ്ടായി.

യാക്കോബായ സഭയിൽ സാധാരണയായി ശിശുസ്നാനമാണ് (മാമോദീസ) നടക്കുന്നത്. ഒരാൾ മാമോദീസ സ്വീകരിക്കുമ്പോൾ നാല് നൽവരങ്ങൾ ലഭിക്കുന്നു. (1) പുത്ര സ്വീകാരം, (2) പാപമോചനം, (3) പരിശുദ്ധാത്മദാനം, (4) ക്രിസ്തുസഭയുടെ അംഗമാകൽ.

മാമോദീസായോടൊപ്പം മൂറോൻ അഭിഷേകവും കുർബാനയും നൽകുന്നു. ഈ കർമ്മങ്ങളെല്ലാം പുരോഹിതനാണ് നൽകുന്നതെങ്കിലും

പരികർമ്മിയായ പുരോഹിതൻ ക്രിസ്തുവിന്റെ ശുശ്രൂഷകനും ദൈവിക കർമങ്ങളുടെ ഗ്രഹവിസ്താരകനുമായി നിയമിക്കപ്പെട്ടിരിക്കുന്നു. അതിനാൽ യഥാർഥ കാർമികൻ ക്രിസ്തുതന്നെയാണ് എന്നും സഭ പഠിപ്പിക്കുന്നു. മാമ്മോദീസ സ്വീകരിച്ചുകഴിഞ്ഞ വ്യക്തി ക്രിസ്തുവിന്റെ ശരീരത്തിലെ അവയവമായി മാറുന്നു. സഭയുടെ വിശ്വാസങ്ങൾ പഠിപ്പിക്കുന്ന അഞ്ചാം ക്ലാസ് പാഠപുസ്തകത്തിൽ കൊരിന്ത്യർ 12-ാം അദ്ധ്യായം 12 മുതലുള്ള ഭാഗത്ത് ഇത് വിശദമാക്കുന്നതിങ്ങനെ.

**'ശരീരം ഒന്നുതന്നെ. കണ്ണിന് കയ്യോട് നിന്നെക്കൊണ്ട് എനിക്ക് ആവശ്യമില്ലെന്ന് പറയുവാൻ നിവർത്തിയില്ല. നിങ്ങളെക്കൊണ്ട് എനിക്ക് ആവശ്യമില്ലെന്ന് തലയ്ക്ക് കാലുകളോടും പറയാൻ നിവൃത്തിയില്ല. ഒരവയവം വേദന അനുഭവിക്കുമ്പോൾ എല്ലാ അവയവങ്ങളും വേദന അനുഭവിക്കുന്നു. ഒരവയവം മാനിക്കപ്പെടുമ്പോൾ എല്ലാ അവയവവും മാനിക്കപ്പെടുന്നു.'**

ഇക്കാര്യങ്ങൾ വാദിക്കുന്നതിൽ ഹർജിക്കാരന്റെ അഭിഭാഷകരായ അഡ്വ. സാബു തൊഴുപ്പാടൻ, അഡ്വ ബാബു കറുകപ്പാടത്ത് എന്നിവർ വിജയം കണ്ടതോടെയാണ് സഭയുടെ രണ്ടായിരം കൊല്ലത്തെ ചരിത്രത്തിൽ ആദ്യമായി ഇത്തരം ഒരു കോടതി വിധി ഉണ്ടായതെന്ന് പരാതിക്കാരനായ പോൾ വർഗീസ് ചൂണ്ടിക്കാട്ടി.

ഓർത്തഡോക്സ് സഭയും യാക്കോബായ സഭയും തമ്മിലുള്ള തർക്കം തുടങ്ങിയിട്ട് ഒരു നൂറ്റാണ്ടായി. രണ്ട് സഭകളിലും ആഭ്യന്തര സംഘർഷങ്ങൾ നിലനിൽക്കുകയാണ്. സമീപകാലത്ത് രണ്ട് സഭകൾക്കെതിരെയും നിരവധി സുവിശേഷ ഗ്രൂപ്പുകളും പ്രൊട്ടസ്റ്റന്റ് പെന്തക്കോസ്ത് വിഭാഗങ്ങളും പ്രവർത്തനങ്ങൾ സജീവമാക്കിയിരുന്നു. വിവിധ സഭകളിൽപ്പെട്ട നിരവധി വിശ്വാസികളാണ് ഇത്തരം സംഘടനകളുടെ യോഗങ്ങളിലും പ്രാർഥനാ കൂട്ടായ്മകളിലും പങ്കെടുക്കുന്നത്. യാക്കോബായ - ഓർത്തഡോക്സ് സഭകളിൽ നിന്ന് ഇത്തരം കൂട്ടായ്മകളിലേക്ക് വിശ്വാസികളുടെ ഒഴുക്ക് വർധിച്ചതോടെ ഇവരെ മുടക്കാൻ സഭാനേതൃത്വങ്ങൾ തീരുമാനിച്ചിരുന്നു. ഇത്തരം നീക്കങ്ങൾക്കടക്കമുള്ള തിരിച്ചടിയാണ് പുതിയ കോടതിവിധി.

(കടപ്പാട് : കേരളശബ്ദം, 2015 ആഗസ്റ്റ് 16)

## പത്രാധിപക്കുറിപ്പ്

നല്ല ഇടയൻ തന്റെ ആട്ടിൻകൂട്ടത്തിൽനിന്ന് ഒരാട് നഷ്ടപ്പെട്ടാൽ അതിനെ അന്വേഷിച്ച് അലയും എന്നും ആ ആട്ടിൻകുട്ടിയെ വീണ്ടെടുത്താൽ ഇടയൻ ആഹ്ലാദിക്കുമെന്നും സുവിശേഷത്തിൽ പറയുന്നു. പക്ഷേ ഇതൊന്നും പലപ്പോഴും നമ്മുടെ സഭകളെ ബാധിക്കുകയില്ല. ആട്ടിൻകൂട്ടത്തിൽ നിന്നും തങ്ങൾക്കിഷ്ടമില്ലാത്തവരെ പുറത്താക്കാനാണ് അവരുടെ മേധാവി ഇന്ന് ക്രിസ്തുവിന്റെ നിയമത്തിലും രാഷ്ട്രനിയമത്തിലും പറയുന്നത്. ഭാവിയിലെങ്കിലും ഈ മുടക്കുകൾക്ക് സഭ ഒരു മുടക്ക് ഏർപ്പെടുത്തുമെന്ന് വിശ്വസിക്കാം.

●●

## 2014 നവംബർ 22ന് അഭിവന്ദ്യ ആർച്ച് ബിഷപ്പ് ജോർജ് ആലഞ്ചേരിക്ക് തുറവൂർ സെന്റ് അഗസ്റ്റിൻസ് പള്ളി പാരീഷ് കൗൺസിൽ അംഗവും, അഗസ്റ്റിൻസ് പള്ളി സെന്റ്. ജോസഫ്സ് ഫാമിലി യൂണിറ്റിന്റെ പ്രസിഡന്റും ആയ അഡ്വക്കേറ്റ് പോളച്ചൻ പുതുപ്പാറ സമർപ്പിച്ച പരാതി

*അഭിവന്ദ്യ പിതാവേ,*

അങ്കമാലി ഫൊറോന തുറവൂർ സെന്റ് അഗസ്റ്റിൻസ് പള്ളി സെന്റ് ജോസഫ്സ് ഫാമിലി യൂണിറ്റിന്റെ പ്രസിഡന്റും അതുവഴി പാരീഷ് കൗൺസിൽ മെമ്പറുമാണ് ഞാൻ. അങ്കമാലി സെന്റ് ജോസഫ്സ് ഹൈസ്ക്കൂളിൽ അധ്യാപകനായിരുന്ന ഞാൻ ജോലിയിൽ നിന്നും വോളണ്ടറി റിട്ടയർമെന്റ് എടുത്ത് അഭിഭാഷകനായത് സർക്കാരിലെ അഴിമതിക്കെതിരെ കോടതിയിൽ പോരാടാനാണ്. പള്ളി ഭരണത്തിലെ സാമ്പത്തിക അച്ചടക്കമില്ലായ്മയും അതിരൂപതാ നിയമങ്ങളും രാജ്യനിയമങ്ങളും ലംഘിക്കപ്പെടുന്നതും കാണുമ്പോൾ എനിക്കു ഞെട്ടലും വേദനയും ലജ്ജയുമാണ് ഉള്ളത്.

1. നമ്മുടെ അതിരൂപതയുടെ നിയമസംഗ്രഹത്തിൽ ഇടവകയിൽ നടത്തേണ്ടുന്ന പള്ളികണക്കുകളുടെ ഓഡിറ്റിംഗിനെ സംബന്ധിച്ച് എന്താണ് പറയുന്നത് എന്നു നോക്കാം. എറണാകുളം – അങ്കമാലി അതിരൂപതയുടെ നിയമസംഹിതയിൽ 63.8 (6) പറയുന്നു. എല്ലാ കൊല്ലവും പള്ളി തിരട്ട് ഹാജരാക്കുമ്പോൾ നാൾവഴിയും, പേരേടും ഇന്റേണൽ ഓഡിറ്ററുടെ റിപ്പോർട്ടോടുകൂടി ഹാജരാക്കണം. പള്ളിപൊതുയോഗം അംഗീകരിച്ച തിരട്ടാണ് അതിരൂപതയിൽ ഹാജരാക്കേണ്ടത്. തുറവൂർ പള്ളിയിൽ തിരട്ട് പൊതുയോഗം കൂടുന്ന പതിവ് അടുത്തകാലത്ത് നിർത്തിവച്ചിരിക്കുകയാണ്. ആരെ രക്ഷിക്കാനാണിത്? അങ്കമാലി പള്ളിയിലും, കിടങ്ങൂർ പള്ളിയിലും ചാർട്ടേർഡ് അക്കൗണ്ടന്റുമാരും റിട്ടയേർഡ് ബാങ്ക് മാനേജർമാരും അതിരൂപതാ നിയമമനുസരിച്ച് ഇന്റേണൽ ഓഡിറ്റർമാരായി നിയമിക്കപ്പെട്ടിരിക്കുന്നു എന്നതാണ് സത്യം. കഴിഞ്ഞ വർഷം തുറവൂർ പാരീഷ് കൗൺസിൽ ഇന്റേണൽ ഓഡിറ്റർമാരെ വച്ചിരുന്നു എന്നതും അവർക്ക് ഓഡിറ്റിംഗ് നടത്താൻ കണക്കു പുസ്തകങ്ങൾ കൊടുത്തില്ലാ എന്നതും മറ്റൊരു സത്യം. തുറവൂർ ഇടവക പള്ളിയിൽ ഇന്റേണൽ ഓഡിറ്റർമാർ വേണ്ട, ഞങ്ങൾ എഴുതുന്ന കണക്ക് ആരും പരിശോധിക്കേണ്ട എന്നാണ് തുറവൂർ പള്ളിയിലെ കൈക്കാരന്മാരും വികാരിയും പറയുന്നത്.

2. തുറവൂർ പള്ളിയിൽ ആഴ്ച തോറും 15,000 രൂപയോളം ഞായറാഴ്ച കുർബാന മധ്യേ നേർച്ച പിരിവ് കിട്ടുമ്പോൾ അത് കണക്കിൽ 1,000 ത്തോളം രൂപയാക്കി മാറുന്നു. മെത്രാനെ പറ്റിക്കാൻ വേണ്ടി കള്ളക്കണക്കുണ്ടാക്കുന്നവർ അവസാനം ഇടവകക്കാരെ കൂടി പറ്റിക്കുക്കയില്ലേ?

വേണ്ടത് സത്യസന്ധമായ കണക്കെഴുത്തും, കൃത്യമായ ഇന്റേണൽ ഓഡിറ്റിംഗുമാണ്, 18,00,000 രൂപാ മുടക്കി പള്ളി പാരീഷ് ഹാൾ നവീകരിച്ചു. യാതൊരുവിധമായ ഓഡിറ്റിംഗുമില്ലാതെ ഒരു പേജിൽ കണക്ക് പാരീഷ് കൗൺസിലിന്റെ മുമ്പിൽ വച്ചു. ഈ നിർമ്മാണ പ്രവർത്തനം കൃത്യമായി വിലയിരുത്തിയ ഒരു വിദഗ്ദ്ധൻ പറഞ്ഞത് 18,00,000 രൂപായുടെ പകുതികൊണ്ട് ഈ പണി നടക്കുമെന്നാണ്. ഒരു സുപ്രഭാതത്തിൽ മെത്രാനെ കൊണ്ടുവന്ന് നമ്മുടെ പാരീഷ് ഹാളിന്റെ പേര് മതബോധന ഹാൾ എന്നാക്കി പുനർനാമകരണം ചെയ്തു. സർക്കാരിനെ പറ്റിച്ച് ടാക്സ് വെട്ടിക്കാനായിരുന്നു ഈ പണി. പാരീഷ് ഹാളിൽ ഒരു മതബോധനവും നടക്കുന്നില്ല, 20,000 – 15,000 രൂപാ വാടക വാങ്ങി കല്യാണങ്ങൾ നടത്തുകയാണ് അവിടത്തെ പരിപാടി. യഥാർഥത്തിൽ മതബോധനം നടക്കുന്നത് തുറവൂരിലെ മാർ അഗസ്റ്റിൻ ഹൈസ്ക്കൂളിലാണെന്ന് തുറവൂരിലെ ഏതു കൊച്ചുകുട്ടിക്കും അറിയാം. സീസറിനുള്ളത് സീസറിനും ദൈവത്തിനുള്ളത് ദൈവത്തിനുമെന്ന് പറഞ്ഞ യേശുക്രിസ്തുവിന്റെ ശിഷ്യന്മാർ പഞ്ചായത്ത് ടാക്സും ഇൻകംടാക്സും വെട്ടിക്കുന്നു.

3. മെത്രാനെ പറ്റിക്കാൻ കള്ളക്കണക്ക്! സർക്കാരിനെ പറ്റിക്കാൻ പാരീഷ് ഹാളിന് കള്ളപ്പേര്! എന്ത് കള്ളത്തരവും നടത്താം ഏതു നിയമവും ലംഘിക്കാം എന്നല്ലേ ഇതു നൽകുന്ന സന്ദേശം. ലക്ഷ്യം പ്രാപിക്കുവാൻ ഏതു മാർഗവും സ്വീകരിക്കാം എന്ന മാർക്സിന്റെ തത്വം തുറവൂർ പള്ളിയുടെ ഭരണത്തിന് ഭൂഷണമാണോ? അടുത്തുവരുന്ന വിശുദ്ധ ആഗസ്തീനോസിന്റെ പെരുന്നാളിന് പ്രസുദേന്തിമാരെ വാഴിക്കാൻ പെരുന്നാൾ കമ്മിറ്റി തീരുമാനിച്ചിരിക്കുന്നു. പ്രധാന തിരുന്നാളിന് നിലവിലുള്ളതിൽ നിന്നും വ്യത്യസ്തമായി ഒരു പുതിയ പരിപാടി തുടങ്ങണമെങ്കിൽ ഇടവക പൊതുയോഗം അംഗീകരിക്കേണ്ടതുണ്ട്. അരമനയിൽ നിന്നും അനുവാദം വാങ്ങേണ്ടതായിട്ടുമുണ്ട്. ഇതൊന്നും ചെയ്യാതെ 200 രൂപാ വാങ്ങി പ്രസുദേന്തിമാരെ വാഴിക്കുന്നു. അവർ തലയിൽ തൊപ്പിയും മുടിയും വച്ച് ഞങ്ങൾ പെരുന്നാൾ നടത്തുന്നു എന്ന നാട്യത്തിൽ നടക്കുമ്പോൾ 500 രൂപാ പെരുന്നാൾ പിരിവ് കൊടുത്ത വിശ്വാസികൾ മണ്ടന്മാരായി മാറുന്നു.

4. ഇടവകയിൽ പുതിയതായി ആരംഭിക്കുന്ന മരണാനന്തര സഹായഫണ്ട് വിശ്വാസികളെ വിഡ്ഢികളാക്കുന്ന വേറൊരു പരിപാടിയാണ്. 3000 രൂപാ കൊടുത്ത് വരിസംഖ്യ വാങ്ങുന്നവർ സംഘടനയിലെ അംഗങ്ങളാണ്. ഇന്ത്യാ രാജ്യത്ത് ഏതു സംഘടനയിലും ജനറൽ ബോഡിയാണ് – അംഗങ്ങളാണ് – എക്സിക്യൂട്ടീവിനെ – ഭരണസമിതിയെ തിരഞ്ഞെടുക്കുന്നത്. ഇതിനുവേണ്ടി അവതരിപ്പിച്ച ബൈലോ വിചിത്രമാണ്. ബൈലോ പ്രകാരം ഭരണസമിതിയെ തിരഞ്ഞെടുക്കുന്നത് മരണഫണ്ടിന്റെ പൊതുയോഗമല്ല. പാരിഷ് സെൻട്രൽ കമ്മിറ്റിയുടെ ഭാരവാഹികൾ ഓട്ടോമാറ്റിക്കായി മരണഫണ്ട് ഭാരവാഹികളായി മാറുന്നു. നിയമ

ത്തിനും സാമാന്യബുദ്ധിക്കും നിരക്കാത്ത ഈ ഏർപ്പാടിനെ ചോദ്യം ചെയ്തപ്പോൾ തുടക്കമല്ലെ – ഒരു അഡ്ഹോക്ക് കമ്മിറ്റി അല്ലേ, എന്നൊക്കെയായി ന്യായീകരണങ്ങൾ.

5. ആഗസ്തീനോസ് പുണ്യാളന് നേർച്ചയായി കിട്ടിയ 15 മോതിരങ്ങൾ മാസങ്ങൾ ഒളിവിൽ കഴിഞ്ഞു. ലക്ഷങ്ങളുടെ ക്യാഷ് ബാലൻസ് കൈക്കാരൻ പോക്കറ്റിൽ സൂക്ഷിക്കുന്നത് തുറവൂർ പള്ളിയിൽ മാത്രം. എന്നാൽ രഹസ്യങ്ങൾ അങ്ങാടി പാട്ടുകളായി മാറുന്നു. ഏത് തട്ടിപ്പുകളെയും ന്യായീകരിക്കേണ്ടത് തന്റെ ചുമതലയാണെന്നാണ് വികാരി അച്ചന്റെ വിശ്വാസം. നമ്മുടെ ദേവാലയങ്ങൾ യേശുവിന്റെ കാലത്തെ ജറുസലേം ദേവാലയം പോലെ കച്ചവടകേന്ദ്രമായി മാറിയാൽ അതിന്റെ അനിവാര്യമായ ദുരന്തം യൂറോപ്പിലെ സഭക്കുണ്ടായ തകർച്ചയുടെ ആവർത്തനമായിരിക്കും. പെന്തക്കോസ്റ്റൽ സഭകളിലേക്കും, യഹോവ സാക്ഷികളിലേക്കുമുള്ള കത്തോലിക്കരുടെ ഒഴുക്കായിരിക്കും.

6. തുറവൂർ പള്ളിയുടെ ഈ വർഷത്തെ തിരട്ട് പള്ളിപൊതുയോഗം കൂടി അംഗീകരിക്കാതെയും, ഇന്റേണൽ ഓഡിറ്റർമാരെ നിയമിച്ച് ഓഡിറ്റിംഗ് നടത്തി ഓഡിറ്റ് റിപ്പോർട്ട് കൂടാതെയുമാണ് ഈ വർഷം അരമനയിലേക്ക് എത്തിച്ചിരിക്കുന്നത്. ഞായറാഴ്ച പിരിവിൽ 15,000 രൂപായുടെ സ്ഥാനത്ത് തുച്ഛമായ 1000-ൽ താഴെ രൂപാ മാത്രമാണ് വരവു കാണിച്ചിരിക്കുന്നത്. അതുവഴി അരമനയ്ക്ക് കിട്ടേണ്ട വിഹിതത്തിൽ ലക്ഷക്കണക്കിന് രൂപായുടെ വെട്ടിപ്പാണ് പള്ളി നടത്തിയിരിക്കുന്നത്. ഇതിനെ ന്യായീകരിക്കാൻ പറയുന്ന യുക്തികൾ ബാലിശങ്ങളാണ്. ഈ തട്ടിപ്പ് മറ്റു പല ഇടവകകളിലും ഉണ്ടത്രെ. അരമനയ്ക്കും ഇതേപറ്റി അറിവുണ്ട് അവരുടെ മൗനസമ്മതവും ഇതിനുണ്ട്.

7. ഞാൻ ഒരു വൈദിക വിദ്വേഷിയല്ല. നല്ലവരായ നമ്മുടെ വൈദീകരെ കള്ളം പറയുവാനും, കള്ളക്കണക്കുണ്ടാക്കാനും ബിഷപ്പിനെ പറ്റിക്കാനും ഇടവരുത്തുന്ന സാഹചര്യം എന്താണ്? ഈ സാഹചര്യം ഇല്ലാതാക്കാനും, അതിരൂപതാ നിയമങ്ങൾ കൂടുതൽ പ്രാക്ടിക്കലാക്കാനും കർശനമായ ഇന്റേണൽ ഓഡിറ്റിംഗ് നടത്തുവാനുമുള്ള കൽപനകൾ അങ്ങിൽ നിന്നും ഉണ്ടാകണമെന്ന് അപേക്ഷിക്കുന്നു. തുറവൂർ പള്ളിയുടെ ഉദാഹരണം എറണാകുളം അതിരൂപയിലെ പള്ളികളിലെ സാമ്പത്തിക അച്ചടക്കരാഹിത്യത്തിന്റെയും കാപട്യത്തിന്റേയും മാതൃകയാണ്. ഇത്തരം തെറ്റായ വഴക്കങ്ങളെ കർശനമായി തടയേണ്ടത് വിശ്വാസ സമൂഹത്തിന്റെ വളർച്ചയ്ക്കും ക്രൈസ്തവ സാക്ഷ്യത്തിനും ആവശ്യമാണ്. അതിരൂപതയുടെ ഭാഗത്തുനിന്ന് സത്വരമായ നടപടി പ്രതീക്ഷിച്ചുകൊണ്ട്

അഡ്വ പോളച്ചൻ പുതുപ്പാറ
Mob 9895969898, Email : advputhuppara@gmail.com

# പ്രെയ്സ് ദ ലോഡ്

## ഫാ. ജോസ് വെട്ടിക്കാട്ട്

(2015 ആഗസ്റ്റ് ലക്കം അസ്സീസി മാസികയിൽ ഇടിയും മിന്നലും എന്ന പംക്തിയിൽ ഫാ. ജോസ് വെട്ടിക്കാട്ട് എഴുതിയ ലേഖനമാണ് താഴെ കൊടുക്കുന്നത്.)

എന്നെ വിളിക്കാൻ വന്നപ്പോൾതന്നെ ഞാനവരോടു പറഞ്ഞതായിരുന്നു ഞാനവിടെ ശരിയാകത്തില്ലെന്ന്. എന്നിട്ടും നിർബന്ധിച്ചപ്പോൾ സമ്മതിച്ചു. പത്തായിരംപേരു കൂടുന്ന ഏകദിന കൺവൻഷനാണ്, വർഷങ്ങളായിട്ടു നല്ല രീതിയിൽ നടക്കുന്ന ഒന്നാണ്. അറിയപ്പെടുന്ന എല്ലാവരും തന്നെ അവിടെ വചനപ്രഘോഷണം നടത്തിയിട്ടുണ്ട്. അവിടെ ഇതുവരെയും ചെന്നിട്ടില്ലാത്ത പ്രഘോഷകരെതേടി അവരിറങ്ങിയതാണ് എന്നൊക്കെയായിരുന്നു അവരുതന്ന വിശദീകരണങ്ങൾ. അങ്ങനെ സ്റ്റെപ്പിനികളെ തപ്പിയെടുത്ത കൂട്ടത്തിൽ ഞാനും പെട്ടുകാണും എന്നു ഞാനൂഹിച്ചു.

നിശ്ചിതദിവസം പത്തുമണിമുതലുള്ള സമയമായിരുന്നു എനിക്കു തന്നിരുന്നതെങ്കിലും ഒമ്പതുമണിക്കുതന്നെ ഞാൻ സ്ഥലത്തെത്തുമ്പോൾ ഗാനശുശ്രൂഷ തുടങ്ങിയിരുന്നു. അതുകഴിഞ്ഞപ്പോൾ അന്നു പ്രത്യേകമായി പ്രാർഥനാസഹായം ചോദിച്ചിട്ടുണ്ടായിരുന്നവരുടെ നിയോഗങ്ങളൊക്കെ വായിച്ചു. തുടർന്ന് ആമുഖപ്രസംഗം ആയിരുന്നു. അവതരണം കേട്ടിട്ട് അതു നടത്തിയത് സംഘാടകരിലൊരാളായിരിക്കും എന്നു ഞാനൂഹിച്ചു. അദ്ദേഹം തുടങ്ങിയതുതന്നെ ഒരു മാസത്തിനുള്ളിലുണ്ടായ രണ്ടു ഭീകര പ്രകൃതി ദുരന്തങ്ങളെ പരാമർശിച്ചുകൊണ്ടായിരുന്നു. അവസാനത്തിന്റെ ലക്ഷണങ്ങൾ കണ്ടുതുടങ്ങിയിരിക്കുന്നു എന്ന ഭീഷണിയോടെ, മത്തായി : 24, മാർക്കോസ് : 13, ലൂക്കാ : 21 അദ്ധ്യായങ്ങളിലെ അവസാനനാളുകളെപ്പറ്റിയുള്ള യേശുവിന്റെ മുന്നറിയിപ്പുകൾ വായിച്ചും, വെളിപാട്: അദ്ധ്യായം 16-ലെ ദുരന്തങ്ങളുടെ വിവരണത്തിലെ ചില ഭാഗങ്ങൾ ആവർത്തിച്ചു വായിച്ചും, അവയ്ക്കെല്ലാം വർത്തമാനകാലസംഭവങ്ങളുമായി ഏറെ സമാനതകളുള്ളവയാണെന്നും അന്ത്യത്തിന്റെ ലക്ഷണങ്ങളാണെന്നും ശക്തമായി സ്ഥാപിച്ചു. 2004-ലെ സുനാമി മുതലിങ്ങോട്ട് കഴിഞ്ഞ പത്തുവർഷങ്ങൾക്കുള്ളിലുണ്ടായ പ്രകൃതിക്ഷോഭങ്ങളുടെയും മലേഷ്യൻ വിമാനം കാണാതായതിന്റെയും, ഐ.എസ്.ഭീകരരുടെ ക്രൂരതകളുടെയും ചിത്രങ്ങൾ നിരത്തി ഒരു പതിനഞ്ചുമിനിറ്റുനേരം ദുരന്താവതരണങ്ങളുടെ പെരുമഴയായിരുന്നു.

യൗനാൻ പ്രവാചകന്റെ മുന്നറിയിപ്പു ശ്രവിച്ച്, ചാക്കുടുത്തു ചാരത്തിലിരുന്നു പരിഹാരം ചെയ്ത നിനെവെ രാജാവിനെയും ജനത്തെയും പോലെ പശ്ചാത്തപിച്ചു പരിഹാരം ചെയ്യുക, ഉപവസിക്കുക, ദശാംശം കൊടുക്കുക, ജാഗരണ പ്രാർഥന നടത്തുക, കരുണയ്ക്കുവേണ്ടി കരഞ്ഞപേക്ഷിക്കുക, അവസാനം അടുത്തെത്തിയിരിക്കുന്നു, ദൈവകോപം ശമിപ്പിക്കുക. പ്രഭാഷകൻ തുടർന്നു: മത്തായി: 16-ലെ 'കാലത്തിന്റെ ചുവരെഴുത്തുകൾ വായിച്ചറിയാൻ എന്തുകൊണ്ട് നിങ്ങൾക്കു കഴിയുന്നില്ല'

എന്ന യേശുവിന്റെ ചോദ്യം ഒന്നുകൂടി തീവ്രവേദനയോടെ ഏറ്റുപറഞ്ഞ്, നെഞ്ചുപൊട്ടിയുള്ള വിലാപത്തോടെ ആമുഖ പ്രസംഗമവസാനിക്കുമ്പോൾ മണി പത്തു കഴിഞ്ഞിരുന്നു.

ഈ വിലാപങ്ങൾക്കും ഭീഷണികൾക്കുമിടയിൽ ഓരോ മിനിറ്റുമിടവിട്ട് 'പ്രെയ്സ് ദ ലോഡ്' എന്ന അട്ടഹാസം എന്തുദ്ദേശത്തിലായിരുന്നു എന്നറിഞ്ഞുകൂടാ. പ്രത്യേകിച്ചും, ഐ.എസ്. ഭീകരർ, എത്ര നിരപരാധികളെയാണ് നിരത്തിനിർത്തി അതിക്രൂരമായി കഴുത്തറുത്തു കൊന്നത് എന്ന് ചോദിച്ചുകഴിഞ്ഞ്, ഒരു മൂന്നാലു പ്രാവശ്യമെങ്കിലും അത്യുച്ചത്തിൽ 'പ്രെയ്സ് ദ ലോഡ്' പറഞ്ഞപ്പോൾ മുമ്പിലിരുന്ന ജനം മുഴുവൻ അയാളോടൊപ്പം അതേറ്റുപറയുന്നതു കേട്ടപ്പോൾ എന്റെ ഞരമ്പാകെ വരിഞ്ഞുമുറുകി. നിരപരാധികൾ ദാരുണമായി കൊലചെയ്യപ്പെടുന്നതു പറഞ്ഞപ്പോഴാണല്ലോ, കഥയറിയാതെ ആട്ടം കാണുന്ന ഈ ജനം ആർത്തു സ്തുതിപാടിയത് എന്നോർത്തപ്പോൾ വല്ലാത്തൊരു പിരിമുറുക്കം ഉള്ളിൽ, തൊട്ടു പിന്നാലെ സ്റ്റേജിൽ കയറിച്ചെന്ന് ഇവരോടുതന്നെ സംസാരിക്കേണ്ട ഞാൻ, ഉടൻതന്നെ വിട്ടുപോകണമോ, അതോ 'ചാവേറാ'കണമോ എന്ന ശങ്കയിലായി. ജനം 'പ്രധാന പ്രഭാഷകനെ' പ്രതീക്ഷിച്ച് പ്രാർഥനാ ഗാനം തുടങ്ങിക്കഴിഞ്ഞിരുന്നു.

രണ്ടു മണിക്കൂർ സംസാരിക്കാനുള്ള സന്ദേശം മനസ്സിൽ ചിട്ടപ്പെടുത്തിക്കൊണ്ടായിരുന്നു ഞാൻ ചെന്നത്. ആമുഖപ്രഭാഷണത്തിൽ പറഞ്ഞതെല്ലാം കേട്ടതോടെ ഉള്ളിൽ ചിട്ടപ്പെടുത്തിയിരുന്നതെല്ലാം തെറ്റി. ലോകാവസാനം കാത്തിരിക്കുന്ന ഈ ജനത്തിന്റെ മുമ്പിൽചെന്നുനിന്ന് 'മരിച്ചവരുടെ ഒപ്പീസ്' ഒരെണ്ണമങ്ങുപാടിയാലോ എന്നായിരുന്നു ആദ്യം തോന്നിയത്.

ഞാൻ കയറിചെന്നപ്പോൾ ജനമെഴുന്നേറ്റു. പ്രസംഗപീഠത്തിലെത്തി പരിശുദ്ധാത്മാവിന്റെ ഗാനത്തിനു തുടക്കമിട്ടു. എല്ലാവരും പാടിക്കൊണ്ടിരിക്കുമ്പോൾ എങ്ങനെയൊന്നു തുടങ്ങും എന്നൊരു വെപ്രാളത്തിലായിരുന്നു ഞാൻ. കുനിഞ്ഞുനിന്ന് ആലോചിക്കുമ്പോൾ കണ്ണെത്തിയത് പീഠത്തിന്റെ താഴത്തെത്തട്ടിൽ നിവർത്തിയിട്ടിരുന്ന ദീപികപത്രത്തിന്റെ ചരമവാർത്തപ്പേജിൽ. പാട്ടുകഴിഞ്ഞ് ഒരു ചെറിയ പ്രാർഥനയും ചൊല്ലിയശേഷം താഴേപ്പടിയിൽനിന്നും പത്രമെടുത്തു. തീയതിനോക്കി, രണ്ടാഴ്ച മുമ്പത്തെ ഒരു ചൊവ്വാഴ്ചയിലെ പത്രമായിരുന്നു. എല്ലാവരുടെയും മുമ്പിൽ ഞാനത് നിവർത്തി ഉയർത്തിപ്പിടിച്ചു.

"ഇതു കഴിഞ്ഞതിന്റെ മുമ്പിലത്തെ ചൊവ്വാഴ്ചത്തെ ദീപികപത്രമാണ്. നിങ്ങളുകാണുന്നത് ചരമവാർത്തകൾ ഫോട്ടോസഹിതമുള്ള പേജാണ്. ഇതിൽകാണുന്ന ഇത്രയുംപേരുടെ ലോകം ആ തിങ്കളാഴ്ച അവസാനിച്ചു. അതുകൊണ്ടാണല്ലോ ചൊവ്വാഴ്ചത്തെ പത്രത്തിൽ അവരുടെ ഫോട്ടോസഹിതം ഈ വാർത്ത വന്നത്. ഇങ്ങനെ ദിനംപ്രതി എത്രയോ പേരുടെ ലോകം അവസാനിക്കുന്നു. ഇന്നല്ലെങ്കിൽ നാളെ നമ്മുടെ ഓരോരുത്തരുടെയും ലോകവുമവസാനിക്കും, തീർച്ച. നീണ്ടുനിവർന്നു കിടക്കയിൽ കിടന്നായിരിക്കുമോ, വഴിയേപോകുമ്പോൾ വണ്ടിതട്ടിയായിരിക്കുമോ,

ഐ.എസ്. ഭീകരർ കഴുത്തുകണ്ടിച്ചിട്ടായിരിക്കുമോ എന്നൊന്നും നമുക്കു നിശ്ചയമില്ല എന്നു മാത്രം."

ഞാനത്രയും പറഞ്ഞുകഴിഞ്ഞപ്പോൾ ആരാണ്ടോ ഇടയ്ക്കിരുന്ന് വളരെ ഉച്ചത്തിൽ 'പ്രെയ്സ് ദ ലോഡ്' പറഞ്ഞു. ഒത്തിരിപ്പേരത് ഏറ്റുപറഞ്ഞു. അതുവരെ ഞരമ്പുപിരിഞ്ഞിരുന്ന ആർക്കൊക്കെയോ പിരിഅയഞ്ഞുതുടങ്ങി എന്നുറപ്പായിരുന്നു. അതൊന്നും ഒട്ടും ശ്രദ്ധിക്കാതെ ഞാൻ തുടർന്നു:

"കർത്താവിന്റെകാലം മുതലേ ഉണ്ടായിരുന്നു ലോകാവസാനത്തെപ്പറ്റിയുള്ള ഈ കോലാഹലം. പൗലോസ് ശ്ലീഹാപോലും ആ ധാരണയിലായിരുന്നു കുറേക്കാലം. അതുകഴിഞ്ഞ് എത്രയോ പ്രാവശ്യം ഓരോ നൂറ്റാണ്ടുകളിൽ ലോകാവസാനംവരുന്നേന്നും പറഞ്ഞ് ഓരോരുത്തരും പരക്കംപാഞ്ഞു, എത്രയോ പേര് അവരുടെ കൂടെപ്പാഞ്ഞു? എന്നിട്ടെന്തായി? ഭൂഗോളമിന്നും അതൊന്നുമറിയാത്തമട്ടിൽ ചുറ്റിത്തിരിയുന്നു. 1960-ൽ ഫാത്തിമായിലെ വെളിപ്പെടുത്തൽ പ്രകാരം ലോകാവസാനമെന്നുംപറഞ്ഞ്, തിരീം വെഞ്ചരിച്ച് കുമ്പസാരിച്ചു കുർബാനേം കൈക്കൊണ്ടു ഭക്തജനങ്ങൾ അന്ത്യംകാണാൻ ഉറക്കമിളച്ചു ഭീതിയോടെ കാത്തിരുന്നപ്പോഴും മറ്റു ലോകരെല്ലാം അവരുടെ കാര്യംനോക്കി നടന്നു. കർത്താവു വലതുകൈ പിടിച്ചിരിക്കുന്നത് രണ്ടു വിരലുയർത്തിയാണെന്നും അതിന്റെയർഥം രണ്ടായിരം വർഷമാണെന്നും അതുകൊണ്ടു രണ്ടായിരാമാണ്ടിൽ ലോകാവസാനമെന്നും പറഞ്ഞ് എന്തൊരു കോലാഹലമായിരുന്നു. എത്രയോ അച്ചന്മാരുതന്നെ അതു പ്രസംഗിച്ചു ജനത്തെ പേടിപ്പിച്ചു. അന്നുണ്ടാകാൻ പോകുന്ന കടുകട്ടിയായ അന്ധകാരത്തിൽ വെഞ്ചരിച്ച തിരിമാത്രമേ കത്തിച്ചാൽ തെളിയൂ എന്നാരൊക്കെയോ അച്ചന്മാരു പറഞ്ഞെന്നും പറഞ്ഞ് കുറേപ്പേരെങ്കിലും എന്റെയടുത്ത് തിരിവെഞ്ചരിക്കാൻ വന്നിട്ടുണ്ട്. അവരുടെ മുമ്പിൽ വച്ചു തന്നെ തിരിക്കുള്ളിലെ തുണിത്തിരി ഹന്നാൻവെള്ളത്തിൽമുക്കി കത്തിച്ചാലും തീ പിടിക്കാത്ത പരുവത്തിൽ കൊടുത്തത് കടുംകൈ ആയിപ്പോയെന്ന് ഇപ്പോൾത്തോന്നുന്നുണ്ട്. എന്നിട്ടെന്തായി, ആ തിരികത്തിക്കാൻ ഒരുവർഷംമിച്ചം ഉറക്കമിളച്ചതുമിച്ചം. ഇന്നും ഈ അണ്ഡകടാഹം നിർബാധം സൂര്യനുചുറ്റും മാന്യമായിട്ടു വലംവയ്ക്കുന്നു. അതെത്രകാലത്തേയ്ക്കെന്നു തീരുമാനിക്കുന്നത് ഭൂമിയിലിരുന്ന് അബദ്ധവിരേചന നടത്തുന്ന ദിവ്യന്മാരല്ല. അതു പിതാവിനുമാത്രമറിയാവുന്ന രഹസ്യമാണെന്നു കർത്താവുതന്നെ പറയുന്നു. തമ്പുരാന്റെ മേശപ്പുറത്ത് നമ്മളൊക്കെ ഭിത്തിയിൽ തൂക്കുന്ന 'ഗ്രിഗോറിയൻ കലണ്ടറു' മാത്രമല്ല ഉള്ളത്. ആ കലണ്ടറിനു തുടക്കമിട്ടത് 1582-ൽ മാത്രമാണ്. ആ പരിഷ്ക്കാരം വരുത്തിയത് ഗ്രിഗറി 13-ാമൻ പാപ്പായാണ്. അതിനുമുമ്പ് യേശുവിനും 45 വർഷങ്ങൾക്കുമുമ്പ് ജൂലിയസ് സീസർ ആവിഷ്കരിച്ച ജൂലിയൻ കലണ്ടറാണുണ്ടായിരുന്നത്. ഭൂരിഭാഗം രാഷ്ട്രങ്ങളും ഗ്രിഗോറിയൻ കലണ്ടർ അംഗീകരിക്കുമ്പോഴും, ലോകത്തെ പലരാജ്യങ്ങളിലും ഇന്നും മറ്റു പലതരത്തിലുള്ള കലണ്ടറു

കളാണ് പിന്തുടരുന്നത്. ലോകനിയന്താവായ തമ്പുരാന്റെ മുമ്പിൽ ഗ്രിഗോറിയൻ കലണ്ടർവച്ച് തീയതിനോക്കി ലോകമവസാനിപ്പിക്കാൻ തുനിയുന്നവരെ ഞരമ്പുരോഗികൾ എന്നല്ലാതെ എന്താണു വിളിക്കുക?

പ്രകൃതി ദുരന്തങ്ങൾ എന്നുമുണ്ടായിരുന്നു. പണ്ടൊക്കെ വാർത്താവിനിമയത്തിന്റെ പരിമിതിമൂലം ആരുമാരുമറിഞ്ഞില്ല. ഇന്നാണെങ്കിൽ അറിയാതൊന്നു തുമ്മിയാൽപോലും ഫോട്ടോസഹിതം ചന്ദ്രനിൽവരെ എത്തും. അതുകൊണ്ട് ഒരു പ്രകൃതിദുരന്തമുണ്ടായിക്കൊണ്ടിരിക്കുമ്പോൾതന്നെ അതിന്റെ സർവ തീവ്രതയോടുംകൂടെ ലോകമെമ്പാടും കൺമുമ്പിൽ കാണും. അതിനെയൊക്കെ പെരുപ്പിച്ചുകാട്ടി 'പുലിവരുന്നേ'ന്നു കാറിയിട്ടെന്താ ഗുണം? ലോകാവസാനത്തെ ഓടിച്ചുവിടാനും തമ്പുരാന്റെ കോപത്തെ ശമിപ്പിക്കാനും, ദശാംശോം കരുണപ്രാർഥനയും ഉപവാസവും ഒന്നും പോരാ, അവ വേണ്ടെന്നല്ല, പോരെന്നാണു ഞാൻ പറഞ്ഞത്. പിന്നെയെന്തുവേണം എന്ന് വളരെ തീക്ഷ്ണമായും ആത്മാർത്ഥമായും ആമുഖപ്രഭാഷകൻ നമ്മെ ഓർമ്മിപ്പിച്ചു. കാലത്തിന്റെ ചുവരെഴുത്തുകൾ നമ്മൾ വായിച്ചറിയണം. കർത്താവു പറയുന്നതുപോലെ രാവിലത്തെ ചെമ്മാനം അപകടത്തിന്റെയും അന്തിയിലെ ചെമ്മാനം പ്രശാന്തിയുടെയും സൂചനകളാണ്. ചെമ്മാനം കണ്ടാലുടനെ വിളറിപിടിക്കാനല്ല, അതിന്റെ സൂചനകൾ വായിച്ചറിഞ്ഞു ചെയ്യേണ്ടതു ചെയ്യാനാണു കണ്ണുതുറക്കേണ്ടത്.

മക്കൾ നാനാവഴിക്കു പോകുന്നെങ്കിൽ വഴിമാറ്റിക്കൊണ്ടു പോകുന്നവരെ പഴിച്ചിട്ടുകാര്യമില്ല. പഠനത്തിനും പണത്തിനും മുൻഗണന നല്കി മക്കളെ വളർത്തുമ്പോൾ അവരുടെ മുമ്പിൽ വഴികളേതായാലും തെറ്റില്ല എന്നു വരും. പ്രകൃതിയെ അളവിലധികം ചൂഷണം ചെയ്താൽ പ്രകൃതിദുരന്തങ്ങൾ തുടർക്കഥയാകും. പരിശുദ്ധ പിതാവിന്റെ പുതിയ ചാക്രികലേഖനം കാലത്തിന്റെ ചുവരെഴുത്തുകളുടെ നേർവായനയാണ്. ക്രൈസ്തവർ പീഡിപ്പിക്കപ്പെടുമ്പോൾ ഐ.എസിനെയും ആർ. എസ്. എസ്സിനെയും പ്രതിസ്ഥാനത്തു നിർത്തിയാൽ പോരാ. സ്വന്തം മനസ്സാക്ഷിയുടെ കോടതിയിൽ വിശ്വാസികൾ ഒറ്റയ്ക്കൊറ്റയ്ക്കും സഭ കൂട്ടായും സ്വയം പ്രതിസ്ഥാനത്തുനിർത്തി ഒരു വിചാരണ നടത്തണം. ഉറകെട്ടുപോയതുകൊണ്ടല്ലേ വലിച്ചെറിയപ്പെടുന്നതും ചവിട്ടി മെതിക്കപ്പെടുന്നതുമെന്ന് കണ്ടെത്തണം. മതനേതൃത്വം മൗനം പാലിക്കേണ്ടിടത്ത് വാതോരാതെ പുലമ്പിയതുകൊണ്ടല്ലേ സഭ ജീർണിക്കുന്നതെന്ന സത്യത്തിലേയ്ക്കു കണ്ണു തുറക്കണം"

പറഞ്ഞുതുടങ്ങിയപ്പോൾ ഇടയ്ക്കിടയ്ക്ക് അവിടിവിടെയായി 'പ്രെയ്സ് ദ ലോഡ്' കേട്ടെങ്കിലും ഞാൻ ഒച്ചപ്പാടില്ലാതെ പറഞ്ഞു നീങ്ങിയപ്പോൾ എല്ലാം ശാന്തമായിരുന്നു. സാവകാശം എന്റെയും സമനില വീണ്ടെടുത്ത് ഒരുങ്ങിവന്ന രണ്ടുമണിക്കൂർ വിഷയം വിളമ്പാൻ ബുദ്ധിമുട്ടുണ്ടായില്ല.

●●

## തൃശ്ശൂർ അതിരൂപത ആർച്ച് ബിഷപ്പ് മാർ ആൻഡ്രൂസ് താഴത്ത് മുമ്പാകെ ചിറ്റാട്ടുകര ഇടവക അംഗവും കേരള കാത്തലിക് ഫെഡറേഷൻ സംസ്ഥാന പ്രസിഡണ്ടും ആയ ആന്റണി ചിറ്റാട്ടുകര, ചിറ്റാട്ടുകര ഇടവക വികാരി മുഖാന്തിരം സമർപ്പിക്കുന്ന അപേക്ഷ.

'ഗോപുരം പണിയാൻ ഇച്ഛിക്കുമ്പോൾ അതു പൂർത്തിയാക്കാൻ വേണ്ടവക തനിക്കുണ്ടോ എന്ന് അതിന്റെ ചെലവ് ആദ്യമേതന്നെ കണക്കുകൂട്ടി നോക്കാത്തവൻ നിങ്ങളിൽ ആരുണ്ട്? അങ്ങിനെ ചെയ്യുന്നില്ലെങ്കിൽ അടിത്തറ കെട്ടിക്കഴിഞ്ഞ് പണി പൂർത്തിയാക്കാൻ കഴിയാതെ വരുമ്പോൾ കാണുന്നവരെല്ലാം അവനെ ആക്ഷേപിക്കും ....................... കേൾക്കാൻ ചെവിയുള്ളവൻ കേൾക്കട്ടെ' (ലൂക്കാ 14:28-35).

ചിറ്റാട്ടുകര പള്ളി പൊളിച്ച് പുതിയൊരു പള്ളി പണിയേണ്ടതുണ്ട് എന്ന രീതിയിൽ വികാരി റവ. ഫാ. റാഫേൽ വടക്കൻ ഏകദേശം 3 മാസം മുമ്പ് പള്ളിയിൽ പ്രസംഗിക്കുകയുണ്ടായി. കാരണമായി 2 കാര്യങ്ങളാണ് പറഞ്ഞത്: 1. പള്ളിയിൽ പലയിടത്തും ചോർച്ച ഉണ്ട്. 2. പള്ളിയിൽ സ്ഥലം കുറവായതിനാൽ കുർബ്ബാന സമയത്ത് കുറെ പേർ പുറത്താണ് ഇരിക്കുന്നത്.

നിലവിലുള്ള പള്ളി പൊളിച്ച് പുതിയ പള്ളി പണിയുന്നതിൽ പൊതുവെ എതിർപ്പുണ്ടെന്ന് മനസിലാക്കിയ വികാരി ഇക്കാര്യത്തെപ്പറ്റി ആലോചിക്കുവാൻ 12/07/2015 ൽ ഒരു പൊതുയോഗം വിളിച്ചു. (മുമ്പ് അന്നത്തെ വികാരി റവ. ഫാ. ആൻഡ്രൂസ് കുറ്റിക്കാട്ട് നിലവിലുള്ള പള്ളി പൊളിച്ച് പുതിയ പള്ളി പണിയുന്ന കാര്യത്തെപറ്റി രേഖാമൂലം ഒരു സർവ്വെ നടത്തുകയുണ്ടായി. എല്ലാ കാര്യങ്ങളും രഹസ്യമാക്കിവെച്ച അദ്ദേഹം ഫലപ്രഖ്യാപനം നടത്തിയത് 90% ജനങ്ങളും പുതിയ പള്ളി പണിയുന്നതിന് അനുകൂലമായിരുന്നു എന്നാണ്. എന്തോ എന്നറിഞ്ഞില്ല, അദ്ദേഹം പിന്നീട് ധൃതിപിടിച്ച് സ്ഥലം മാറി പോവുകയാണ് ഉണ്ടായത്. (12/07/2015 ന് നടന്ന പൊതുയോഗത്തിൽ ജനങ്ങൾ പൊതുവെ പള്ളി പൊളിച്ച് പുതിയ പള്ളി പണിയുന്നത് അംഗീകരിച്ചില്ല. പ്രശ്നം പഠിച്ച് ആവശ്യമാണെങ്കിൽ മൊത്തം പൊളിച്ചുമാറ്റാതെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുള്ള പോംവഴികൾ ആലോചിക്കുന്നതിനും മറ്റുമായി ഒരു അഞ്ചംഗ കമ്മിറ്റിയെ ഈ യോഗം തെരഞ്ഞെടുത്തു. കമ്മിറ്റി പ്രവർത്തനം നടത്തിവരുന്നു).

**ഞാൻ പഴയപള്ളി പൊളിച്ചു പുതിയ പള്ളി പണിയുന്നതിനും ചിലഭാഗങ്ങൾ മാത്രം പൊളിച്ച് സ്ഥലസൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും എതിരാണ്.** എന്നാൽ നിലവിലുള്ള നിർമ്മിതികളിൽ മാറ്റം വരുത്താതെ പള്ളിക്കകത്ത് സൗകര്യം വർദ്ധിപ്പിക്കുന്നതിനെപറ്റി ആലോചിക്കുന്നതിന് എതിരല്ല. ഉദാഹരണമായി പടിഞ്ഞാറേ വിങ്ങിൽ ഇപ്പോഴുള്ള

ബാൽക്കണി ബലപ്പെടുത്തുകയും വിസ്താരം കൂട്ടുകയുമാവാം. തെക്ക്, വടക്ക് വിങ്ങുകളിൽ പുതുതായി ബാൽക്കണി പണിയാം. എന്നിങ്ങനെ. പള്ളി പൊളിച്ചുപണിയെ സംബന്ധിച്ചുള്ള എന്റെ അഭിപ്രായങ്ങൾ താഴെ ചേർക്കുന്നു.

1. പള്ളി പുതുതായി പണിയുന്നതും സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതുമായ കാര്യങ്ങൾ ജനങ്ങളിൽ നിന്നും ഉയർന്നു വന്നതല്ല. ഉന്നതങ്ങളിൽ തീരുമാനമെടുത്ത് ഇടവകക്കാരിൽ അടിച്ചേൽപ്പിക്കപ്പെട്ടതാണ്.

2. 245 വർഷം പഴക്കമുള്ള പള്ളിയാണ് ഇപ്പോൾ നിലവിലുള്ളത്. ഇത് ഒരു പൈതൃക സമ്പത്താണ്. ലോകത്തിൽ തന്നെ പഴയ മാതൃകയിലുള്ള ഇത്തരം പള്ളികൾ അധികം ഉണ്ടെന്നുതോന്നുന്നില്ല. ഇത് നശിപ്പിക്കുന്നത് വരും തലമുറയോട് ചെയ്യുന്ന കൊടും ക്രൂരതയാണ്.

3. നിലവിലുള്ള നിയമങ്ങൾ അനുസരിച്ച് ഇത്രയും പഴക്കമുള്ള പള്ളി പൊളിക്കുന്നതും രൂപം മാറ്റുന്നതും പൈതൃകസംരക്ഷണ നിയമ പ്രകാരം കുറ്റകരമാണ്.

4. പുതിയ പള്ളി പണിയുന്നതിനെകുറിച്ച് വികാരി ആദ്യം പള്ളിയിൽ പ്രത്യേകമായി പറഞ്ഞ ഒരു കാര്യം പണത്തിന്റെ കാര്യത്തിൽ യാതൊരു നിർബന്ധവുമില്ല, മനസുള്ളവർ മാത്രം സംഭാവന ചെയ്താൽ മതി എന്നാണ്. (ഇങ്ങിനെയെങ്കിൽ സംഭാവന തരാൻ തയ്യാറുള്ളവരുടെ ഓഫറുകൾ വികാരിയെ രേഖാമൂലം അറിയിക്കുവാൻ ഏർപ്പാട് ചെയ്താൽ മതിയായിരുന്നു). എന്നാൽ 12/07/2015ലെ പൊതുയോഗത്തിൽ വികാരി പറഞ്ഞത് ഏറ്റവും പാവപ്പെട്ടവനും ആഴ്ചയിൽ 400 ക. വീതം പിരിവ് കൊടുക്കണം, ഇത് 5 കൊല്ലം തുടരണം എന്നുമായിരുന്നു. അപ്പോൾ ഏറ്റവും ദരിദ്രനും പള്ളിയിലേക്ക് ഒരു ലക്ഷത്തിന് മീതേ സംഭാവന ചെയ്യേണ്ടിവരും. ഇത് പുതുതായി പണിയാൻ പോകുന്ന പള്ളിയുടെ വിസ്തൃതി 10,000 ച. അടിയും ചെലവ് 8 കോടിയും ആയിരിക്കും എന്ന വികാരിയുടെ കണക്കനുസരിച്ചാണ്. എന്നാൽ 10,000 ച.അടിയുള്ള പള്ളി പണി കഴിയുമ്പോൾ 15 കോടിയിലും കൂടാനാണ് സാധ്യത. അപ്പോൾ ഏറ്റവും ദരിദ്രന്റെ പോലും വിഹിതം 2 ലക്ഷത്തിലും വളരെ കൂടുതലായിരിക്കും. ഇങ്ങിനെയാണോ സഭ ദരിദ്രന്റെ പക്ഷം ചേരേണ്ടത്?

5. പണപ്പിരിവിന് നിർബന്ധമില്ല എന്ന് ഭംഗിവാക്ക് പറഞ്ഞാലും ഇപ്പോഴുള്ള വികാരി പോയി പുതിയ വികാരി ഇടവക ഭരിക്കാൻ ആരംഭിച്ചാൽ പിരിവ് നിർബന്ധമാക്കുകയും അനാവശ്യ പ്രശ്നങ്ങൾക്കും, വ്യവഹാരങ്ങൾക്കും ഇത് ഇടവരുത്തുകയും ചെയ്യും. പനമുക്ക് പള്ളിയിൽ ഈയിടെയുണ്ടായ ആദ്യകുർബ്ബാന വിവാദം ഇവിടെ ഓർക്കാവുന്നതാണ്.

6. ആരാന്റെ കാലിത്തൊഴുത്തിൽ ജനിച്ച് ഏറ്റവും ദരിദ്രനായി ജീവിച്ച് ഏറ്റവും അപഹാസ്യനായി മരിച്ച് ആരാന്റെ കല്ലറയിൽ അടക്കം ചെയ്യപ്പെട്ട ദൈവപുത്രന്റെ വാസസ്ഥലം ഇങ്ങനെ ഭീമാകാരമായി ആഡംബരപൂർവ്വം പണിതീർക്കുന്നത് ക്രിസ്തുവിനുള്ള എതിർ സാക്ഷ്യമായി

രിക്കും. (എടപ്പള്ളി പള്ളിയുടെ ഉദ്ഘാടന അവസരത്തിൽ മാർ ആല ഞ്ചേരി ഇക്കാര്യങ്ങളെ സംബന്ധിച്ച് നടത്തിയ പരാമർശങ്ങൾ ഇവിടെ ഓർക്കുന്നത് നന്നായിരിക്കും).

7. ഇടവകകൾ തോറും ബ്രഹ്മാണ്ഡ സദൃശ്യമായ കൂറ്റൻ പള്ളി കളും സ്വർണ്ണ കൊടിമരങ്ങളും പണിയുന്നത് കത്തോലിക്കരെ സംശയ ത്തോടെ നിരീക്ഷിക്കാൻ മറ്റുമതവിഭാഗങ്ങളെ പ്രേരിപ്പിച്ചേക്കാം. ഇത് ഭാവിയിൽ അതീവ ഗുരുതരമായ പ്രശ്നങ്ങൾക്കും വഴിവെച്ചേക്കാം.

8. പള്ളിക്ക് ചോർച്ചയുണ്ടെങ്കിൽ അത് കാലാകാലങ്ങളിൽ നട ത്തേണ്ട അറ്റകുറ്റ പണികൾ നടത്താൻ ഉത്തരവാദപ്പെട്ടവർ ഉപേക്ഷ കാണിച്ചതുകൊണ്ടാണ്. ഇക്കാര്യത്തെ പറ്റി അന്വേഷിക്കേണ്ടതും വീഴ്ച വരുത്തിയവർക്കെതിരെ നടപടികൾ എടുക്കേണ്ടതുമാണ്.

9. പള്ളിയിൽ സ്ഥലം പോരാത്തതിനാൽ കുറെപ്പേർ പുറത്താണ് ഇരിക്കുന്നത് എന്നകാര്യത്തെ സംബന്ധിച്ച് പറയുകയാണെങ്കിൽ പുതിയ പള്ളികളിലും ആഘോഷദിവസങ്ങളിൽ ജനങ്ങൾ പുറത്തിരിക്കുന്നത് കാണാറുണ്ട്. ഏഷ്യയിലെ ഏറ്റവും വലിയ പള്ളി എന്ന് നമ്മൾ അഹ ങ്കാരത്തോടെ പറയുന്ന തൃശ്ശൂർ വ്യാകുല മാതാവിന്റെ പുത്തൻപള്ളി യിലും കർമ്മങ്ങൾ നടക്കുമ്പോൾ കുറെപ്പേരെ പുറത്തുകാണാം എന്നും.

10. പള്ളി പണിയുടെ കാര്യവും 12/07/15 ലെ മീറ്റിങ്ങിന്റെ കാര്യവും പള്ളികമ്മിറ്റിയിൽ ചർച്ച ചെയ്യപ്പെട്ടിട്ടില്ല എന്നറിയുന്നു. എന്തുകൊണ്ട് എന്ന ചോദ്യം അവശേഷിക്കുന്നു.

11. പുതുതായി പണിത പള്ളികൾക്കും ചോർച്ച കാണുന്നതായി കേൾക്കുന്നുണ്ട്. ഉദാ. ഒല്ലൂർ പനംകുറ്റിച്ചിറ മേരീമാതാ പള്ളിയുടെ മേൽകൂര പണികഴിഞ്ഞ് രണ്ട് കൊല്ലത്തിനകം ലക്ഷങ്ങൾ ചിലവാക്കി മുഴുവനായി പൊളിച്ചുമാറ്റി പുതിയ ഷീറ്റ് മേഞ്ഞാണ് ചോർച്ച മാറ്റിയത്.

ഒരു പ്രധാന കാര്യം ഇവിടെ ഓർക്കേണ്ടതുണ്ട്. ആരാണ് ചിറ്റാട്ടു കര പള്ളിയുടെ ഉടമ? യഥാർത്ഥ ഉടമയല്ലേ പുതിയ പള്ളി പണിയുന്ന തിന്റെ ചെലവുമുഴുവൻ  വഹിക്കേണ്ടത്? പള്ളിയുടെ ഉടമയായ അതി രൂപതാ മെത്രാൻ തന്നെ പുതിയ പള്ളിയുടെ ചെലവുമുഴുവൻ വഹിക്കു ന്നതാണ് ശരി എന്ന് പിതാവ് തന്നെ സമ്മതിക്കുമെന്ന് തോന്നുന്നു.

മറ്റൊരു നിർദ്ദേശം കൂടി എനിക്ക് സമർപ്പിക്കാനുണ്ട്. പഴയ പള്ളി പൊളിച്ച് പുതിയ പള്ളി പണികഴിയുമ്പോൾ പുതിയ പള്ളിയുടെ പ്രമു ഖസ്ഥാനത്ത് ഒരു സ്മാരക ഫലകം പ്രതിഷ്ഠിക്കാറുണ്ട്. അതിൽ തറ ക്കല്ലിടൽ തൊട്ട് വെഞ്ചരിപ്പ് വരെ നടത്തിയ മഹത്‌വ്യക്തികളുടെ പേരു കൾ തങ്കലിപികളിൽ രേഖപ്പെടുത്തിക്കാണാറുമുണ്ട്. അതിന്റെ കൂടെ പഴയ പള്ളി പൊളിക്കാൻ ഹേതുവായവരുടെ പേരുകൾ കൂടി രേഖപ്പെ ടുത്തുന്നത് ഉചിതമായിരിക്കും.

(മാർക്കോപോളോയുടെ സഞ്ചാരകുറിപ്പുകളിൽ വരെ പരാമർശിക്കപ്പെട്ടിട്ടുള്ള മുത്ത്യേമ്മയുടെ കുരിശുപള്ളിയോട് ചേർന്ന് പള്ളിയുടെ തന്നെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് ഒരു സ്വകാര്യ വ്യക്തി കയ്യേറി വീട് പണിയാൻ ഒരുമ്പെടുന്ന വിവരം അന്നത്തെ വികാരിയെ ഞാൻ അറിയിച്ചെങ്കിലും പള്ളിയുടെ സ്ഥലത്ത് ടി വ്യക്തിക്ക് വീടിന് തറക്കല്ലിട്ടുകൊടുത്തു കൊണ്ട് തന്റെ ഹൃദയ വിശാലത അദ്ദേഹം തെളിയിച്ചു! പള്ളിയുടെ സ്ഥലം സ്വകാര്യ വ്യക്തിയെ ഒഴിപ്പിച്ച് പള്ളിക്ക് വീണ്ടെടുത്ത് കൊടുത്തത് ഞാനായിരുന്നു എന്ന കാര്യം അഭിവന്ദ്യപിതാവിനെ അറിയിക്കട്ടെ).

ഇക്കാര്യങ്ങളിൽ അഭിവന്ദ്യ പിതാവിന്റെ പ്രതികരണമറിയാൻ താൽപര്യമുണ്ട്. പ്രതികരണം ഒട്ടും വൈകിക്കാതിരിക്കുന്നതിനുവേണ്ടി ഒരു കോപ്പി പിതാവിന് നേരിട്ട് അയക്കുന്നു.

ചിറ്റാട്ടുകര
06/08/2015

ആന്റണി ചിറ്റാട്ടുകര
Summer Snow, Nambazhikkad P.O.,
Mattom - 680 602- Ph: 0488 5235598

□□

(പേജ് 41-ന്റെ തുടർച്ച)

സഭയ്ക്കാവശ്യം യേശുവിന്റെ മാതൃകയിലുള്ള സഭാശ്രേഷ്ഠരെയാണ്. അജപാലകരെയാണ്, അല്ലാതെ ഗവൺമെന്റ് ശമ്പളം പറ്റുന്ന ഉദ്യോഗസ്ഥരെപ്പോലെയുള്ളവരെയല്ല. ഒരമ്മ തന്റെ കുഞ്ഞിനെ വളർത്താൻ എടുക്കുന്ന കരുതലും കാരുണ്യവും അജപാലനശുശ്രൂഷകളിൽ തിളങ്ങി പ്രശോഭിക്കേണ്ടിയിരിക്കുന്നു. "കരുണയില്ലാതെ നമുക്കിന്ന് പിടിച്ചു നിൽക്കാനാവില്ല" എന്ന പാപ്പായുടെ പ്രസ്താവന കേരളസഭയിൽ വർദ്ധമാനമായ തോതിൽ അന്വർത്ഥമായിക്കൊണ്ടിരിക്കയാണല്ലോ. സഭാനേതൃത്വം ഈ സത്യം തിരിച്ചറിയണം.

സമ്പത്ത് കൈനീട്ടിവാങ്ങിയും വെട്ടിപ്പിടിച്ചും സ്വന്തമാക്കുന്ന സഭയല്ല, മറിച്ച്, പുറമ്പോക്കിലെ ആവശ്യക്കാരിലേക്കിറങ്ങി അവരെ സമുദ്ധരിക്കാൻ ബദ്ധപ്പെടുന്ന നല്ല സമരിയാക്കാരന്റെ സഭയായി സഭ നവീകരിക്കപ്പെടണം.

കൂദാശാനുഷ്ഠാനങ്ങളെ പണസമ്പാദനമാർഗങ്ങളാക്കാനിടയാകരുത്. പാപ്പായുടെ വാക്കുകളിൽ 'വിശ്വാസികളുടെ ആത്മീയ ശുശ്രൂഷകൾക്ക് വില നിശ്ചയിച്ച്, ബോർഡുകളിൽ പരസ്യപ്പെടുത്തി, കണക്കു പറഞ്ഞ് പണം ഈടാക്കുന്ന കച്ചവട സമ്പ്രദായം മഹാപാതകമാണ്. അതിന് വിശ്വാസികൾ കൂട്ടുനിൽക്കരുത്".

ഞാൻ ചുരുക്കുകയാണ്. വളരെ സുപ്രധാനമായ നവീകരണ കാര്യങ്ങൾ മാത്രമാണിവിടെ ചൂണ്ടിക്കാട്ടിയത്. അവയോട് വിശ്വസ്തത പുലർത്താൻ എല്ലാവർക്കും കഴിയട്ടെ. ഈ സർക്കുലറിന് കടപ്പെട്ടിരിക്കുന്നത് ഡൊമിനിക്ക് സാവിയോ എഴുതി പ്രസിദ്ധീകരിച്ച "ഫ്രാൻസിസ് പാപ്പാ, ആധുനിക സഭയുടെ അപ്പസ്തോലൻ' എന്ന ഗ്രന്ഥമാണ്.

വിശ്വസ്തതയോടെ, ഫാ. ഡേവീസ് കാച്ചപ്പിള്ളി

# സഭയുടെ വളർച്ചയ്ക്കുവേണ്ടി ഒരു സർക്കുലർ

**ഫാ. ഡേവീസ് കാച്ചപ്പിള്ളി**

സഭയുടെ വളർച്ചക്കുവേണ്ടിയുള്ള ധാരാളം സർക്കുലറുകൾ വായിച്ചിട്ടുണ്ടല്ലോ. ഈ എളിയ സർക്കുലറും ലക്ഷ്യം വയ്ക്കുന്നത് സഭയുടെ വളർച്ചയാണ്. രക്ഷയുടെ അടയാളമായ കുരിശിലേക്കും ക്രൂശിതനായ ക്രിസ്തുവിലേക്കും സമർപ്പിച്ചാണ് ഇതയക്കുന്നത്. ഫ്രാൻസീസ് പാപ്പായുടെ പ്രസ്താവനകളാണ് ഇതിന്റെ ഉറവിടം.

ദരിദ്രരിൽ ദരിദ്രനായി ജനിച്ച് ദരിദ്രരെ സ്നേഹിച്ചും ദരിദ്രരെ ശിഷ്യരാക്കിയും ജീവിച്ച യേശുവിന്റെ സഭയാണിത്. ഇതൊരിക്കലും മുതലാളിത്ത സമ്പന്ന സഭയാകാൻ അനുവദിക്കരുത്. തിരുനാളുകൾ തുടങ്ങി പള്ളിപണികൾ വരെയുള്ള പ്രവർത്തനങ്ങളിൽ വിശ്വാസികൾ ഞെരുക്കപ്പെടരുത്. ദരിദ്രർ സമുദ്ധരിക്കട്ടെ. അവർ ആനന്ദിക്കാനിടയാകട്ടെ.

സഭയിലെ അജഗണമായ വിശ്വാസികളുടെ തലയിൽ അമിതഭാരങ്ങൾ ചുമത്തുന്ന ഫരിസേയശൈലികൾ "ഫ്രാൻസീസ് പാപ്പാ" യുഗത്തിൽ ഉണ്ടാകാതിരിക്കണം. സഭയിലെ ഒട്ടനവധി അസ്വസ്ഥതകൾക്ക് കാരണമാണിതെന്ന് എല്ലാവരും മനസ്സിലാക്കട്ടെ. കാനോൻ നിയമങ്ങൾ വിശ്വാസികൾക്കെതിരായി വ്യാഖ്യാനിക്കപ്പെടുന്നത് വിശ്വാസക്ഷയത്തിന് കാരണമാകുന്നുണ്ട്.

"സഭയോടൊത്ത് ചിന്തിക്കുക" എന്നതിന്റെ അർഥം മെത്രാന്മാരും പുരോഹിതരും ചിന്തിക്കുന്നത് മാത്രം ചിന്തിക്കുക എന്നല്ല, മറിച്ച് സഭയാകുന്ന വിശ്വാസികളുടെ സുഖത്തിലും ദുഃഖത്തിലും പങ്കുകാരാകുക, അവരുടെ നന്മക്കുവേണ്ടി ചിന്തിച്ച് പ്രവർത്തിക്കുക എന്നതാണ്. ഈ മഹനീയ സഭാശുശ്രൂഷക്ക് പുരോഹിതരും പുരോഹിതശ്രേഷ്ഠരും നേതൃത്വം നൽകേണ്ടിയിരിക്കുന്നു. മാർപാപ്പായുടെ മാതൃക ഉദാഹരണമായെടുക്കാം. വിധവയുടെ കുട്ടിയ്ക്ക് മാമ്മോദീസ നൽകുന്ന കാര്യത്തിൽ വികാരിയച്ചനിൽ നിന്ന് എതിർപ്പ് കിട്ടിയ വിധവയോട് പാപ്പായുടെ വാക്കുകൾ ഇപ്രകാരം : "നിന്റെ വികാരി സമ്മതിച്ചില്ലെങ്കിൽ ഞാൻ മാമ്മോദീസ നൽകും." പാപ്പായിലൂടെ വെളിപ്പെടുത്തപ്പെട്ടത് ദൈവികമനസ്സാണ്, കാനോൻ നിയമമല്ല. ഇത് സഭയിൽ പുഷ്പിക്കട്ടെ.

സഭയുടെ ഏകാധിപത്യനിലപാടിലാണ് തെറ്റ് വരികയെന്നും തന്മൂലം കൂട്ടായ്മയിൽ എടുക്കുന്ന തീരുമാനങ്ങൾക്ക് തെറ്റാവരമുണ്ട് - തെറ്റുവരില്ല - എന്നുള്ള പാപ്പായുടെ സഭാകൂട്ടായ്മാദൈവശാസ്ത്രം സഭയിൽ ദ്രുതഗതിയിൽ നടപ്പിലാക്കാനാകണം. കാരണം സഭയെന്നത് വിശ്വാസികളുടെ കൂട്ടായ്മയാണ്. അപ്രകാരമുള്ള നടപടികൾ ഉണ്ടായിരുന്നെങ്കിൽ "തലോർ പ്രശ്നം" ഉണ്ടാകില്ലായിരുന്നു. വിശ്വാസികളും സഭാശ്രേഷ്ഠരും കോടതി കയറി ക്ഷീണിക്കുമായിരുന്നില്ല. കണക്കില്ലാത്തപണം കോടതിച്ചിലവുകൾക്ക് നീക്കേണ്ടിവരില്ലായിരുന്നല്ലോ.

(തുടർച്ച പേജ് 40)

# www.josephpulikunnel.com
# സജീവമായി

ജോസഫ് പുലിക്കുന്നേലിന്റെ 83-ാം പിറന്നാളായിരുന്ന 2015 ഏപ്രിൽ 14 മുതൽ www.josephpulikunnel.com എന്ന വെബ്സൈറ്റ് ആരംഭിച്ചിട്ടുണ്ട്. വെബ്സൈറ്റിലെ പോസ്റ്റുകൾ അനുദിനം ആഗോളശ്രദ്ധയിൽ കൊണ്ടുവരുന്നതിനായി ഒരു ഫേസ്ബുക്ക് പേജും തുടങ്ങിയിട്ടണ്ട്: https://www.facebook.com/pages/Joseph-Pulikunnel/768665796562024. സന്ദർശിച്ച് like ചെയ്യുമല്ലോ.

ജാതിമതഭേദങ്ങൾക്കതീതമായി ആഗോളവ്യാപകമായി ശ്രദ്ധിക്കപ്പെടേണ്ട യേശുദർശനത്തിന് അദ്ദേഹം നൽകുന്ന വ്യാഖ്യാനങ്ങൾ 'ഓശാന' എന്ന പരിമിതമായ പ്രചാരം മാത്രമുള്ള ഒരു മാസികയിലോ അതിന്റെ വായനക്കാരിൽമാത്രമോ ആയി ഒതുങ്ങേണ്ടവയല്ല. കേരളസഭയ്ക്കും സഭാ ചരിത്രത്തിനും അദ്ദേഹം നല്കിയിട്ടുള്ളതും വരുംകാലങ്ങളിൽ നല്കാനിടയുള്ളതുമായ സേവനങ്ങൾ ചരിത്രപഠിതാക്കൾക്കും ഗവേഷകർക്കും നാളെ വിഷയമാകും.

1975 ഒക്ടോബറിൽ പ്രസിദ്ധീകരിച്ച ഓശാന മാസികയുടെ ആദ്യലക്കത്തിലെ എഡിറ്റോറിയൽ മുതൽ പുനഃപ്രസിദ്ധീകരിക്കുന്നുണ്ട്. ഓരോ ലേഖനവും രണ്ട് ഉദ്ധരണികളും വീതം പ്രസിദ്ധീകരിച്ചുകൊണ്ട് വെബ് ലേഖന പ്രകാശനം പൂർത്തിയാകാൻ അഞ്ചു വർഷത്തിലേറെ വേണ്ടിവരും. അദ്ദേഹം എഴുതിയിട്ടുള്ള മറ്റു കൃതികളും അദ്ദേഹവുമായി നടത്തപ്പെട്ടിട്ടുള്ള അഭിമുഖങ്ങളും അദ്ദേഹത്തെപ്പറ്റിയുള്ള വീഡിയോകളും എല്ലാം ഈ വെബ്സൈറ്റിൽ ഉൾപ്പെടുത്തുന്നതാണ്. എല്ലാം സമാഹരിച്ചു കഴിഞ്ഞാലും പ്രതികരണങ്ങളും പഠനങ്ങളും ഉൾപ്പെടുത്തി ഈ സൈറ്റ് സജീവമായിരിക്കും.

സഭാനവീകരണപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവർക്കും സഭാചരിത്രപഠിതാക്കൾക്കും ഏറെ പ്രയോജനപ്രദമാകണം എന്ന വ്യക്തമയ ഉദ്ദേശ്യത്തോടെ, ലേഖനങ്ങളിലെ വിഷയങ്ങൾ സൂചിപ്പിക്കുന്ന അടിക്കുറിപ്പുകളോടെ, കാലക്രമമനുസരിച്ചാണ് ഈ ലേഖനങ്ങൾ വെബ്സൈറ്റിലൂടെ പ്രസിദ്ധീകരിക്കുന്നത്.

സൈറ്റ് അഡ്മിനിസ്ട്രേഷന്റെ ചുമതല നിർവഹിക്കുന്നത് ശ്രീ. ജോസാന്റണി ആണ്. ഇതിന് സഹകരിച്ച എല്ലാവരോടുമുള്ള നന്ദി അറിയിച്ചുകൊള്ളുന്നു.

എന്ന്

പത്രാധിപസമിതി

# പ്രമേഹരോഗി ചികിത്സാ സഹായപദ്ധതി

ഗുഡ്സമരിറ്റൻ പ്രോജക്ട് ഇന്ത്യ ഓശാനമൗണ്ടിൽ നടത്തുന്ന പ്രമേഹരോഗി ചികിത്സാ സഹായപദ്ധതിയിലേക്ക് ഡിസംബർ ലക്കം ഓശാനയിൽ സംഭാവന ആവശ്യപ്പെടുകയുണ്ടായല്ലോ.

2011 നവംബർ മാസത്തിൽ ആരംഭിച്ച ഈ പദ്ധതിയിലേക്ക് ഓശാന വായനക്കാരും മറ്റുള്ളവരുംകൂടി 2015 മാർച്ച് 31-ാം തീയതി വരെ 4,43,046/- രൂപ സംഭാവനയായി തന്നു എന്ന് സന്തോഷ ത്തോടെ അറിയിക്കട്ടെ.

എല്ലാ ഓശാന വായനക്കാരും സുഹൃത്തുക്കളും ബന്ധുക്കളും ഈ ഫണ്ടിലേക്ക് കഴിവനുസരിച്ച് സംഭാവന നൽകണമെന്ന് വീണ്ടും അഭ്യർത്ഥിക്കുന്നു.

ചെക്ക്, ഡ്രാഫ്റ്റ്, മണിഓർഡർ എന്നിവ അയക്കുന്നവർ Good Samaritan Project India, Hosanna Mount, Edamattom P. O., Kottayam - 686 578 എന്ന പേരിൽ അയക്കുക.

ബാങ്കു വഴി അയക്കുന്നവർ GSPI യുടെ പേരിൽ State Bank of Travancore Pala Branch, A/c No. 67013211342, Bank Code - SBTR 0000120, South Indian Bank, Bharananganam Branch, A/c No. 0010053000005587, Bank Code - SIBL 0000010,Catholic Syrian Bank, Pala A/c No. 0153-02902944-190001, Bank Code CSBK 0000153 എന്ന നമ്പരുകളിൽ ഏതെങ്കിലും ഒന്നിൽ അയക്കുക. ബാങ്കുവഴി അയക്കുന്നവർ അവരുടെ അഡ്രസ്സും ബാങ്കിന്റെ പേരും എന്നാണ് ബാങ്ക് ട്രാൻസ്ഫർ നടന്നതെന്നുമുള്ള വിവരം നിർബ ന്ധമായും അറിയിക്കണം. Phone No. 04822- 237137, 236269; E-Mail Address : hosanna@sify.com. രസീത് ആ അഡ്രസ്സിൽ അയ യ്ക്കുന്നതായിരിക്കും.

എല്ലാ സഹകരണവും പ്രതീക്ഷിച്ചുകൊണ്ട്

ജോസഫ് പുലിക്കുന്നേൽ

'Registered' RNI Reg.No.27480/1975

## IICS പ്രസിദ്ധീകരണങ്ങൾ

1. Acts and Decrees of the Synod of Diamper Rs.150
2. ഉദയംപേരൂർ സൂനഹദോസിന്റെ കാനോനകൾ (രണ്ടാം പതിപ്പ്) എഡിറ്റർ : ഡോ.സ്കറിയ സക്കറിയ Rs.100
3. വർത്തമാനപ്പുസ്തകം (മൂന്നാം പതിപ്പ്) Rs.125
4. മാനിക്കേയൻ കുരിശു വിവാദം - വിവിധ ലേഖകർ Rs. 50
5. Personal Names of Kerala Christians ഡോ. എ.എം.മേരിക്കുട്ടി Rs.100
6. ഓശാനയുടെ 25 വർഷം: വിലയിരുത്തലുകൾ -വിവിധ ലേഖകർ Rs.80
7. ഉദയംപേരൂർ സൂനഹദോസ് ഒരു ചരിത്രവിചാരണ - " Rs.50
8. പ്രൈവറ്റ് കോളജധ്യാപകന്റെ സ്മരണകൾ (രണ്ടാം പതിപ്പ്) ജോസഫ് പുലിക്കുന്നേൽ Rs.80
9. കേരള ക്രൈസ്തവചരിത്രം - വിയോജനക്കുറിപ്പുകൾ " Rs. 70
10. കാനോൻ നിയമത്തിലെ കാണാച്ചരടുകൾ " Rs. 80
11. Identity of Nazrani Church of Kerala " Rs. 75
12. ആരാധനക്രമ വിവാദം: ഓശാനയുടെ ഇടപെടലുകൾ " Rs.125
13. പേപ്പസി - ചരിത്രപരമായ ഒരു പഠനം " Rs. 50
14. RSS-Christian Perspective Meet-a team of Speakers Rs.100
15. The Liturgy, Hierarchy & Spirituality of St.Thomas Christians in the Pre-portuguese period - a study Joseph Pulikunnel Rs. 25
16. ഓശാനയുടെ എഡിറ്റോറിയലുകൾ (ഭാഗം ഒന്ന്) -ജോസഫ് പുലിക്കുന്നേൽ Rs.120
17. ഓശാനയുടെ എഡിറ്റോറിയലുകൾ (ഭാഗം രണ്ട്) " Rs.120
18. യേശുവും സഭയും -ജോർജ് മൂലേച്ചാലിൽ Rs. 80

## ലഘുഗ്രന്ഥങ്ങൾ

1. നമ്മുടെ കത്തനാരന്മാർ കൽദായകുർബാന ചൊല്ലിയിരുന്നോ? Rs.3
2. അൽമായ-പുരോഹിത സംവാദം (ഒരു സംഘം അൽമായ-പുരോഹിത ലേഖകർ) Rs. 10